# സഖാവ്
മാസിക

പുസ്തകം 14
ലക്കം 4
2023 ഏപ്രിൽ
വില ₹20

**സിപിഐ(എം.എൽ.) റെഡ്സ്റ്റാർ**
**മുഖപത്രം**



**Sagavu Magazine**
Owned, Printed &
Published by
K. Sivaraman
Kunnambath House
Krishnapuram, Green Park
P.O. Ollukkara,
Thrissur, Kerala - 680 655

*Editor*
M P Kunhikanaran

*Managing Editor*
T.C. Subrahmanyan



*Editorial Board*
M.K.Dasan
P.N. Provint
K.V. Prakash



Manager
Sagavu
Ambles,2nd Floor, Amulya Street
Banarjee Road, Kochi - 682018
Phone : 9447607290
94471 53507
email : sakhavumonthly@gmail.com
cpimlkerala@gmail.com
website : www.cpimlredstarkerala.com

*Layout & Cover :*
Suresh Janardhanan

*Printing :*
Cherrys Printers,
LFC Road, Kaloor, Kochi
Kerala -687017, India


## ഉള്ളടക്കം


**മുഖപ്രസംഗം** 4

പി.ജെ. ജയിംസ്
**പ്രതിപക്ഷ ഐക്യം പ്രതീക്ഷ നൽകുന്നത്** 6

കെ.എൻ. രാമചന്ദ്രൻ
**സിപിഐ (എംഎൽ) രൂപീകരണത്തിന്റെ 54 – ാം വാർഷികം:** 11

കെ.ആർ. മീര
**മധുമാഷ്** 13

**സിപിഐ(എംഎൽ) റെഡ്സ്റ്റാർ രാഷ്ട്രീയപ്രമേയം** 15

ടി.സി. സുബ്രഹ്മണ്യൻ
**ഹരിതകർമ്മസേനയും തൊഴിൽമേഖലയിലെ സ്വകാര്യവൽക്കരണവും** 20

**ഡോ. ബി.ആർ. അംബേദ്ക്കർ** 24

**പി.സി. കുറുമ്പ അനുസ്മരണം** 28

**സംഘടനാവാർത്തകൾ**

# നവ ഫാസിസം തീർക്കുന്ന തടവറകളിൽ ജനാധിപത്യത്തിന്റെ മരണമണി മുഴങ്ങുന്നു

കർണ്ണാടകയിൽ മാണ്ഡ്യ ജില്ലയിലെ കനകപുര താലൂക്കിൽ സത നൂരിന് സമീപം ഒരു വാഹനത്തിൽ കാലികളെ കൊണ്ട് പോവുകയായിരുന്ന ഇന്ദ്രീഷ് പാഷാ എന്ന ചെറുപ്പക്കാരനെ നിഷ്ഠൂരമായി കൊലപ്പെടുത്തുകയും മൂന്ന് പാവപ്പെട്ട മുസ്ലീങ്ങളെ ആക്രമിക്കുകയും ചെയ്തത് ഈ ആഴ്ചയിലാണ്. പശു സംരക്ഷണത്തിന്റെ പേരിൽ മനുഷ്യരെ കൊല്ലുന്ന ഗോ സംരക്ഷകരായ ഗുണ്ടകൾക്ക് സംരക്ഷണം നൽകി ന്യൂനപക്ഷ മത വിഭാഗങ്ങൾക്ക് എതിരായ കൊലവിളികൾ ഉയർത്തി തെരുവുകളിൽ ഫാസിസം രഥയാത്രയിലാണ്.

സംഘ പരിവാർ ആർക്കുവേണ്ടിയാണ്ഗോസംരക്ഷണമെന്ന നാടകം പരിശീലിപ്പിച്ച് കാപാലികരായ അനുചരരെ ഇറക്കി വിട്ടിരിക്കുന്നത്? രാജ്യത്ത് ബീഫ് കയറ്റുമതി വ്യാപാരത്തിൽ സമ്പൂർണ ആധിപത്യം പുലർത്തുന്ന കാലി മാംസ കയറ്റുമതി കുത്തകകൾക്ക് പ്രാദേശിക മാർക്കറ്റുകൾ കൈക്കലാക്കാൻ കണ്ടെത്തിയ എളുപ്പ മാർഗ്ഗമാണ് രാജ്യത്തെങ്ങും സംഘ പരിവാർ നടത്തുന്ന ഇത്തരം ഗോസംരക്ഷണത്തിന്റെ മറവിലുള്ള കൊലപാതകങ്ങൾ.

രാജ്യത്ത് നിലനിൽക്കുന്ന ഭരണഘടനയുടെയും, ഭരണഘടന വിഭാവനം ചെയ്യുന്ന പൗരാവകാശങ്ങളുടേയും,മൗലികാവകാശങ്ങളുടേയും അടിവേരറുത്ത് കൊണ്ടു മാത്രമെ വ്യത്യസ്ത ഭാഷാ, സംസ്കാരിക പൈതൃകങ്ങളാൽ ഒരു പരിധി വരെ സമ്പന്നമായ നമ്മുടെ രാജ്യത്തെ തകർക്കുവാനും, ജനകീയമായ ഐക്യത്തെ ഇല്ലാതാക്കാനും കഴിയൂ എന്നത് ഹിന്ദുത്വ നവ ഫാസിസ്റ്റ് ശക്തികൾ തിരിച്ചറിഞ്ഞു കഴിഞ്ഞ പാഠമാണ്.

ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി ഇന്ത്യയെ ഹിന്ദു രാഷ്ട്രമായി പ്രഖ്യാപിക്കാനുള്ള കരുക്കൾ ആസൂത്രിതമായി തന്നെ ആർ.എസ്സ്.എസ്സ് ആരംഭിച്ചു കഴിഞ്ഞു. 2024 ൽ സംഘപരിവാർ ബി.ജെ.പിയുടെ ഏകപക്ഷീയമായ തെരഞ്ഞടുപ്പു വിജയം ലക്ഷ്യം വെക്കുന്നു.

മത ന്യൂനപക്ഷങ്ങൾക്കെതിരെ കടന്നാക്രമണങ്ങൾ നടത്തി കൊണ്ട്, അവരെ അരക്ഷിതത്വത്തിലും ഭീതിയിലും നിലനിർത്തേണ്ടത് അവർക്ക് ആവശ്യമാണ്. കേരളത്തിലെ ക്രിസംഘികളുടെ സ്വാർത്ഥ താല്പര്യങ്ങൾക്ക് പ്രഹരമേൽപ്പിച്ചു കൊണ്ട് വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ സംഘ പരിവാർ ശക്തികളാൽ 300 കൃസ്ത്യൻ ആരാധനാലയങ്ങളാണ് തകർക്കപ്പെട്ടത്. മുസ്ലീം ജനവിഭാഗത്തിന്റെ വിശ്വാസത്തിന്റെ ഭാഗമായ : റമദാൻ മാസം തന്നെ തിരഞ്ഞെടുത്തു കൊണ്ട് മുമ്പെങ്ങും ഇല്ലാത്ത വിധം പള്ളികൾക്കും മദ്രസ്സകൾക്കും എതിരെ അക്രമണം അഴിച്ചു വിട്ടിരിക്കുന്നതും ഇതിന്റെ ഭാഗമാണ്. ഭാഷാ ന്യൂനപക്ഷങ്ങളെയും, മത ന്യൂനപക്ഷങ്ങളെയും സംഘ പരിവാർ കൈകാര്യം ചെയ്യുന്നതിന്റെ മാതൃകകളാണ് ഇവ.

രാജ്യത്തെ 10 ശതമാനത്തോളം വരുന്ന ആദിവാസികളുടെ ആവാസമേഖലകൾ ശതകോ

ടികൾ വിലമതിക്കുന്ന പ്രകൃതി വിഭവങ്ങളുടെ കലവറയാണ്. എസ്സാറിനും വേദാന്തക്കും ഇത് കുത്തി ചോർത്തി കൊണ്ടുപോകണമെങ്കിൽ അമ്പും വില്ലുമായി സ്വയം പ്രതിരോധത്തിന്റെ ആയുധമണിയുന്ന ആദിവാസി സമൂഹത്തെ വംശഹത്യയിലേക്ക് തന്നെ വലിച്ചെറിയേണ്ടതുണ്ട്.. കർഷകരുടെ ചെറുത്ത് നിൽപ്പു പോലെ ചെങ്കൊടി തണലിൽ ആദിവസി സമൂഹവും അതിജീവനത്തിനായി ചെറുത്ത് നിൽപ്പ് സമരം ആരംഭിച്ചു കഴിഞ്ഞു.

സമ്പദ്ഘടനയുടെ തകർച്ച ജനജീവിതത്തെ മുച്ചൂടും തരിപ്പണമാക്കിക്കഴിഞ്ഞു. സാമ്പത്തിക മാന്ദ്യം കുടുംബ ചിലവുകളെപ്പോലും ഞെരുക്കുന്നതായി റിസർവ് ബാങ്ക് സർവ്വേ തന്നെ വെളിപ്പെടുത്തിയിരിക്കുന്നു. ബഹു ഭൂരിപക്ഷത്തിന്റേയും സ്വകാര്യ ഉപഭോഗ ചെലവ് (private final consumption expenditure ) തുടർച്ചയായി വൻ രീതിയിൽ കുറഞ്ഞു കൊണ്ടേയിരിക്കുന്നു. ഭക്ഷ്യ എണ്ണകളടക്കം ഭഷ്യവസ്തുക്കളുടെ വിലക്കയറ്റവും നിത്യോപയോഗ വസ്തുക്കളുടെ വില നിലവാരവും ഉയർന്നു കൊണ്ടേയിരിക്കുന്നു.

പാചകവാതക ഇന്ധനത്തിന്റെ വില പിടിച്ചു നിർത്തുമെന്ന് രാജ്യത്തിലെ വീട്ടമ്മമാർക്ക് കൊടുത്ത വാഗ്ദാനം ലംഘിക്കപ്പട്ടു എന്നു മാത്രമല്ല അത് എത്രയോ മടങ്ങ് വർദ്ധിപ്പിച്ചിരിക്കുന്നു. രൂക്ഷമായ തൊഴിലില്ലായ്മയും കാർഷിക മേഖലയിലെ പ്രതിസന്ധികളും സമ്പത്തുത്പാദനത്തിന്റെ സമസ്ത മേഖലകളെയും ചലന രഹിതമാക്കിയിരിക്കുന്നു. തൊഴിലാളി വർഗ്ഗത്തിന് മേലുള്ള മൂലധന ശക്തികളുടെ കനത്ത പ്രഹരങ്ങൾക്ക് ആക്കം കൂട്ടികൊണ്ടേയിരിക്കുന്നു.

തൊഴിൽ നിയമ ഭേദഗതികൾ എന്ന ലക്ഷ്യത്തിലൂന്നി പരിഷ്കാരങ്ങൾ എന്ന നിലയിൽ പുതിയ ലേബർ കോഡുകൾ: വരുന്നു. 'കോഡ് ഓൺ വേജ് .നിയമങ്ങളിലൂടെ നേടിയെടുത്ത തൊഴിലവകാശങ്ങൾ പോലും തൊഴിലാളിക്ക് നഷ്ടമാകുന്നു. തൊഴിലാളി ഒരു ദിവസം പണി മുടക്കിയാൽ എട്ടു ദിവസത്തെ കൂലി തിരിച്ചുപിടിക്കാൻ അത് മുതലാളിക്ക് അനുമതി നല്കുന്നു.

രാജ്യത്തിന്റെ വിഭവങ്ങൾ അദാനി -അംബാനി മാർക്ക് കൊള്ള ചെയ്യാൻ യാതൊരു മറയുമില്ലാതെ തുറന്നിട്ടതിന്റെ ഫലമാണിവ.കാർഷിക മേഖലയും കോർപ്പറേറ്റുകൾക്കായി തുറന്നിട്ടിരിക്കുന്നു. കാർഷിക സമ്പദ്ഘടനയിലേക്ക് തിരിച്ചുവിട്ട മൂലധനം കർഷകനെ ആത്മഹത്യയുടെ വക്കിലെത്തിക്കുന്നു.

രാജ്യത്തിന്റെ സമ്പത്ത് കൊള്ളയടിച്ച് വിദേശങ്ങളിലേക്ക് മുങ്ങിയ രാജ്യദ്രോഹികളായ ഏതാനും മോദി മാരെക്കുറിച്ചാണ് രാഹുൽ ഗാന്ധി സംസാരിച്ചത്. രാജ്യദ്രോഹ മോദി മാരുടെ സംരക്ഷകനും ഗുരുവുമായ നരേന്ദ്ര മോദിയോട് ചില ചോദ്യങ്ങൾ തുടർച്ചയായി രാഹുൽ അടുത്തീയിടെയാണ് ചോദിച്ചു തുടങ്ങിയത്. എന്താണ് സംഭവിച്ചത് ? മോദി സമുദായത്തിന് അപകീർത്തികരമായ പ്രസ്താവന നടത്തി എന്നാരോപിച്ച് സൂറത്തിൽ ഒരു തുക്കിടി സായിപ്പായ മജിസ്ട്രേട്ട് രാഹുലിന് ശിക്ഷ വിധിച്ചു. മോദി സമുദാ/ത്തോട് മാപ്പ് പറയണമെന്ന ആവശ്യത്തോട് രാഹുൽ ഗാന്ധി ഇങ്ങനെ പ്രതിവചിച്ചു. : മാപ്പുപറയാൻ ഞാൻ സർവർക്കറല്ല. സംഘ പരിവാറിന്റെ വഞ്ചനാപരമായ ചരിത്രത്തെ ഇത് ഒരിക്കൽ കൂടി ഓർമ്മയിൽ കൊണ്ടുവന്നു. വിധി കേൾക്കേണ്ട താമസം രാഹുൽ ഗാന്ധിയുടെ പാർലിമെന്റംഗത്വം റദ്ദാക്കിക്കളഞ്ഞു !

നരേന്ദ്ര മോദിക്ക്, സംഘപരിവാറിന് ചങ്ങാത്ത മുതലാളിത്ത ശക്തികളെ പ്രീണിപ്പിക്കാതെ മുന്നോട്ട് പോവുക സാധ്യമല്ല. ഇവിടെയാണ് രാജ്യം നേരിടുന്ന അപകടത്തെ നാം തിരിച്ചറിയേണ്ടത്. ഫാസിസം ഇനിയും ഇറങ്ങി പുറപ്പെട്ടിട്ടില്ലന്ന് സ്വയം സമാശ്വസിപ്പിക്കുന്ന ശക്തികളുടെ മൂലധന പാദസേവയെ തിരിച്ചറിയേണ്ടത്. രാഹുൽ ഗാന്ധിയുടെ പാർലിമെന്റു അംഗത്വം റദ്ദാക്കിയതിനെതിരെ 17 പ്രതിപക്ഷ പാർട്ടികൾ രംഗത്തിറങ്ങിയത് ഒരു നല്ല തുടക്കമായി ഞങ്ങൾ വിലയിരുത്തുന്നു. കൊച്ചു ത്രിപുരയുടെ ഗ്രാമീണ മേഖലകളിൽ ചുടല നൃത്തം ചവിട്ടുന്ന സംഘപരിവാർ ശക്തികളെ ചവുട്ടി പുറത്താക്കാൻ, പ്രാദേശിക ആദിവാസി സംഘടനയുമായ് ഒരു ചെറിയ നീക്കുപോക്കുണ്ടാക്കിയാൽ സി പി ഐ എം ന് കഴിയുമായിരുന്നു. പക്ഷെ അതുണ്ടായില്ല. കേരളത്തിൽ അദാനിമാരെയേയും അംബാനിമാരെയും തോളിലേറ്റി നടക്കുന്ന പിണറായി ശിങ്കിടികളിൽ നിന്നു അത് പ്രതീക്ഷിക്കുക സാധ്യമല്ല.

സംഘപരിവാർ ശക്തികളെ ചവുട്ടിപ്പുറത്താക്കാൻ, അതുകൊണ്ടു തന്നെ കോർപ്പറേറ്റ് ശക്തികൾക്ക് രാജ്യത്തെ അടിയറ വെച്ച് കൊണ്ട് രഥയാത്ര ചെയ്യുന്ന നവ ഫാസിസത്തിനെതിരായി സാധ്യമായത്രയും വിപുലമായ ഐക്യത്തെ നാം ലക്ഷ്യം വെക്കണം. ഇന്ദ്രിഷ് പാഷമാരുടെ മരണം ഇത് ആവശ്യപ്പെടുന്നു. .അതാകട്ടെ നവ ലിബറൽ നയങ്ങൾക്കും കോർപ്പറേറ്റ് ശക്തികൾക്കുമെതിരെ വളർത്തിയെടുക്കേണ്ട വിപ്ലവ ഇടതുപക്ഷ മുൻകൈ വികസിപ്പിച്ചു കൊണ്ടും, കോർപ്പറേറ്റ് മൂലധനത്തിന്റെ പൽ ചക്രങ്ങളിൽ പിടയുന്ന അദ്ധ്വാനിക്കുന്ന വർഗ്ഗത്തിന്റെ സമരങ്ങൾക്ക് വിട്ടുവീഴ്ചയില്ലത്ത നേതൃത്വം ഏറ്റെടുത്ത് കൊണ്ടും ആയിരിക്കണം. ഈ കടമകൾ പരസ്പര ബന്ധിതമായി നിർവ്വഹിക്കണം.

■




പി.ജെ. ജയിംസ്

# രാഹുലിന് ഐക്യദാർഢ്യം; പ്രതിപക്ഷ ഐക്യം പ്രതീക്ഷ നൽകുന്നത്

കഴിഞ്ഞദിവസമാണ് പാർലമെന്റിന് മുന്നിലും വിജയ് ചൗക്കിലുമായി പതിനഞ്ചോളം പ്രതിപക്ഷ പാർട്ടികൾ പങ്കെടുത്ത ധർണ നടന്നത്. കുറച്ചു ദിവസങ്ങൾക്ക് മുൻപുണ്ടായ നിരാശാജനകമായ അവസ്ഥയിൽനിന്നും പ്ര തീക്ഷാ നിർഭരമായ അവസ്ഥയിലേക്കു ണ്ടായ ഒരു മാറ്റമാണത്. പ്രത്യേകിച്ച് പാർലമെന്ററി നേതൃത്വം പരസ്പരം ഏറ്റുമുട്ടിക്കൊണ്ടിരുന്ന അവസ്ഥയിൽനിന്ന്. മൂന്നാം മുന്നണിയെന്ന് ഒരു വിഭാഗം പറയുകയും കോൺഗ്രസ്സ്നേതൃത്വം അതിനെതിരായി വ്യത്യസ്തമായ സമീപനം സ്വീകരിക്കുകയും ചെയ്ത സാഹചര്യമായിരുന്നു നിലനിന്നിരുന്നത്. അതെല്ലാം മാറി ഒരു ഐക്യം രൂപപ്പെട്ടിട്ടുണ്ട്. ഇന്ത്യയെ സംബന്ധിച്ചിടത്തോളം പാർലമെന്ററി പ്രതിപക്ഷത്തിന്റെ ഐക്യം പ്രകടമായിട്ടുണ്ട്. അത് സ്വാഗതാർഹമായ കാര്യമാണ്. പക്ഷേ, പാർലമെന്റിനു മുന്നിലെ പ്രതിഷേധ പരിപാടിക്കു ശേഷം സി.പി.എം ജനറൽ സെക്രട്ടറിയുടെ പ്രസ്താവന വന്നു, 2024 ൽ വിശാല സഖ്യം ഉണ്ടാകില്ല എന്ന്. മറിച്ച്, സംസ്ഥാനതലത്തിലെ സാഹചര്യങ്ങൾക്കനുസരിച്ചായിരിക്കും ഐക്യമുണ്ടാവുകയെന്ന്. അതിന്റെ അർഥം ഇതിൽനിന്നും വീണ്ടും അവർ പാഠം പഠിക്കുന്നില്ല എന്നുതന്നെയാണ്.

ഇന്ത്യയിലെ ഫാഷിസ്റ്റ് ഭരണത്തിനെതിരായ ശക്തമായ ഒരു പ്രതിരോധം ഉയർത്തിക്കൊണ്ടുവരുന്നത് തന്റെ നിലപാടുകളിലൂടെ രാഹുൽ ഗാന്ധി തന്നെയാണ്. മറ്റു കോൺഗ്രസ്സ് നേതാക്കളെല്ലാം തന്നെ നിശബ്ദരാവുകയോ മൃദു ഹിന്ദുത്വസമീപനം സ്വീകരിക്കുകയോ ചെയ്യുമ്പോഴാണ് രാഹുൽഗാന്ധി വളരെകാലമായി സ്ഥിരതയുള്ള നിലപാട് എടുക്കുന്നത്. അതുകൊണ്ടുതന്നെയാണ് രാഹുലിനെതിരായ മോദിയുടെ പടയൊരുക്കവും. 2019 ലെ ലോക്സഭ തെരഞ്ഞെടുപ്പിന്റെ സമയത്ത് കർണാടകത്തിലെ കോലാറിൽ വെച്ച് നടന്ന പൊതു യോഗത്തിലാണ് രാഹുൽ ഗാന്ധിയുടെ ലോക്സഭാംഗത്വം അയോഗ്യതയിലേക്ക് നയിച്ച പരാമർശമുണ്ടായത്. ലളിത് മോദി മുതൽ നീരവ്മോദിവരെയുള്ള കള്ളൻമാർക്ക് എന്തുകൊണ്ടാണ് മോദി എന്ന കുടുംബപ്പേര് ഉണ്ടാകുന്നത് എന്ന, സാധാരണ രാഷ്ട്രീയപ്രവർത്തകരുടെ പ്രസംഗങ്ങളിൽ ഉണ്ടാകാവുന്ന ഒരു പരാമർശമാണ് രാഹുലിന്റെ പ്രസംഗത്തിലും ഉണ്ടായത്. കാരണം, ലളിത് മോദിയും നീരവ്മോദിയുമൊക്കെതന്നെ പതിനായിരക്കണക്കിന്കോടി രൂപ വെട്ടിപ്പ് നടത്തി രാജ്യം വിട്ടവരാണ്. ഇതിലെല്ലാം ഉത്കണ്ഠയുള്ള ഏതൊരു രാഷ്ട്രീ യനേതാവും പറയാവുന്നതേ രാഹുലും പറഞ്ഞിട്ടുള്ളൂ. അത് പറയുന്നത് രാജ്യദ്രോഹമാണെന്നും അത് പ്രധാനമന്ത്രിക്കെതിരാണെന്നും പറയുന്നതിനെയൊക്കെ തന്നെയാണ് ഫാഷിസം എന്നു പറയുന്നത്. ആ വിഷയം ചികഞ്ഞെടുത്ത് കർണാടകത്തിൽ നിന്ന് സൂറത്തിൽ കൊണ്ടുവന്നാണ് രാഹുലിനെതിരായ ഒരു വിധി സമ്പാദിച്ചത്. അതേസമയം, രാഹുൽ നടത്തിയ പരാമർശത്തേക്കാൾ വളരെ മോശമായ കമെന്റുകൾ നടത്തിയ വ്യക്തിയാണ് ഇന്ത്യയുടെ പ്രധാനമന്ത്രി മോദി. അദ്ദേഹം ഗുജറാത്തിൽ നടത്തിയ ഒരു പ്ര സംഗത്തിൽ സോണിയ ഗാന്ധി ജേഴ്സിപ്പശു ആണെന്നും രാഹുൽഗാന്ധി സങ്കര ഇനമാണെന്നും ഉള്ള പ്രസ്താവന



നടത്തിയതായി മാധ്യമങ്ങൾ റിപ്പോർട്ട്ചെയ്തിട്ടുണ്ട്. അത്തരത്തിൽ വളരെ തരം താഴ്ന്ന പരാമർശങ്ങൾ നടത്തിയ വ്യക്തിയാണ് മോദി.

വിധി വന്നതിന്റെ അടിസ്ഥാനത്തിൽ പാർലമെന്റ് സെക്രട്ടേറിയറ്റ് അടിയന്തരമായി കൂടി രാഹുലിന്റെ ലോക്സാഭാംഗത്വത്തിന് അയോഗ്യത കൽപിച്ചത് കേട്ടു കേൾവിയില്ലാത്ത സംഭവമാണ്. അത് കൃത്യമായ ഒരു അജണ്ടയുടെ ഭാഗമാണെന്ന് ആർക്കും മനസ്സിലാകും. കാരണം, സാധാരണ ഉത്തരവാദിത്തപ്പെട്ട ഒരു കോടതി, ഇത്തരം കേസ് വന്നു കഴിഞ്ഞാൽ അത് ഫയലിൽപോലും സ്വീകരിക്കപ്പെടാതെ തള്ളിക്കളയുമെന്നാണ് പ്രതീക്ഷിക്കാറ്. പല നിയമ പണ്ഡിതരും അത് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇത് അങ്ങിനെ ചെയ്യാതിരുന്നത് കൃത്യമായ ഒരു പദ്ധതിയുടെ ഭാഗമായാണ്. ജുഡീഷ്യറി അടക്കം ഭരണഘടനാ സ്ഥാപനങ്ങളെല്ലാം തന്നെ ഫാഷിസ്റ്റ് പിടിയിലായിത്തീർന്നിട്ടുണ്ട്. വരുതിയിൽ നിൽക്കാത്തവരെ വകവരുത്തു കയോ ഇല്ലാതാക്കുകയോ ചെയ്യുന്ന സാഹചര്യമാണ് ഉള്ളത്. ഭരണഘടനാ സ്ഥാപനങ്ങളെല്ലാം തന്നെ മഹാ ഭൂരിപക്ഷവും വരുതിയിലായിക്കഴിഞ്ഞു. ഈ സാഹചര്യത്തിലാണ് രാഹുലിനെതിരായ വിധിയും നടപടിക്രമങ്ങളും ഉണ്ടായിരിക്കുന്നത്.

വിധി വന്നതിന്റെ അടിസ്ഥാനത്തിൽ പാർലമെന്റ് സെക്രട്ടേറിയറ്റ് അടിയന്തരമായി കൂടി രാഹുലിന്റെ ലോക്സാഭാംഗത്വത്തിന് അയോഗ്യത കൽപിച്ചത് കേട്ടു കേൾവിയില്ലാത്ത സംഭവമാണ്. അത് കൃത്യമായ ഒരു അജണ്ടയുടെ ഭാഗമാണെന്ന് ആർക്കും മനസ്സിലാകും.

രാഹുലിനെതിരായ നീക്കത്തിലെ പ്രധാനപ്പെട്ട ഒരു പ്രശ്നം അദാനിയുമായി ബന്ധപ്പെട്ടതാണ്. 2014 ൽ മോദി അധികാരത്തിൽ വരുമ്പോൾ എട്ട് ശതകോടി ഡോളർ ആസ്തി മാത്രമുണ്ടായിരുന്ന അദാനി ഏഴു വർഷംകൊണ്ട് 150 ശതകോടി ഡോളർ ആസ്തിയുടെ ഉടമയായി മാറിയ പ്രക്രിയയാണത്. ഭരണകൂടവും അദാനിയുമായുള്ള ബാന്ധവം തന്നെയാണ് അതിനു പിന്നിൽ പ്രവർത്തിച്ച ഘടകങ്ങൾ. മോദി ഭരണത്തിനെതിരായ, പ്രത്യകിച്ചും മോദി സർക്കാറും അദാനിയു മായിട്ടു ള്ള ഏറ്റവും അടുത്ത ബന്ധം (crony capitalism) വളരെ പ്രത്യക്ഷത്തിൽ തുറന്നു കാട്ടപ്പെട്ടു. ഇതിലേക്കെല്ലാം വഴിവെച്ച സാഹചര്യം രാഹുൽ ഗാന്ധി പാർലമെന്റിന് അകത്തോ പുറത്തോ ഉന്നയിക്കുന്നത് തടയുക എന്ന അജണ്ടയാണ് അദ്ദേഹത്തെ അയോഗ്യനാക്കിയ നടപടികളുടെ കാര്യത്തിൽ അടിയന്തരമായി ഉണ്ടായത്.

കോർപറേറ്റ് ചരിത്രത്തിൽ കേട്ടുകേൾവിയില്ലാത്ത ഒരു വളർച്ചയാണ് അദാനിക്കുണ്ടായത്. രണ്ടായിരത്തിൽ മോദി ഗുജറാത്തിൽ അധികാരത്തിൽ വരുന്ന പശ്ചാത്തലത്തിൽ അദാനിയുടെ ആസ്തി അംബാനിയുടെ ആസ്തിയുടെ അഞ്ചൂറിലൊന്ന് മാത്രമായിരുന്നു. അതാണ് പിന്നീട് ഇന്ത്യയിലെ ഏറ്റവും വലിയ കുത്തക സ്ഥാനത്തേക്കും ലോക കുത്തക പട്ടികയിലെ മൂന്നാം സ്ഥാനത്തേക്കും എത്തുന്നത്.

ഹിൻഡൻബർഗ് റിപ്പോർട്ട് വന്നതോടുകൂടിയാണ് വളരെ വലിയ തട്ടിപ്പുകളും വെട്ടിപ്പുക

ളും നിറഞ്ഞ ഒരു പ്രക്രിയയിലൂടെയാണ് ഈ കോർപറേറ്റ് സാമ്രാജ്യം കെട്ടിപ്പടുത്തതെന്നുള്ള വസ്തുത പുറത്തു വരുന്നത്.

അദാനിയുടെ ഈ കോർപറേറ്റ് കുമിള ഊഹസമ്പത്താണ്. അതുകൊണ്ടൊക്കെത്തന്നെയാണ് രാജ്യസമ്പത്ത് അദാനി കൈക്കലാക്കുന്നത്. ഊഹക്കുമിള പൊട്ടുകയും അദാനിയുടെ സമ്പത്ത് 150 ബില്യൺ ഡോളറിൽനിന്ന് 37 ബില്യൺ ഡോളറായി തകരുകയും ചെയ്തു . (അദാനിയെ സംബന്ധിച്ചിടത്തോളം മോദി അധികാരത്തിൽ വരുമ്പോൾ എട്ട് കോടി ഡോളർ സ്വത്തേ ഉള്ളൂ, അത് 37 ബില്യൺ ഡോളറായി നിൽക്കുന്നുണ്ട്) പക്ഷേ, ഇതിനിടയിൽ സംഭവിച്ച നഷ്ടം എന്നു പറയുന്നത്, അദാനിയുടെ ഓഹരികളിൽ നിക്ഷേപിച്ച മധ്യവർഗങ്ങളെല്ലാം തന്നെ പൂർണമായും തകർന്നു എന്നതാണ്. അതുപോലെതന്നെ ഇവിടത്തെ പൊതുമേഖലബാങ്കുകൾ, എൽ.ഐ.സി, സ്റ്റേറ്റ് ബാങ്ക് തുടങ്ങിയവയക്കുണ്ടാക്കിയ പ്രതിസന്ധികളും. ഇപ്പോൾ എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷനെ പറ്റിയുള്ള റിപ്പോർട്ടാണ് പുറത്തു വന്നിരിക്കുന്നത്. നാലരക്കോടിയോളം വരുന്ന ജീവനക്കാരുടെ റിട്ടയർമെന്റ് പണം അദാനിയുടെ കമ്പനികളിലാണ് നിക്ഷേപിച്ചിരിക്കുന്നത്. അതെല്ലാം തന്നെ മൂല്യമില്ലാതെ കുത്തനെ ഇടിഞ്ഞുപോകും. 2024 ലെ ലോക്സഭ തെരഞ്ഞെടുപ്പിൽ എന്തു വിലകൊടുത്തും അധികാരത്തിൽ തുടരുക എന്ന അജണ്ടയാണ് ആർ.എസ്.എസ് നയിക്കുന്ന മോദി സർക്കാർ തീരുമാനിച്ചിരിക്കുന്നത്. കാരണം, ആർ.എസ്.എസ് നൂറ്റാണ്ട് തികക്കുന്ന 2025 ൽ ഹിന്ദുരാഷ്ട്ര പ്രഖ്യാപനത്തിനുള്ള എല്ലാ സംവിധാനങ്ങളും ഒരുക്കിക്കഴിഞ്ഞിരിക്കുകയാണ്. മുസ്ലിംകൾക്കെതിരായു ള്ള കടന്നാക്രമണങ്ങൾ കൂടുതൽ ശക്തിപ്പെടുന്നു. മനുസ്മൃതിയിൽ എന്താണോ മുന്നോട്ടു വെക്കുന്നത് അത് തന്നെയാണ് രാജ്യത്ത് ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ആ അജണ്ടയാണ് അവർ മുന്നോട്ടു കൊണ്ടുപോകുന്നത്. ഇന്ത്യയുടെ ഭരണഘടനാരൂപീകരണവേളയിൽ ആർ.എസ്.എസ് മനുസ്മൃതിയെ ഇന്ത്യൻ ഭരണഘടനയാക്കാൻ വേണ്ടി നടത്തിയ ശ്രമങ്ങളും നീക്ക

2024 ലെ ലോക്സഭ തെരഞ്ഞെടുപ്പിൽ എന്തു വില കൊടുത്തും അധികാരത്തിൽ തുടരുക എന്ന അജണ്ടയാണ് ആർ.എസ്.എസ് നയിക്കു ന്ന മോദി സർക്കാർ തീരുമാനിച്ചിരിക്കുന്നത്. കാരണം, ആർ.എസ്.എസ് നൂറ്റാണ്ട് തികക്കുന്ന 2025 ൽ ഹിന്ദുരാഷ്ട്ര പ്രഖ്യാപനത്തിനുള്ള എല്ലാ സംവിധാനങ്ങളും ഒരുക്കിക്കഴിഞ്ഞിരിക്കുകയാണ്.





അഖിലേന്ത്യാ അടിസ്ഥാനത്തിൽ ഒരു മുന്നണി ഉണ്ടാകില്ലെന്ന് സി.പി.എം നേതാവിന്റെ പ്രസ്താവന വന്നു കഴിഞ്ഞു. കാരണം, സി.പി.എമ്മിന്റെ പ്രാദേശികമായ രാഷ്ട്രീയ താൽപര്യങ്ങൾ മാത്രമാണ്. അഖിലേന്ത്യാ അടിസ്ഥാനത്തിൽ മുന്നണി ഉണ്ടായാൽ കേരളത്തിലെ ഭരണം പ്രശ്നമാകുമല്ലോ.

ങ്ങളും, അവരുടെ മുഖപത്ര ത്തിലൂടെ അവർ ആവശ്യപ്പെട്ടതു മല്ലാം ചരിത്രത്തിന്റെ ഭാഗമാണ്. ഇന്ന് അധികാരം കൈയിലൊതുങ്ങിയതോടുകൂടി സൂക്ഷ്മവും സ്ഥൂലവുമായ എല്ലാ ഭരണഘടനാസ്ഥാപനങ്ങളും തന്നെ നിയന്ത്രിച്ചുകൊണ്ട് ഭരണകൂട അധികാരം മാത്രമല്ല, തെരുവിലെ അധികാരവും കൈവശപ്പെടുത്തി പൂർണമായും ഫാഷിസ്റ്റ് ഭരണക്രമത്തിലേക്കാണ് ആർ.എസ്.എസ് രാജ്യത്തെ കൊണ്ടുപോകുന്നത്. തെരഞ്ഞെടുപ്പു കമീഷനും വോട്ടിങ്മെഷീൻ ക്രമക്കേടുകളുമൊക്കെത്തന്നെ സംശയകരമായ കാര്യങ്ങളാണ്. പാർലമെന്റി ജനാധിപത്യം പ്രാക്ടീസ് ചെയ്യുന്ന, സാങ്കേതിക കാര്യങ്ങൾ മുന്നിൽ നിൽക്കുന്ന രാജ്യങ്ങൾ പോലും ഇന്ന് ഇലക്ട്രോണിക് വോട്ടിങ്
മെഷീനുകൾ ഉപയോഗിക്കുന്നില്ല. പാർലമെന്ററി സംവിധാനത്തെകൂടി ഉപയോഗപ്പെടുത്തിക്കൊണ്ടാണല്ലോ ഇന്ന് ഫാഷിസം നിലനിൽക്കുന്നത്. ഹിറ്റ്ലറിന്റെയും മുസ്സോളിനിയുടെയും കാലത്ത് പാർലമെന്ററി ജനാധിപത്യം അത്രയും മുന്നോട്ടു പോയിട്ടില്ലാത്ത ഏകദേശം ഒരു നൂറ്റാണ്ടിന് മുൻപുള്ള കാലഘട്ടമണ്. അതിനു ശേഷം പാർലമെന്ററി ജനാധിപത്യം പല രാജ്യങ്ങളിലും വളരെയധികം മുന്നോട്ടു പോയി. അതിന്റെ അടിസ്ഥാനത്തിൽ അതിനെക്കൂടി പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പ്രക്രി യയിലേക്കാണ് മോദി സർക്കാർ മുന്നോട്ടു പോകുന്നത്. 2024 നു ശേഷം പാർലമെന്റും ഭരണഘടനയുമൊക്കെത്തനെ ഈ രൂപത്തിൽ നിലനിൽക്കുമോ എന്നതൊക്കെ തന്നെ പരിശോധിക്കപ്പെടേണ്ടതാണ്. അത്തരമൊരു സാഹചര്യം ഒഴിവാക്കുന്നതിനുള്ള അനുകൂലമായ സന്ദർഭം രാഹുൽ ഗാന്ധിയെ അയോഗ്യനാക്കിയതുമായി ബന്ധപ്പെട്ട് നമ്മുടെ രാജ്യത്ത് രൂപപ്പെട്ടു വരുന്നുണ്ട്. അതിൽ എങ്ങിനെയാണ് പ്രതിപക്ഷ പാർട്ടികളൊക്കെതന്നെ പങ്കുവഹിക്കാൻ പോകുന്നതെന്ന കാര്യം വളരെ നിർണായകമാണ്. ഫാഷിസ്റ്റ്കാലഘട്ടത്തിൽ നാം എന്തു നിലപാട് സ്വീകരിക്കണമെന്ന് ചോദ്യം ഉയർന്നു വരണം. അതേസമയം, അഖിലേന്ത്യാ അടിസ്ഥാനത്തിൽ ഒരു മുന്നണി ഉണ്ടാകില്ലെന്ന് സി.പി.എം നേതാവിന്റെ പ്രസ്താവന വന്നു കഴിഞ്ഞു. കാരണം, സി.പി.എമ്മിന്റെ പ്രാദേശികമായ രാഷ്ട്രീയ താൽപര്യങ്ങൾ മാത്രമാണ്. അഖിലേന്ത്യാ അടിസ്ഥാനത്തിൽ മുന്നണി ഉണ്ടായാൽ കേരളത്തിലെ ഭരണം പ്രശ്നമാകുമല്ലോ. കോർപറേറ്റുകളെ മോദി സംരക്ഷിക്കുന്നതിനേക്കാൾ മെച്ചപ്പെട്ടരീതിയിൽ തങ്ങൾക്ക് കഴിയുമെന്ന് കോർപറേറ്റുകൾക്ക് ഉറപ്പുകൊടുത്തുകൊണ്ടുള്ള ഭരണമാണ് കേരളത്തിൽ നിലനിൽക്കുന്നത്. മറ്റേതൊരു ഭരണവർഗ പാർട്ടിയേയും പോലെ ഭരണത്തിലിരിക്കുക എന്നും ഏത് ഫാഷിസ്റ്റ്ഭീകര സാഹചര്യത്തിലൂടെ രാജ്യം കടന്നുപോയാലും തങ്ങളുടെ വിഷയമല്ല എന്നുമുള്ള സമീപനമാണ് സി.പി.എമ്മിന്റെ പ്രസ്താവനയിൽ നിന്ന് വരുന്നത്. അഖിലേന്ത്യ അടിസ്ഥാനത്തിൽ ഇന്ന് ഫാഷിസ്റ്റ് വിരുദ്ധ പോരാട്ടത്തിന്റെ പ്രാധാന്യം അവഗണിക്കുന്ന സമീപനമാണ് സി.പി.എമ്മിന്റേത്. 2023 ലെ പാർട്ടി പ്രമെയത്തിൽ പറഞ്ഞിരിക്കുന്നത്, ഫാഷിസം ഇവിടെ ഇതുവരെ എത്തിയിട്ടില്ലെന്നാണ്. ഫാഷിസത്തിന്റെ ലക്ഷണങ്ങളേയുള്ളൂ, ഫാഷിസം ഇനിയും വരാനിരിക്കുന്നതേയുള്ളൂ എന്നു മാണ്. ഫാഷിസം എന്നു പറയുന്നത് നിലവിലുള്ള എല്ലാ ജനാധിപത്യക്രമത്തേയും ഇല്ലാതാക്കുന്ന ഒന്നാണ്. കോർപറേറ്റുകളും ഹിന്ദുത്വ അജണ്ടകളുമായുള്ള

അവിഹിതബാന്ധവത്തിലൂടെ കോർപറേറ്റുകൾക്ക് രാജ്യത്തെ അടിയറവെക്കുകയാണ് മോദി. രാജ്യത്തെ ജനങ്ങളെ കൃത്യമായ ഹിന്ദുത്വ അജണ്ടയിലൂടെ വിഭജിച്ച് ഒരു ഹിന്ദുരാഷ്ട്രം സ്ഥാപിക്കുക, കോർപറേറ്റ്സേവ നടത്തുക എന്നുള്ളതു തന്നെയാണ് മോദി മറ്റേതൊരു ഭരണവർഗ പാർട്ടിയേയും പോലെ ഭരണത്തിലിരിക്കുക എന്നും ഏത് ഫാഷിസ്റ്റ് ഭീകര സാഹചര്യത്തിലൂടെ രാജ്യം കടന്നു പോയാലും തങ്ങളുടെ വിഷയമല്ല എന്നുമുള്ള സമീപനമാണ് സി.പി.എമ്മിന്റെ പ്രസ്താവനയിൽ നിന്ന് വരുന്നത്. അഖിലേന്ത്യാ അടിസ്ഥാനത്തിൽ ഇന്ന്ഫാഷിസ്റ്റ് വിരുദ്ധ പോരാട്ടത്തിന്റെ പ്രാധാന്യം അവഗണിക്കുന്ന സമീപനമാണ് സി.പി.എമ്മിന്റേത്.

സർക്കാറിന്റെ അജണ്ട. അത് ഇവിടത്തെ മഹാഭൂരിപക്ഷം ജനങ്ങൾക്കും എതിരാണെന്നും അവർ കോർപറേറ്റുകളെയും ആഗോള കുത്തകകളെയുമൊക്കെത്തന്നെയാണ് സ്വീകരിക്കുന്നത് എന്നും തിരിച്ചറിഞ്ഞുകൊണ്ടുള്ള സമീപനമാണ് പ്രതിപക്ഷ കക്ഷികളിൽനിന്ന് ഉണ്ടാകേണ്ടത്. ഇവിടത്തെ മർദിത ജനവിഭാഗങ്ങളെയും മതന്യൂനപക്ഷങ്ങളെയും , അടിച്ചമർത്തപ്പെടുന്ന ദലിത്-ആദിവാസി-സ്ത്രീ ജനവിഭാഗങ്ങളൊക്കെയും ഐക്യപ്പെടുത്തുന്ന ഒരു കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് മുന്നോട്ടു പോകേണ്ടത്. അതിന് സഹായകരമായ സാഹചര്യമാണ് രാഹുൽ ഗാന്ധിയുടെ വിഷയത്തിലൂടെ രൂപപ്പെട്ടിട്ടുള്ളത്. അതിനെ ശരിയായി പ്രയോജനപ്പെടുത്തുന്നത് ഫാഷിസ്റ്റ് വിരുദ്ധ ശക്തികൾ എന്ന് അവകാശപ്പെടുന്നവരുടെ ഉത്തരവാദിത്തം കൂടിയാണ്. ഫാഷിസ്റ്റ് വിരുദ്ധ പോരാട്ടം എന്നു പറയുന്നത് ഫാഷിസ്റ്റുകൾ അല്ലാത്ത എല്ലാ പാർട്ടികളും ഐക്യപ്പെടേണ്ട വിഷയമാണ്. ഈ ഘട്ടത്തിൽ കമ്യൂണിസ്റ്റുകാരെന്ന് പറയുന്നവരു ടെ




ഏറ്റവും വലിയ ഉത്തരവാദിത്തമാണ് ഫാഷിസത്തെ പരാജയപ്പെടുത്തുക എന്നത്. ഫാഷിസ്റ്റുകളെ,ആർ.എസ്.എസ്-ബി.ജെ.പി ശക്തികളെ ഒറ്റപ്പെടുത്തണമെന്നും ഫാഷിസ്റ്റ് വിരുദ്ധ വോട്ടുകൾ ഭിന്നിക്കാതിരിക്കണം എന്നുമുള്ള കാഴ്ചപ്പാടായിരിക്കണം വരാനിരിക്കുന്ന തെരഞ്ഞെടുപ്പുകളിൽ മുന്നോട്ടു വെക്കേണ്ടത്.

ഇന്ത്യയിലെ ഇന്നത്തെ സാഹചര്യത്തിൽ പ്രതിപക്ഷ കക്ഷികളിൽനിന്ന് ആകെക്കൂടി കൃത്യമായ രാഷ്ട്രീയ നിലപാടിലുറച്ചുകൊണ്ടുള്ള സമീപനം ഉണ്ടായ രാഹു ൽ ഗാന്ധിയിൽനിന്നു തന്നെയാണ്. ആർ.എസ്എസ്സിനെ കൃത്യമായി ടാർഗറ്റ് വെക്കുന്ന, ഇന്ത്യൻ ഫാഷിസത്തെ കൃത്യമായി ലക്ഷ്യംവെക്കുന്ന സമീപനമാണ്അദ്ദേഹത്തിന്റേതെന്ന് കാണാൻ കഴിയും. രാഹുൽ ഗാന്ധി നടത്തിയ പത്രസമ്മേളനത്തിൽ രണ്ട്കാര്യങ്ങളാണ് പ്രധാനമായും ഉന്നയിച്ചത്. ഒന്ന് അദാനിയും മോദിയും തമ്മിലുള്ള ബന്ധമാണ്. യാതൊരു രേഖകളുമില്ലാതെ അദാനിയുടെ ഷെൽ കമ്പനിയിൽ ഇരുപതിനായിരം കോടിയുടെ നിക്ഷേപം വന്നതെങ്ങിനെയാണ് എന്നതാണത്. ആ ചോദ്യം എവിടെയാണ് കൊള്ളുന്നത് എന്ന് നമുക്ക് അറിയാം.

അതു പോലെത്തന്നെ മാപ്പുപറയാൻ ഞാൻ സവർക്കറല്ല എന്നു പറയുന്നതും. ബ്രിട്ടീഷുകാർക്ക് അഞ്ചുതവണ മാപ്പെഴുതിക്കൊടുത്ത സവർക്കറെയാണ് ആ വാക്കുകൾ ഓർമിപ്പിക്കുന്നത്.

കൊളോണിയൽ കാലത്ത് ബ്രിട്ടീഷുകാർക്കെതിരെ സമരം ചെയ്യരുതെന്നും ഒരു തുള്ളി വിയർപ്പുപോലും ഒഴുകാതെ മുസ്ലിംകളെയും ക്രിസ്ത്യാനികളെയും കമ്യൂണിസ്റ്റുകളെയും ഇല്ലാതാക്കണമെന്ന് പറഞ്ഞവരാണല്ലോ ആർ.എസ്.എസ്. അപ്പോൾ അതിനെ ടാർഗറ്റ്ചെയ്യുന്ന ഫാഷിസ്റ്റ്വിരുദ്ധ-കോർപറേറ്റ് വിരുദ്ധ-ഹിന്ദുത്വവിരുദ്ധ പൊളിറ്റിക്സ് ആണ് രാഹുൽ ഗാന്ധി മുന്നോട്ടുവെച്ചത്. അതു തന്നെയാണ് മോദിയെ വിറളിപിടിപ്പിക്കുന്നതും . ഇന്ത്യയിലെ മറ്റു പ്രതിപക്ഷ നേതാക്കളിൽനിന്നും കൃത്യമായ ഒരു നിലപാട് വരുന്നില്ല. പാർലമെന്റിന് അകത്തും പുറത്തും രാഹുൽ ഗാന്ധിയെ നിശബ്ദമാക്കാനുള്ള അവർ നടത്തിയ നീക്കങ്ങൾ താൽക്കാലികമായിട്ടാണെങ്കിലും അവർക്ക് തന്നെ തിരിച്ചടിയായിട്ടുണ്ട്.

■



കെ.എൻ രാമചന്ദ്രൻ

## സിപിഐ (എംഎൽ) രൂപീകരണത്തിന്റെ 54-ാം വാർഷികം:

# പാർട്ടി കെട്ടിപ്പടുക്കുന്നതിന് ഊന്നൽ നൽകുക

ഈ വർഷം സിപിഐ(എംഎൽ) രൂപീകരണത്തിന്റെ 54 ആം വാർഷിക ദിനമായ ഏപ്രിൽ 22 ആചരിക്കുന്നത് നമ്മുടെ രാജ്യം അതീവ ഗുരുതരമായ ഞടട നവ ഫാസിസ്റ്റ് ആധിപത്യത്തിന് അനുദിനം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുമ്പോഴാണ്. 2024ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ ഞടട ആഖജ നവ ഫാസിസത്തെ അധികാരത്തിൽ നിന്നും പുറത്താക്കാൻ ഏറ്റവും വിശാലമായ ജനകീയ ഐക്യം കെട്ടിപ്പടുക്കുന്നതിൽ പാർട്ടി ഏർപ്പെട്ടിരിക്കുമ്പോൾ, സർവ്വശക്തിയും ഉപയോഗിച്ച് പാർട്ടി നിർമ്മാണം ത്വരിതപ്പെടുത്തുക, ഇതോടൊപ്പം ജനകീയ ബദൽ പരിപാടിയുടെ അടിസ്ഥാനത്തിൽ ഇടത്, ജനാധിപത്യ ശക്തികളുടെ പൊതുവേദി കെട്ടിപ്പടുക്കുക എന്നീ കടമകളിൽ നിന്ന് വേർപെടുത്തി കാണാൻ ആവില്ല. പ്രത്യേകിച്ചും തുടക്കം മുതലേ ഗുരുതരമായ വിഭാഗീയത മൂലം പാർട്ടി കെട്ടിപ്പടുക്കുന്നതിന് പ്രാധാന്യം നൽകിയിരുന്നില്ല എന്ന വസ്തുത കൂടി പരിഗണിക്കുമ്പോൾ ഈ പ്രശ്നത്തിന്റെ പ്രാധാന്യം വർദ്ധിക്കുന്നു. 1848ൽ കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ പ്രസിദ്ധീകരിച്ച ശേഷം പശ്ചിമ യൂറോപ്പിൽ ആകമാനം നിരവധി തൊഴിലാളി വർഗ്ഗ പോരാട്ടങ്ങൾ ഉയർന്നു വരികയും 1871ൽ പാരീസ് കമ്മ്യൂണിലൂടെ തൊഴിലാളി വർഗ്ഗം ആദ്യമായി രാഷ്ട്രീയ അധികാരം പിടിച്ചെടുക്കുകയും ചെയ്തെങ്കിലും, ശരിയായ ദിശയിൽ ഇവയെ നയിക്കാൻ കെൽപ്പുള്ള കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ അഭാവത്തിൽ ഇവയ്ക്കൊന്നും പ്രാരംഭഘട്ടം കടന്നു മുന്നോട്ടു പോകാൻ ആയില്ല. ഈ പശ്ചാത്തലത്തിലാണ് റഷ്യൻ വിപ്ലവത്തിന്റെ പ്രായോഗിക അനുഭവങ്ങളിൽ നിന്ന് ബോൾഷെവിക് ശൈലിയിലുള്ള പാർട്ടി കെട്ടിപ്പടുക്കുക എന്ന സങ്കല്പം ലെനിൻ മുന്നോട്ടുവച്ചത്. ഇതിൻറെ അടിസ്ഥാനത്തിലാണ് വർഗ്ഗ, ബഹുജന സംഘടനകളാൽ ചുറ്റപ്പെട്ടതും വിപ്ലവ വർഗ്ഗങ്ങളിൽ നിന്നുള്ള മുന്നണി ശക്തികളെ നിരന്തരം റിക്രൂട്ട് ചെയ്യുന്നതും മുകൾ മുതൽ അടി വരെ കമ്മറ്റി സമ്പ്രദായം ശക്തിപ്പെടുത്തുന്നതുമായ പാർട്ടി നിർമ്മാണത്തിന് ഊന്നൽ നൽകിയത്. റഷ്യൻ വിപ്ലവത്തിന്റെ വിജയത്തിൽ ഈ പ്രയോഗത്തിന് വമ്പിച്ച പ്രാധാന്യം ഉണ്ടായിരുന്നു.

അതുകൊണ്ടാണ് സോവിയറ്റ് യൂണിയൻ രൂപീകരണ ശേഷം, 1919 കമ്മ്യൂണിസ്റ്റ് ഇൻറർനാഷണൽ രൂപീകരിക്കുമ്പോൾ, ഓരോ രാജ്യത്തിന്റെയും സാഹചര്യങ്ങൾക്കനുസരിച്ച് വിപ്ലവ ലൈനും പരിപാടിയും ആവിഷ്കരിക്കുന്നതിനോടൊപ്പം ബോൾഷെവിക് ശൈലിയിൽ പാർട്ടി കെട്ടിപ്പടുക്കുന്നതിനും അത്യന്തം പ്രാധാന്യം നൽകിയത്. തുടർന്ന് 1949 ലെ ചൈനീസ് വിപ്ലവം ഉൾപ്പെടെ, 1975ലെ വിയറ്റ്നാം വിപ്ലവം വരെയുള്ള എല്ലാ വിപ്ലവങ്ങൾക്കും നേതൃത്വം നൽകിയത് രാജ്യങ്ങളുടെ സാഹചര്യങ്ങൾക്കനുസരിച്ച് ബോൾഷേവിക് ശൈലിയിൽ കെട്ടിപ്പടുത്ത പാർട്ടികൾ ആണ്.

പക്ഷേ രണ്ടാം ലോക യുദ്ധത്തെ തുടർന്ന് സാമ്രാജ്യത്ത ചേരി അമേരിക്കൻ നേതൃത്വത്തിൽ പുത്തൻ കോളനിവൽക്കരണം ആരംഭിച്ചപ്പോൾ സ്ഥിതി മാറി. ഇതിന് ബദലായി വിപ്ലവ ലൈൻ വികസിപ്പിക്കുന്നതിൽ സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി നേതൃത്വം പരാജയപ്പെട്ടു. 1956 ലെ സോവിയറ്റ് പാർട്ടിയുടെ ഇരുപതാം കോൺഗ്രസ് മുതലാളിത്ത പാതയിലേക്ക് സോവിയറ്റ് യൂണിയനെ അധ:പ്പതിപ്പിച്ചു. ഇതിനെതിരെ

യാണ് മാവോ സേതുങ്ങിന്റെ നേതൃത്വത്തിൽ ചൈനീസ് പാർട്ടി 1963ൽ സാർവദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻറെ ഒരു പൊതു ലൈൻ മുന്നോട്ടു വെച്ചത്. ഇത് ലോകമെങ്ങും സോവിയറ്റ് തിരുത്തൽ വാദത്തിനെതിരെ മാർക്സിസ്റ്റ് -ലെനിനിസ്റ്റ് പാർട്ടികളുടെ രൂപീകരണത്തിലേക്ക് നയിച്ചു. പക്ഷേ 1966 നു ശേഷം ചൈനീസ് പാർട്ടിയിൽ ആധിപത്യം നേടിയ ലിൻ പിയാവോയിസ്റ്റ് അതിസാഹസിക ലൈന്റെ സ്വാധീനത്തിൽ ഇവയെല്ലാം സ്വന്തം രാജ്യത്തെ സമൂർത്ത സാഹചര്യങ്ങൾക്ക് അനുസരിച്ച് പാർട്ടി ലൈനും പരിപാടിയും ആവിഷ്കരിക്കുക, ബോൾഷെവിക് ശൈലിയിൽ പാർട്ടി കെട്ടിപ്പടുക്കുക എന്നീ മാർക്സിസ്റ്റ് -ലെനിനിസ്റ്റ് പാഠങ്ങളിൽ നിന്നും വ്യതിചലിച്ചു.




ഇവയിൽ പല സംഘടനകളും പലതരം തെറ്റുതിരുത്തൽ നടപടികൾ പിന്നീട് സ്വീകരിച്ചെങ്കിലും ഇവയ്ക്ക് ഒന്നും തന്നെ ഇനിയും ബോൾഷെവിക് ശൈലിയിൽ ഉള്ള പാർട്ടി ആകാൻ കഴിഞ്ഞിട്ടില്ല. 1991 ലെ രണ്ടാം അഖിലേന്ത്യ പാർട്ടി സമ്മേളനത്തിൽ ബോൾഷെവിക് ശൈലിയിലുള്ള പാർട്ടി കെട്ടിപ്പടുക്കുക എന്ന ലൈൻ സ്വീകരിച്ചെങ്കിലും, ഈ ദിശാബോധം നൽകുന്നതിനുവേണ്ടി പലവട്ടം പാർട്ടി ക്ലാസുകൾ സംഘടിപ്പിച്ചെങ്കിലും ഇനിയും മുൻ വിഭാഗീയത പൂർണ്ണമായും ഉപേക്ഷിക്കാൻ നമ്മുടെ പാർട്ടിക്ക് ആയിട്ടില്ല.

വർത്തമാന സാഹചര്യത്തിന് അനുസൃതമായി എങ്ങനെ ബോൾഷെവിക് ശൈലിയിൽ പാർട്ടി കെട്ടിപ്പടുക്കും എന്നതിനെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്ന പാർട്ടി പഠന സ്കൂൾ പേപ്പർ സഖാക്കളുടെ മുന്നിൽ ഉണ്ട്. ഇത് ചൂണ്ടിക്കാട്ടുന്നത് ആഗോളവൽക്കരണ-ഉദാരവൽക്കരണ കാലത്ത് ബോൾഷെവിക് ശൈലിയിൽ പാർട്ടി കെട്ടിപ്പടുക്കുന്നതിന്റെ പ്രാധാന്യം പതിന്മടങ്ങ് വർദ്ധിച്ചിരിക്കുന്നു എന്നാണ്. വർഗ്ഗസമരത്തിന്റെ വികാസത്തിനായി എല്ലാ സമരരൂപങ്ങളും ഉപയോഗിക്കുവാൻ കഴിയണമെങ്കിൽ ത്രിതല പഞ്ചായത്ത് വ്യവസ്ഥയ്ക്ക് അനുസൃതമായി ഗ്രാമ, ബ്ലോക്ക്, ജില്ലാതല പാർട്ടി കമ്മിറ്റികൾ ബദൽ വികസന സങ്കല്പം മുന്നോട്ടുവയ്ക്കാൻ കെൽപ്പുള്ളവ ആയിരിക്കണം.

പാർട്ടിയുടെ പന്ത്രണ്ടാം കോൺഗ്രസ് പൂർത്തീകരിച്ചിട്ട് ആറുമാസം കഴിഞ്ഞു .പാർട്ടി അംഗത്വം പുതുക്കലും പുതിയ അംഗത്വം ചേർക്കലും തുടങ്ങുന്നതിനു മുമ്പ് കോൺഗ്രസിൽ അംഗീകരിച്ച എല്ലാ രേഖകളും വിവിധ ഭാഷകളിൽ അച്ചടിച്ച് സഖാക്കൾക്ക് ലഭ്യമാക്കേണ്ടതാണ്. ഇവ പ്രദാനം ചെയ്യുന്ന രാഷ്ട്രീയ ലൈനിന് അനുസൃതമായി, വർഗ്ഗ -ബഹുജന സംഘടനകളിൽ നിന്നുള്ള റിക്രൂട്ട്മെന്റിന് ഊന്നൽ നൽകിക്കൊണ്ട് മെമ്പർഷിപ്പ് നവീകരണവും അംഗത്വം ചേർക്കലും അതിവേഗം ഏറ്റെടുത്തു നടത്തണം. പാർട്ടിയുടെ ശക്തി നിലവിലുള്ള എല്ലാ ഇടങ്ങളിലും ശക്തിപ്പെടുത്തുന്നതിനും, പുതിയ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനും വേണ്ടി എല്ലാ പാർട്ടി ഘടകങ്ങളും മുന്നിട്ടിറങ്ങണം.


■



കെ.ആർ.മീര

# മധുമാഷ്

"... ഒരു രാത്രിയിലാണ് എന്നെ അവർ അറസ്റ്റ് ചെയ്തത്. ക്യാപ്റ്റൻ അറസ്റ്റിലാകുന്നതി നു തൊട്ടുമുമ്പ്. അമ്മയ്ക്ക് അന്നു ദീനം കലശലായിരുന്നു. രാത്രി മഫ്തിയിൽ ഒരാൾ വീട്ടിൽ വന്നു. സേതുമാഷില്ലേ എന്നു വിനയത്തോടെ ചോദി ച്ചു. ഒരു ചെറിയ പ്രശ്നണ്ടു മാഷേ, പരമീശരൻ സാറിന് എന്തോ ചോയ്ച്ചു മനസ്സിലാ ക്കാൻണ്ട്. എനിക്കു കാര്യം മന സ്സിലായി. ഞാൻ അമ്മയ്ക്ക് ഇത്തിരി വെള്ളം കൊടുത്തോ ട്ടെ എന്നു ചോയ്ച്ചു.ഗംഗാജല ണ്ടായിരുന്നു വീട്ടിൽ. ഒരു ചെറിയ സ്പൂണിൽ ഞാൻ രണ്ടു തുള്ളി അമ്മയ്ക്കു കൊ ടുത്തു. ഇനി കാണലുണ്ടാവില്ല അമ്മേ എന്നു പറഞ്ഞു നെറ്റി യിൽ ഒരുമ്മ കൊടുത്തു. എനിക്ക് അറിയാമായിരുന്നു കൊണ്ടോയാൽ പിന്നെ കാണ ലുണ്ടാവില്ല. വിടുംന്ന് എന്താ ഉറപ്പ്? വിട്ടാൽത്തന്നെ അതെ ന്നാണെന്ന് എന്താ ഉറപ്പ് ? ഞാനുടനെ ചെന്നു വണ്ടിയിൽ കയറി. ആദ്യം എസ്.പി. ഓഫി സിൽ കൊണ്ടന്നു. അവിടെ ചോദ്യം ചെയ്തു. പിന്നെ രാത്രിയായപ്പോൾ കണ്ണുകെട്ടി ഒരു കാറിൽ കയറ്റി, ഈ വഴി യിലെ വളവും തിരിവും കു ണ്ടും കുഴിയും ഒക്കെ ഞാ നോർക്ക്ണ്ട്... മാഷ് പിന്നിലേ ക്കു ചാരി ഒന്നു നെടുവീർപ്പിട്ടു. വീണ്ടും ചിരിച്ചു. 'കണ്ണു കെട്ടി ഒരു വണ്ടിയിൽ ഇരിക്കുന്നത് ഒ രു വല്ലാത്ത അനുഭവാടോ. അ നുഭവിച്ചന്നെ അറിയണം.' 'യൂദാസിന്റെ സുവിശേ ഷ'ത്തിൽ പ്രേമയെ കക്കയം കാണാൻ കൊണ്ടുപോയ



സേതുമാഷിന്റെ വാക്കുകളാണ് ഇവ.
ഈ സേതുമാഷിനെ ഞാൻ സൃഷ്ടിച്ചതു മധു മാഷിൽ നിന്നാണ്.
അടിയന്തരാവസ്ഥക്കാലത്തു മധു മാഷ് ആറു മാസം ജയിലിൽ കിടന്നു. അന്നു മാഷിനെ കണ്ണുകെട്ടിയാണു പോലീസ് കൊണ്ടുപോയത്.
'മെഡിക്കൽ കോളജിനു സമീപം ചെറിയൊരു സൈക്കിൾ പോകാവുന്ന ഊടുവഴി പിന്നിട്ടു ചെല്ലുമ്പോഴുള്ള വൃത്തിയുള്ള തീരെച്ചെറിയ ഓടിട്ട വീട്ടിൽ നാലുപേർക്കു കൂടി കയറാവുന്ന വലിപ്പമുള്ള തൂവെള്ള ഖദർ ഷർട്ടും മുണ്ടും ധരിച്ച് വായിൽ നിറയെ മുറുക്കാനുമായി കുലുങ്ങിച്ചിരിക്കുന്ന' സേതുമാഷിന് എന്റെ മനസ്സിൽ മധുമാഷിന്റെ രൂപവും സ്വഭാവവും സ്നേഹവുമാണ്.
പല പ്രാവശ്യം നിർബന്ധിച്ചതിനാൽ വാക്കു പാലിക്കാൻ വേണ്ടി ഒരു പത്രത്തിന്റെ ഓണപ്പതിപ്പിനു നൽകാനിടയായ ചെറു നോവലാണു യൂദാസിന്റെ സുവിശേഷം. 'ഒറ്റുകാരന് ഒരിക്കലും ഉറക്കം വരികയില്ല' എന്നു തുടങ്ങുന്ന ആദ്യ ഖണ്ഡം അതിന്റെ എഡിറ്റർ എന്റെ അനുവാദമില്ലാതെ വെട്ടിമാറ്റി. കാരണം രസകരമായിരുന്നു. അയാൾ സ്ഥാപനത്തിൽ അറിയപ്പെട്ടിരുന്നത് ഒറ്റുകാരൻ യൂദാസ് എന്നായിരുന്നുവത്രേ.
ഞാൻ കഠിനമായി ക്ഷോഭിച്ചു. ഇതറിഞ്ഞപ്പോൾ കലാകൗമുദി പത്രാധിപർ ശ്രീ പ്രസാദ് ലക്ഷ്മൺ കലാകൗമുദിയിൽ അതു പുനഃപ്രസിദ്ധീകരിച്ചു.
അന്നു ഞാൻ കക്കയം കണ്ടിട്ടില്ല. പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിനു മുമ്പ് ഒരു ദിവസം ദിലീപിനോടൊപ്പം കോഴിക്കോട്ടു പോയപ്പോൾ ഞാൻ കക്കയം കാണാൻ തീർച്ചപ്പെടുത്തി.
ദിലീപിന് മധു മാഷിനെ നേരത്തേ പരിചയമുണ്ടായിരുന്നു. കക്കയത്തേക്കു കൂടെ വരാൻ മാഷ് തയാറായി.
കാറിന്റെ മുൻ സീറ്റിലിരുന്നു മാഷ് ആ ദൂരമത്രയും കഥകൾ പറഞ്ഞു.
പുസ്തകത്തിൽ സേതുമാഷും പ്രേമയും കൂടി കക്കയത്തു കാണുന്നതെല്ലാം മധു മാഷിനോടൊപ്പം ഞാൻ കണ്ടവയാണ്.
കക്കയത്തെ പഴയ ക്യാംപ് ഓഫിസ് പ്രവർത്തിച്ചിരുന്ന കെട്ടിടം കാണാൻ പോയപ്പോൾ സെക്യൂരിറ്റി പോസ്റ്റിൽ നിന്ന് ഇറങ്ങി വന്ന ആളുമായി സേതുമാഷ് കലഹിക്കുന്ന ഒരു രംഗമുണ്ട്, നോവലിൽ. വാസ്തവത്തിൽ മധുമാഷും സെക്യൂരിറ്റിയുമായുണ്ടായ ഏറ്റുമുട്ടലിന്റെ ഒരു എഡിറ്റഡ് വെർഷൻ മാത്രമാണ് അത്.
കെ. മധുസൂദനൻ എന്നായിരുന്നു മാഷിന്റെ യഥാർത്ഥ പേര്. മധു മാസ്റ്റർ എന്നാണ് അറിയപ്പെട്ടിരുന്നത്.
നക്സൽ പ്രസ്ഥാനത്തിന്റെ വയനാട് ജില്ലാ സെക്രട്ടറി ആയിരുന്നു. അടിയന്തരാവസ്ഥക്കാലത്തു കൊടിയ മർദ്ദനം അനുഭവിച്ചിരുന്നു.
'അമ്മ', 'പുലി മറഞ്ഞ കുട്ടൻ മൂസ്', ' മൂട്ട', 'സ്പാർട്ടക്കസ്' തുടങ്ങി പതിനഞ്ചോളം നാടകങ്ങളുടെ കർത്താവാണ്. അടിയന്തരാവസ്ഥയ്ക്കു ശേഷം വലിയ ചലനം സൃഷ്ടിച്ച നാടകമായിരുന്നു 'അമ്മ'. 'അമ്മ' എഴുതിയതും സംവിധാനം ചെയ്തതും മധു മാഷ് ആണ്. ആ നാടകം കാണുന്നതു മാർക്സിസ്റ്റ് പാർട്ടി വിലക്കിയിരുന്നു.
എട്ടോളം സിനിമകളിൽ വേഷമിട്ടു. രാഷ്ട്രീയ തെരുവു നാടകങ്ങൾ അവതരിപ്പിച്ചിരുന്നു.
ധിഷണാശാലി, തികഞ്ഞ കലാപകാരി. അരാജകവാദി.
നക്സലൈറ്റുകളെക്കുറിച്ചും അക്കാലത്തെക്കുറിച്ചും മാഷ് ഒരുപാട് അനുഭവങ്ങൾ പങ്കുവച്ചു. സംഭാഷണം അക്കാലത്തെക്കുറിച്ചുള്ള സിനിമകളിലെത്തി. അതിലൊരു സിനിമ മാഷ് കണ്ടതാണോ എന്നു ഞാൻ ചോദിച്ചു.
'കണ്ടു, കണ്ടു' - മധുമാഷ് പറഞ്ഞു.
'എന്നിട്ടോ?"
'എന്നിട്ടെന്താ, ഞാൻ ഒരു ചാക്ക് പൊരി വാങ്ങി. പൊരിയല്ലേ, ഒരു ചാക്ക് ഉണ്ടെങ്കിലും വലിയ ഭാരമില്ല. അതും ചുമന്നു ഞാൻ അതെഴുതിയ ആളുടെ വീട്ടിൽ ചെന്നു."
'എന്നിട്ടോ ?'
'ഞാൻ ചാക്ക് അവിടെ വച്ചു. ഇനി നക്സലൈറ്റുകളെക്കുറിച്ചു സിനിമ എഴുതാൻ തോന്നിയാൽ ഇതിലോരോന്നു എടുത്തു കൊറിച്ചോണ്ടിരുന്നോളണം, അല്ലാതെ മേലിൽ ഇമ്മാതിരി സിനിമയെഴുതിയാൽ വെട്ടിത്തുണ്ടമാക്കും എന്നു ഭീഷണിപ്പെടുത്തിയിട്ടു തിരിച്ചു പോന്നു.'
'യൂദാസിന്റെ സുവിശേഷം' അയച്ചു കൊടുത്തിട്ടു ഞാൻ മധുമാഷിനോടു പറഞ്ഞു:
'മാഷേ പൊരിച്ചാക്കുമായി വരാൻ പ്ലാനുണ്ടെങ്കിൽ പറയണം, അവിടുന്നു കൊണ്ടുവരണമെന്നില്ല, ഇവിടെയും കിട്ടും."
മാഷ് പൊട്ടിച്ചിരിച്ചു.
ഒന്നോ രണ്ടോ തവണയേ കണ്ടിട്ടുള്ളൂവെങ്കിലും എപ്പോഴും കോഴിക്കോട്ട് ഉണ്ടാകുമെന്നു ഞാൻ വിചാരിച്ചിരുന്ന ഒരാൾ.
'യൂദാസിന്റെ സുവിശേഷം' ഉള്ളിടത്തോളം എന്നെ വിട്ടു പോകാത്ത ഒരാൾ.
മധു മാഷ്.

*(കടപ്പാട്: ട്രൂകോപ്പി തിങ്ക്)*

■

ഫെബ്രുവരി ലക്കത്തിൽ നിന്ന് തുടർച്ച

# സിപിഐ (എംഎൽ) റെഡ്സ്റ്റാർ രാഷ്ട്രീയപ്രമേയം

## സിപിഐ (എംഎൽ) റെഡ്സ്റ്റാർ 12-ാം കോൺഗ്രസിൽ അംഗീകരിച്ചരാഷ്ട്രീയപ്രമേയം

4.12 കൊവിഡ് മഹാമാരി, ആഗോള സാമ്പത്തിക പ്രതിസന്ധി, എണ്ണ വിലയിലെ ഏറ്റക്കുറച്ചിലുകൾ തുടങ്ങിയവ ഗൾഫിൽ ഇപ്പോഴും ജോലി ചെയ്യുന്ന 6 ദശലക്ഷത്തിലധികം ഇന്ത്യൻ പ്രവാസികളുടെ ജീവിതം പെരുവഴിയിലാക്കിയിരിക്കുന്നു. കഴിഞ്ഞ കുറേ വർഷങ്ങളായി, ഇന്ത്യയുടെ വിദേശനാണ്യ ശേഖരം നിലനിർത്തുന്നതിൽ അവർ ഒരു പ്രധാന പങ്ക് വഹിക്കുന്നു. മഹാമാരിയുടെപേരിൽ അവരിൽ പലരും ഇന്ത്യയിലേക്ക് മടങ്ങാൻ നിർബന്ധിതരായി. ഇന്ത്യൻ കുടിയേറ്റ തൊഴിലാളികളിൽ ഭൂരിഭാഗവും കേന്ദ്രീകരിച്ചിരിക്കുന്ന ഗൾഫ് രാജ്യങ്ങളുമായി ബന്ധപ്പെട്ട് അവരുടെ പുനരധിവാസവും ഉചിതമായ നയപരമായ കാര്യങ്ങൾസംബന്ധിച്ചഅടിയന്തിര രാഷ്ട്രീയ ഇടപെടലുകളും ആവശ്യമാണ്.

4.13 2014ൽ മോദി സർക്കാർ അധികാരത്തിൽ വന്നതു മുതൽ ഇന്ത്യയുടെ അയൽരാജ്യങ്ങളുമായുള്ള ബന്ധം തുടർച്ചയായി വഷളായിക്കൊണ്ടിരിക്കുകയാണ്. നേപ്പാൾ, ഭൂട്ടാൻ, ബംഗ്ലദേശ്, പാകിസ്ഥാൻ എന്നിവരോടുള്ള അതിന്റെ വല്യേട്ടൻമനോഭാവംനിമിത്തം, സാർക്ക് ഇതിനകം തന്നെ പ്രവർത്തനരഹിതമായി. നേപ്പാളിൽ ഒരു മതേതര സർക്കാർ രൂപീകരിക്കുന്നത് തടയാനുള്ള മോദി ഭരണത്തിന്റെ മുൻകാല ശ്രമം ഇതിനകം തന്നെ പരസ്യമായിട്ടുണ്ട്. ഐക്യരാഷ്ട്രസഭയുടെ കണക്കനുസരിച്ച് ഏറ്റവും പീഡിപ്പിക്കപ്പെടുന്ന ന്യൂനപക്ഷമായ റോഹിങ്ക്യൻ അഭയാർത്ഥികളോടുള്ള ഹിന്ദുത്വശക്തികളുടെ മനോഭാവം ബംഗ്ലാദേശിനെ അകറ്റി. ഇന്തോ-പസഫിക്കിൽ ചൈനയ്ക്കെതിരെ യുഎസുമായുള്ള മോദിയുടെ തന്ത്രപരമായ സഖ്യം, ശ്രീലങ്കയെയും മറ്റും ചൈനയുമായി അടുക്കാൻ പ്രേരിപ്പിച്ചു. ചൈനയുമായുള്ള അതിർത്തി പ്രശ്നത്തിൽ, സാമ്രാജ്യത്വ ചൈനയെ കൈകാര്യം ചെയ്യാനുള്ള മോദി സർക്കാരിന്റെ കഴിവില്ലായ്മ ഇതിനകം തന്നെ തുറന്നുകാട്ടപ്പെട്ടതാണ്. യുഎസിന്റെ ജൂനിയർ പങ്കാളിയെന്നനിലയിൽ ഇന്ത്യൻ ഭരണകൂടത്തിന്റെ പങ്ക് ചൈനയുമായുള്ള വൈരുദ്ധ്യത്തിന് മൂർച്ച കൂട്ടുകയാണ്, ഇത് അതിർത്തി പ്രശ്നത്തിന്റെ സൗഹാർദ്ദപരമായ പരിഹാരത്തിന് തടസ്സം നിൽക്കുന്നു.

4.14 മറുവശത്ത്, അന്താരാഷ്ട്ര മൂലധനത്തിന്റെ വലിയ വിപണിയായതിനാൽ, റഷ്യയുമായും യുഎസുമായുള്ള വിലപേശൽ നിലപാട്, ഉക്രെയ്നിനെതിരായ റഷ്യൻ ആക്രമണത്തോടുള്ള സമീപനത്തിൽ തന്നെ വ്യക്തമായിട്ടുണ്ട്. ചരിത്രപരമായും രാഷ്ട്രീയമായും ഉക്രെയ്ൻ വിഷയത്തിൽ സാമ്രാജ്യത്വ വിരുദ്ധ നിലപാട് സ്വീകരിക്കാൻ കഴിവില്ലാത്ത,ഇന്ത്യൻ സർക്കാരിന്റെ, റഷ്യയിൽനിന്നുള്ളആയുധങ്ങളിലും വിലകുറഞ്ഞ എണ്ണയിലുംഉള്ളആശ്രിതത്വം തുടക്കം മുതലേ തുറന്നു കാട്ടപ്പെട്ടിട്ടുണ്ട്. ഇതിനെ സന്തുലിതമാക്കാൻ, ക്വാഡിലും ചൈനയെ ലക്ഷ്യം വച്ചുള്ള യുഎസിന്റെ ഇന്തോ-പസഫിക് കുതന്ത്രങ്ങളിലും വിശ്വസ്തതയോടെ തന്ത്രപരമായ പങ്കാളിയായി നിലകൊള്ളുന്നതിലൂടെ യുഎസിന്റെ വിരോധംസമ്പാദിക്കാതിരിക്കാനുള്ള സർവ്വശ്രമവും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉഷാറായിനടത്തുന്നുണ്ട്.

4.15 മുൻവർഷങ്ങളിലെ ചേരിചേരാ പാരമ്പര്യങ്ങൾ ഉപേക്ഷിച്ച്, മർദ്ദകരാഷ്ട്രങ്ങളുടെ പക്ഷംചേർന്നുകൊണ്ട്,എല്ലാ മർദ്ദിതരാഷ്ട്രങ്ങളോടും ജനങ്ങളോടും നവഫാസിസ്റ്റ് മോദി ഭരണകൂടം പ്രകടമായ ശത്രുതാപരമായ നിലപാടാണ് സ്വീകരിക്കുന്നത്.പ്രത്യേകിച്ചുംഇന്ത്യൻ ഭരണകൂടത്തെ നയിക്കുന്ന ആർഎസ്എസ്, പ്രധാനമായും യുഎസിൽ സ്ഥിതി ചെയ്യുന്ന അസംഖ്യം അന്താരാഷ്ട്ര അഫിലിയേറ്റുകളിലൂടെ ഇസ്ലാം വിരോധമുപയോഗിച്ച്,മുസ്ലീങ്ങൾക്കെതിരെ സയണിസ്റ്റുകളുമായി ചേർന്ന്, ആഗോള ഹിന്ദുത്വ പ്രചാരണത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. യുഎസിലെ റിപ്പബ്ലിക്കൻ -ജൂത സഖ്യത്തിന്റെ മാതൃകയിലുള്ള ഹിന്ദുത്വ-റിപ്പബ്ലിക്കൻ സഖ്യം ആർഎസ്എസ് അന്താരാഷ്ട്ര ദൗത്യങ്ങൾക്ക്അനുസൃതമായി,സ്വാധീനംചെലുത്താനുള്ള പ്രവർത്തനങ്ങളിൽ സജീവമാണ്. യൂറോപ്പിലെ പല നവനാസി, നവഫാസിസ്റ്റ് ഗ്രൂപ്പുകളുമായും പ്ര

സ്ഥാനങ്ങളുമായും ഇതേ ബന്ധമാണ് ആർഎസ് എസിന് ഉള്ളത്.

**5. ആർഎസ്എസ് നവഫാസിസത്തിന്റെ പശ്ചാത്തലത്തിൽ നമ്മുടെ അടിയന്തിരകടമകൾ**

5.1 2018-ലെ 11-ാം പാർട്ടി കോൺഗ്രസിൽ അംഗീകരിച്ച രാഷ്ട്രീയ പ്രമേയം നമ്മുടെ അടിയന്തിര കടമകളെക്കുറിച്ച് ഇങ്ങനെ സൂചിപ്പിച്ചു: "3.ix ...പാർട്ടി കെട്ടിപ്പടുക്കുന്നതിലും വർഗ/ബഹുജന സംഘടനകളെയും ജനകീയ പ്രസ്ഥാനങ്ങളെയും ശക്തിപ്പെടുത്തുന്നതിലും വർഗസമരം വികസിപ്പിക്കുന്നതിലും നാം അടിയന്തിരമായി ഏർപ്പെടേണ്ടതുണ്ട്. ഇതിനോടൊപ്പം, ലഭ്യമായ എല്ലാ മാർഗങ്ങളും ഉപയോഗിച്ച്, സാമ്രാജ്യത്വത്തിനും ഭരണവ്യവസ്ഥയ്ക്കുമെതിരെയുംകോർപ്പറേറ്റ്-കാവി ഫാസിസത്തിനെതിരെയും ദൃഢമായ പ്രത്യയശാസ്ത്ര-രാഷ്ട്രീയ ക്യാമ്പയിൻ നടത്തണം. നമ്മുടെ രാജ്യത്തിന്റെ സമൂർത്ത സാഹചര്യത്തിന് അനുസൃതമായി മാർക്സിസം-ലെനിനിസം വികസിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ദൃഢമായ പ്രത്യയശാസ്ത്ര-രാഷ്ട്രീയ ക്യാമ്പയിൻ നടത്തണം. ഈ സാഹചര്യത്തിൽ, കോർപ്പറേറ്റ് വർഗീയ ഫാസിസ്റ്റ് ഭീഷണിയെ ചെറുത്തുതോൽപ്പിക്കുന്നതിനായി ഒരു പൊതു പ്രകടനപത്രിക തയ്യാറാക്കുന്നതിന് സാധിക്കുന്ന തരത്തിൽ ഒരു ദേശീയ ഏകോപനത്തിനായി എല്ലാ വിപ്ലവ, ജനാധിപത്യ ശക്തികളുമായും മറ്റ് സമര ശക്തികളുമായും ചർച്ച നടത്താൻ നമ്മുടെ പാർട്ടി സജീവമായി ശ്രമിക്കണം.

5.2 മോദി.2-യുടെ കീഴിലും, സമീപകാല നിയമസഭാ തെരഞ്ഞെടുപ്പിനെത്തുടർന്നും, മുകളിൽ സംക്ഷിപ്തമായി വിശകലനം ചെയ്തതുപോലെ, ആർഎസ്എസ് ഹിന്ദുരാഷ്ട്രത്തിലേക്കുള്ള അന്തിമ യത്നത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. ഇന്ത്യ ഒരു നവഫാസിസ്റ്റ് അവസ്ഥയിലാണെന്ന് ഇത് കാണിക്കുന്നു, അതിന്റെ ഭീഷണി ബഹുമുഖ സ്വഭാവമുള്ളതാണ്. ഈ പരിവർത്തനത്തെ അംഗീകരിച്ചുകൊണ്ട്, 12-ാം കോൺഗ്രസ് അംഗീകരിച്ച രാഷ്ട്രീയ സംഘടനാ റിപ്പോർട്ട്, ഇങ്ങനെ ഉപസംഹരിക്കുന്നു: "ഫാസിസ്റ്റ് ആക്രമണത്തിന്റെ ഏറ്റവും അപകടകരമായ ദിനങ്ങളിലൂടെയാണ് നാം കടന്നുപോയിക്കൊണ്ടിരിക്കുന്നത്. ഈ വെല്ലുവിളി ഏറ്റെടുക്കാൻ, എല്ലാ അന്യവർഗ്ഗപ്രവണതകൾക്കും എതിരെ നാം വിട്ടുവീഴ്ചയില്ലാത്ത പ്രത്യയശാസ്ത്ര പോരാട്ടം നിരന്തരം തുടരുകയും, ഫാസിസ്റ്റ് മോദി രാജിനെതിരെ സാധ്യമായ ഏറ്റവും വിശാലമായ ഐക്യമുന്നണി കെട്ടിപ്പടുക്കുന്നതിനുള്ള പരിശ്രമം തുടരുകയും വേണം. സ്വതന്ത്ര ഇടതുപക്ഷ അസ്തിത്വത്തിന്റെ പാത നാം പിന്തുടരണം. നാംമുന്നോട്ട് വെച്ച കരട് പരിപാടിയുടെയും പാത രേഖകളുടെയും അടിസ്ഥാനത്തിൽ എല്ലാ കമ്മ്യൂണിസ്റ്റുകാരുമായും ഐക്യപ്പെട്ടുകൊണ്ട് പാർട്ടി കെട്ടിപ്പടുക്കൽ വേഗത്തിലാക്കണം. വരുംനാളുകളിൽ വിപ്ലവസമരങ്ങൾക്ക് തുടക്കമിട്ടുകൊണ്ട്,ജനകീയ ജനാധിപത്യത്തിനും സോഷ്യലിസത്തിനും വേണ്ടിയുള്ള പരിപാടിയിൽ അധിഷ്ഠിതമായ വിപ്ലവ ഇടതുപക്ഷ കാമ്പിനെ രൂപപ്പെടുത്താൻ നാം ശ്രമിക്കണം. ഇതുവഴി കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഇന്നത്തെ സ്തംഭനാവസ്ഥയെ മറികടക്കാനും ആർഎസ്എസിന്റെ വർദ്ധിച്ചുവരുന്ന ഫാസിസ്റ്റ് ആക്രമണത്തിനെതിരായ പോരാട്ടം ശക്തമാക്കാനും ജനാധിപത്യ വിപ്ലവത്തിന്റെ ശേഷിക്കുന്ന കടമകൾ പൂർത്തിയാക്കാനും സോഷ്യലിസ്റ്റ് വിപ്ലവത്തിലേക്ക് മുന്നേറാനും നമുക്ക് തീർച്ചയായുംകഴിയും."

> ഫാസിസ്റ്റ് മോദി രാജിനെതിരെ സാധ്യമായ ഏറ്റവും വിശാലമായ ഐക്യമുന്നണി കെട്ടിപ്പടുക്കുന്നതിനുള്ള പരിശ്രമം തുടരുകയും വേണം. സ്വതന്ത്ര ഇടതുപക്ഷ അസ്തിത്വത്തിന്റെ പാത നാം പിന്തുടരണം. നാം മുന്നോട്ട് വെച്ച കരട് പരിപാടിയുടെയും പാത രേഖകളുടെയും അടിസ്ഥാനത്തിൽ എല്ലാ കമ്മ്യൂണിസ്റ്റുകാരുമായും ഐക്യപ്പെട്ടുകൊണ്ട് പാർട്ടി കെട്ടിപ്പടുക്കൽ വേഗത്തിലാക്കണം.

5.3 അങ്ങനെ, നേരത്തെവിശദീകരിച്ചതുപോലെ, "വിട്ടുവീഴ്ചയില്ലാത്ത പ്രത്യയശാസ്ത്ര പോരാട്ടത്തിൽ അധിഷ്ഠിതമായി, ഫാസിസ്റ്റ് മോദിരാജിനെതിരെ സാധ്യമായ ഏറ്റവും വിശാലമായ ഐക്യമുന്നണി കെട്ടിപ്പടുക്കുക", 'ഇടതുപക്ഷത്തിന്റെ സ്വതന്ത്ര അസ്തിത്വത്തിന്റെ പാത പിന്തുടരുക, 'എല്ലാ കമ്മ്യൂണിസ്റ്റുകാരുമായും ഐക്യപ്പെട്ടുകൊണ്ട് പാർട്ടി കെട്ടിപ്പടുക്കുന്ന പ്രക്രിയവേഗത്തിലാക്കുക" എന്നിവ ഫാസിസത്തെ ചെറുത്തുതോൽപ്പിക്കുകയെന്ന അടിയന്തിരരാഷ്ട്രീയകടമയുടെ അഭേദ്യവും പരസ്പരബന്ധിതവുമായ ഘടകങ്ങളാണ്. നമ്മുടെ

സംഘടനാപരമായ ദൗർബല്യ ങ്ങൾക്കിടയിലും, പരിമിതമായ രൂപത്തിലാണെങ്കിലും, ഈ രാഷ്ട്രീയ വ്യക്തതയുടെഅടിസ്ഥാനത്തിലാണ് നാം ആർഎസ്എസിന്റെ കോർപ്പറേറ്റ്–ഹിന്ദുത്വ ഫാസിസത്തിന്റെ പരീക്ഷണശാലയായ യുപിയിൽ'ബിജെപിയെ തോൽപ്പിക്കുക, ജനാധിപത്യത്തെ സംരക്ഷിക്കുക' എന്ന കാമ്പയിൻ സംഘടിപ്പിച്ചത്.

5.4 ഭരണവർഗ രാഷ്ട്രീയ വർണരാജിയിൽ, പാർട്ടികളോ മുന്നണികളോ ഒന്നുംഇതുവരെ വ്യക്തമായ ഫാസിസ്റ്റ് വിരുദ്ധ നിലപാട് സ്വീകരിച്ചിട്ടില്ല. ഇതിനകം ദുർബലമായിക്കഴിഞ്ഞ കോൺഗ്രസ് ഉൾപ്പെടെയുള്ള ബിജെപി ഇതര ഭരണവർഗ പ്രതിപക്ഷ കക്ഷികളും,, കൂടാതെ ജാതീയ–വർഗീയ ആഭിമുഖ്യമുള്ള സംസ്ഥാനതല, പ്രാദേശിക പാർട്ടികളും, നവലിബറൽ കോർപ്പറേറ്റ്‌വൽക്കരണത്തിന്റെ പിന്താങ്ങികളായതിനാൽ, അധികാരം പങ്കിടാൻ അവസരവാദ സഖ്യങ്ങൾ ഉണ്ടാക്കുന്നതിലാണ് അവർപ്രധാനമായും ശ്രദ്ധ ചെലുത്തുന്നത്. വ്യാപകമായ അഴിമതിക്കും ഭൂരിപക്ഷവാദത്തിനും കാവിഫാസിസത്തിന്റെ വിപത്തിനുമെതിരെയുള്ള ജനരോഷം മുതലെടുക്കാൻ അവരിൽ ചിലർ ശ്രമിക്കുന്നുണ്ടെങ്കിലും സ്വന്തം വർഗ്ഗനിലപാടുകളും രാഷ്ട്രീയവും പ്രത്യശാസ്ത്രപരവുമായ പാപ്പരത്തം നിമിത്തം നവഫാസിസത്തിനെതിരായ പോരാട്ടത്തിനു മുൻകൈയെടുക്കാൻ അവരാരും തന്നെ തയ്യാറായിട്ടില്ല.

5.5 വിവിധങ്ങളായ ഇടതുപക്ഷ സംഘടനകളെക്കുറിച്ചു പറയുകയാണെങ്കിൽ, പലവട്ടം തെളിയിക്കപ്പെട്ടതുപോലെ, ഇടതു സാഹസിക സ്ക്വാഡ് രാഷ്ട്രീയ ലൈനിന് ഫാസിസ്റ്റ് സാഹചര്യത്തിൽ വലിയ പങ്ക് വഹിക്കാനില്ല. മറുവശത്ത്,സോഷ്യൽ ഡെമോക്രാറ്റിക് ധാരയ്ക്ക് നേതൃത്വം നൽകുന്ന സിപിഐ (എം) ഇന്ത്യൻ ഭരണകൂടം ഒരു ഫാസിസ്റ്റു ഭരണകൂടമാണെന്ന് അംഗീകരിക്കുക പോലും ചെയ്യുന്നില്ല. നവലിബറൽ കോർപ്പറേറ്റ്‌വൽക്കരണത്തിന്റെ മാപ്പുസാക്ഷികൾ എന്ന നിലയിൽ, ഫാസിസത്തിന്റെ ഭൗതികാടിത്തറയായ കോർപ്പറേറ്റ് മൂലധനത്തിനെതിരായി രാഷ്ട്രീയ സമരങ്ങൾ നയിക്കാൻ സിപിഐ(എം) അശക്തമാണെന്ന് ഇതിനകം തന്നെ വെളിവാക്കപ്പെട്ടിട്ടുണ്ട്. സിംഗൂരിനും നന്ദിഗ്രാമിനും പിന്നാലെ വലതുപക്ഷഅവസരവാദ നയങ്ങൾ കാരണം ബംഗാളിലും ത്രിപുരയിലും സിപിഐ (എം) വൻതകർച്ചയെ നേരിട്ടു. തങ്ങളെ എതിർക്കുന്നവരെയെല്ലാം യു എ പി എ പോലുള്ള ഫാസിസ്റ്റ് ആയുധങ്ങൾ ഉപയോഗിച്ച് നിഷ്കരുണം അടിച്ചമർത്തിക്കൊണ്ട്കോർപ്പറേറ്റ് അനുകൂല നയങ്ങൾ അടിച്ചേൽപ്പിക്കുന്ന അവരുടെ ഇന്നത്തെനയം,അവരെ തൊഴിലാളിവർഗത്തിൽ നിന്നും അടിച്ചമർത്തപ്പെട്ടവരിൽ നിന്നും കൂടുതൽ അകറ്റുകയാണ്.

> സോഷ്യൽ ഡെമോക്രാറ്റിക്ധാരയ്ക്ക് നേതൃത്വം നൽകുന്ന സിപിഐ (എം) ഇന്ത്യൻ ഭരണകൂടം ഒരു ഫാസിസ്റ്റു ഭരണകൂടമാണെന്ന് അംഗീകരിക്കുക പോലും ചെയ്യുന്നില്ല. നവലിബറൽ കോർപ്പറേറ്റ്‌വൽക്കരണത്തിന്റെ മാപ്പുസാക്ഷികൾ എന്ന നിലയിൽ, ഫാസിസത്തിന്റെ ഭൗതികാടിത്തറയായ കോർപ്പറേറ്റ് മൂലധനത്തിനെതിരായി രാഷ്ട്രീയ സമരങ്ങൾ നയിക്കാൻ സിപിഐ(എം) അശക്തമാണെന്ന് ഇതിനകം തന്നെ വെളിവാക്കപ്പെട്ടിട്ടുണ്ട്.

5.6 എല്ലാ ഫാസിസ്റ്റ്–ഇതര, മതേതര, ജനാധിപത്യ, പുരോഗമന ശക്തികളെയും ഏകോപിപ്പിച്ചുകൊണ്ട് രാഷ്ട്രീയവും സംഘടനാപരവുമായി ഫാസിസ്റ്റു വിരുദ്ധ പ്രസ്ഥാനത്തിനു നേതൃത്വം നല്കാൻ കെൽപ്പുള്ള ഒരു കമ്മ്യൂണിസ്റ്റു പ്രസ്ഥാനം ഇനിയും ഉരുത്തിരിഞ്ഞു വരേണ്ടതുണ്ട് എന്ന ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണ് ഇന്നുള്ളത്.ഈ വസ്തുതയെ അംഗീകരിക്കുന്നതിന്റെ പേരിൽ, ആർ എസ് എസ് നവ ഫാസിസത്തെ ചെറുത്തു തോൽപ്പിക്കുന്നതിനായി ഒരു ഫാസിസ്റ്റു വിരുദ്ധ പ്രസ്ഥാനം കെട്ടിപ്പടുക്കുക എന്ന അടിയന്തിര കടമയെ കയ്യൊഴിക്കുന്നത് ശരിയല്ല. വിവിധ തലങ്ങളിൽ പരസ്പര ബന്ധിതമായ രീതിയിൽ നമ്മുടെ ഇടപെടൽ ആവശ്യപ്പെടുന്ന സങ്കീർണമായ കടമയാണത്.

5.7 തീർച്ചയായും നമ്മുടെ അടിസ്ഥാന രേഖകളിൽ പ്രതിപാദിച്ച പ്രകാരം, പാർട്ടി കെട്ടിപ്പടുക്കുന്നത് വേഗത്തിലാക്കണം, വർഗ–ബഹുജന പ്രസ്ഥാനങ്ങൾ വികസിപ്പിക്കണം, നമ്മുടെ പ്രത്യയശാസ്ത്ര– രാഷ്ട്രീയ നിലപാടിന്റെ അടിസ്ഥാനത്തിൽ ഭരണ വ്യവസ്ഥയ്ക്കും തീവ്ര വലതുപക്ഷ നവലിബറൽ സാമ്രാജ്യത്വത്തിനുമെ

തിരായി ജനകീയ സമരങ്ങൾ ആരംഭിക്കണം. നവലിബറൽ സാമ്രാജ്യത്വത്തിന്റെ മൂർത്തമായ പ്രകടിതരൂപങ്ങൾക്കനുസരിച്ച്, പാർട്ടി കെട്ടിപ്പടുക്കുന്നതിനുള്ള ഈ ദൗത്യത്തിന് രണ്ട് ഘടകങ്ങളുണ്ട്- അന്താരാഷ്ട്രഘടകവും രാജ്യത്തിനുള്ളിലെ ഘടകവും. നേരത്തെ വിശദീകരിച്ച സാർവദേശീയകടമകളിൽ,ആദ്യത്തേത് നേരത്തേസൂചിപ്പിച്ചിട്ടുണ്ട്.

5.8 മുൻകാല ജനകീയ ജനാധിപത്യ, സോഷ്യലിസ്റ്റ് അനുഭവങ്ങളിൽനിന്നുള്ള പാഠങ്ങൾ സ്വാംശീകരിക്കുന്നതോടൊപ്പം, നമ്മുടെ അടിസ്ഥാന രേഖകളിൽ വ്യക്തമാക്കുന്നതുപോലെ, വർഗ, ജാതി, ലിംഗസമരങ്ങൾ,പരിസ്ഥിതി സംരക്ഷണത്തിനായുള്ള സമരങ്ങൾ ഇവ തമ്മിലുള്ള അഭേദ്യമായ ബന്ധം കണക്കിലെടുത്തുകൊണ്ടു മാത്രമേ രാജ്യവ്യാപകമായ സ്വാധീനത്തോടെ പാർട്ടിയെ കെട്ടിപ്പടുക്കുവാനും ഇന്ത്യയിലെ വസ്തുനിഷ്ഠസാഹചര്യങ്ങൾക്കനുസരിച്ച് ജനാധിപത്യ, വിപ്ലവ സമരങ്ങൾക്ക് നേതൃത്വം നൽകുവാനും കഴിയൂ. അതായത്, വർഗസമരത്തിനും, ജാതിനിർമൂലനത്തിനും ലിംഗസമത്വത്തിനും പരിസ്ഥിതിസംരക്ഷണത്തിനുംവേണ്ടിയുള്ള സമരങ്ങൾ തമ്മിലുള്ള പരസ്പരബന്ധത്തെ സമഗ്രമായി സ്വാംശീകരിക്കുകയെന്നത് പാർട്ടി കെട്ടിപ്പടുക്കൽ പ്രക്രിയയ്ക്ക് അനുപേക്ഷണീയമായ സംഗതിയാണ്.വിപ്ലവ സിദ്ധാന്തത്താൽ സജ്ജമായതും, തൊഴിലാളികളുടെയും കർഷകരുടെയും സ്ത്രീകളും എല്ലാ തരം ലൈംഗിക വിഭാഗങ്ങളും ആദിവാസികളും ദലിതരും അടക്കമുള്ള എല്ലാ അടിച്ചമർത്തപ്പെട്ട വിഭാഗങ്ങളുടെയും വിവിധങ്ങളായ സമരങ്ങൾക്കും പരിസ്ഥിതി സംരക്ഷണ പ്രക്ഷോഭങ്ങൾക്കും നേതൃത്വം നൽകിക്കൊണ്ട് പ്രായോഗിക അനുഭവങ്ങളുള്ളതുമായ ഒരു പാർട്ടിയാണ് ഇന്ന് അടിയന്തിരമായി ആവശ്യമുള്ളത്.

> മുൻകാല ജനകീയ ജനാധിപത്യ, സോഷ്യലിസ്റ്റ് അനുഭവങ്ങളിൽനിന്നുള്ള പാഠങ്ങൾ സ്വാംശീകരിക്കുന്നതോടൊപ്പം, നമ്മുടെ അടിസ്ഥാന രേഖകളിൽ വ്യക്തമാക്കുന്നതുപോലെ, വർഗ, ജാതി, ലിംഗസമരങ്ങൾ,പരിസ്ഥിതി സംരക്ഷണത്തിനായുള്ള സമരങ്ങൾ ഇവ തമ്മിലുള്ള അഭേദ്യമായ ബന്ധം കണക്കിലെടുത്തുകൊണ്ടുമാത്രമേ രാജ്യവ്യാപകമായ സ്വാധീനത്തോടെ പാർട്ടിയെ കെട്ടിപ്പടുക്കുവാനും ഇന്ത്യയിലെ വസ്തുനിഷ്ഠസാഹചര്യങ്ങൾക്കനുസരിച്ച് ജനാധിപത്യ, വിപ്ലവ സമരങ്ങൾക്ക് നേതൃത്വം നൽകുവാനുംകഴിയൂ.

5.9 നവ ലിബറൽ- കോർപ്പറേറ്റ് വൽക്കരണത്തിന്റെ സകലമാന പ്രകടിത രൂപങ്ങൾക്കുമെതിരായ സമരങ്ങളിലൂടെ നേടിയെടുക്കുന്ന, തൊഴിലാളികളുടെയും മറ്റെല്ലാ മർദിതരുടെയും ഐക്യത്തിലൂടെ മാത്രമേ ഒരു പൊതു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിലുള്ള കമ്മ്യൂണിസ്റ്റ് വിപ്ലവ ശക്തികളും സഹോദരസംഘടനകളും അടങ്ങുന്ന ഒരു വിപ്ലവ ഇടതു കാമ്പിന് രൂപം നൽകാനാവൂ. തൊഴിലാളികളുടെയും മർദിതരുടെയും ബഹുഭൂരിപക്ഷത്തിന്റെയും താൽപ്പര്യങ്ങൾക്കായി നിലകൊള്ളുന്ന ഈ അടിത്തറയ്ക്കുമേൽ മാത്രമേ ആർ എസ് എസ് നേതൃത്വത്തിലുള്ള നവ ഫാസിസത്തെ വെല്ലുവിളിക്കാനും പരാജയപ്പെടുത്താനും പര്യാപ്തമായ ഏറ്റവും വിശാലമായ ഫാസിസ്റ്റു - വിരുദ്ധ മുന്നണിക്ക് തുടക്കമിടാൻ കഴിയൂ.

5.10 ഇന്നത്തെ ഇന്ത്യയിലേതുപോലെയുള്ള നവഫാസിസ്റ്റ് അവസ്ഥയിൽ അനിവാര്യമായ രാഷ്ട്രീയ കടമകൾ ഏറ്റെടുക്കുന്നതിന് ആവശ്യം വേണ്ട സംഘടനാ, സംഘം ചേരൽ, അഭിപ്രായ സ്വാതന്ത്ര്യം എന്നിങ്ങനെയുള്ള മിനിമം അടിസ്ഥാന രാഷ്ട്രീയ അവകാശങ്ങൾ പോലും അനുവദിക്കുവാൻ ഫാസിസ്റ്റുകൾ ഒരുക്കമല്ല. അതുകൊണ്ടു തന്നെ, ഫാസിസത്തിൻ കീഴിൽ പാർട്ടിയും വിപ്ലവ ഇടതുപക്ഷ ക്യാമ്പും ഫാസിസ്റ്റു വിരുദ്ധ പ്രസ്ഥാനവും കെട്ടിപ്പടുക്കുക എന്നത് 'ഒന്നിനു ശേഷം ഒന്ന്' എന്ന ക്രമത്തിൽ ചെയ്യാൻ കഴിയില്ല. മറിച്ച്, ഈ കടമകൾ പരസ്പരം ആശ്രയിച്ചു നിലകൊള്ളുന്നതും വൈരുധ്യാത്മകമായിത്തന്നെ സമീപിക്കപ്പെടേണ്ടതുമാണ്. ഫാസിസത്തിനെതിരായ അടിയുറച്ച പോരാട്ടങ്ങളിലൂടെയാണ് പുരോഗമന, ജനാധിപത്യ ശക്തികളിലെ വലിയൊരു വിഭാഗത്തെ ഫാസിസ്റ്റു വിരുദ്ധ പ്രസ്ഥാനത്തിലേക്ക് നേടിയെടുക്കാനും അതിലൂടെ പാർട്ടി കെട്ടിപ്പടുക്കാൻ കളമൊരുങ്ങുകയും ചെയ്യുന്നത്. കമ്മ്യൂണിൻസ്റ് പ്രസ്ഥാനത്തിന്റെ ഇന്നത്തെ സ്തംഭനാവസ്ഥയെ മറികടക്കാനും ജനാധിപത്യ, വിപ്ലവ കടമകൾ സാ

ക്ഷാൽക്കരിക്കുന്നതിലേക്ക് നീങ്ങുവാനും ഫാസിസ്റ്റു വിരുദ്ധ പ്രസ്ഥാനം കെട്ടിപ്പടുക്കേണ്ടത് അനിവാര്യമാണ്.

5.11 ഫാസിസ്റ്റ് അവസ്ഥയിൽ, വർഗ സമരവും ഫാസിസ്റ്റു വിരുദ്ധ സമരവും പരസ്പര ബന്ധിതവും വേർപെടുത്താനാവാത്തതുമാണ്. ഉദാഹരണത്തിന്, ഹിന്ദുത്വ ഫാസിസത്തിനും നവ ലിബറൽ കോർപറേറ്റ് വൽക്കരണത്തിനുമെതിരായി നടന്ന സി എ എ വിരുദ്ധ സമരത്തിലും ഐതിഹാസികമായ കർഷക പ്രക്ഷോഭത്തിലും ഇവ രണ്ടിന്റെയും ഘടകങ്ങൾ ഉൾച്ചേർന്നിരുന്നു. കാവി - കോർപ്പറേറ്റ് ഫാസിസത്തിനെതിരായി എല്ലാ ഫാസിസ്റ്റു വിരുദ്ധ ശക്തികളുമായും ഫാസിസ്റ്റ് - ഇതര ശക്തികളുമായും ഐക്യപ്പെട്ടു കൊണ്ട് തുടർച്ചയായ, വിട്ടുവീഴ്ചയില്ലാത്ത സമരങ്ങൾക്ക് സാധ്യതയുണ്ടെന്ന് ഈ അനുഭവം നമ്മെ പഠിപ്പിക്കുന്നു.

5.12 ഇത്തരം ജനകീയ പ്രതിരോധ സമരങ്ങളിൽ പങ്കാളിത്തം വഹിക്കുമ്പോൾ കോർപ്പറേറ്റ് ഫാസിസത്തിനെതിരായ ജനകീയ ബദൽ കെട്ടിപ്പടുക്കുന്നതിനായി ബോധപൂർവമായ രാഷ്ട്രീയ ഇടപെടൽ അനിവാര്യമാണ്. ഇന്ത്യയെപ്പോലെ ഒരു പാട് വൈവിധ്യങ്ങളുള്ള ബൃഹത്തായ ഒരു രാജ്യത്ത്, വിപ്ലവ ഇടതുപക്ഷ ജനാധിപത്യ ശക്തികളുമായും സമരരംഗത്തുള്ള മറ്റുള്ളവരുമായും ചേർന്ന് സംസ്ഥാന തലങ്ങളിൽ നടക്കുന്ന ഏകോപനത്തിന്റെ രൂപത്തിൽ ഇത്തരം മുൻകൈ പ്രവർത്തനം സാധ്യമാകുന്നതാണ്. ഇത്, ഫാസിസ്റ്റുവിരുദ്ധ പൊതു പരിപാടിയുടെ അടിസ്ഥാനത്തിൽ കോർപ്പറേറ്റ് - ഹിന്ദുത്വ ഫാസിസത്തിനെതിരായ അഖിലേന്ത്യാ തലത്തിലുള്ള ഏകോപനത്തിന് വഴിയൊരുക്കും.ആർ എസ് എസ് നവ ഫാസിസത്തെ ഒറ്റപ്പെടുത്താനും പരാജയപ്പെടുത്താനും തിരഞ്ഞെടുപ്പ് സമരങ്ങളും ആവശ്യമായി വരും.ഇന്ത്യയിലെ ഫാസിസത്തിന്റെ പ്രത്യയശാസ്ത്ര അടിത്തറയായ മനുവാദി - ഹിന്ദുത്വത്തിനെതിരായ യുക്തമായ പ്രത്യയശാസ്ത്ര - രാഷ്ട്രീയ ഇടപെടലിന് ഇവിടെ നിർണായക പ്രസക്തിയുണ്ട്.

5.13 ഫാസിസ്റ്റ് - ഇതര ഭരണ വർഗ്ഗങ്ങളും ഇന്ത്യയിൽ ഫാസിസത്തിന്റെ ആവിർഭാവം അംഗീകരിക്കാത്ത സോഷ്യൽ ഡെമോക്രറ്റുകളും അടങ്ങിയ അത്തരം വിശാല ഫാസിസ്റ്റു വിരുദ്ധ പ്രസ്ഥാനത്തിന്റെ ഭാഗമായി പ്രവർത്തിക്കുമ്പോൾ, തൊഴിലാളി വർഗത്തിന്റെയും മറ്റു അധ്വാനിക്കുന്ന വിഭാഗങ്ങളുടെയും വർഗ്ഗതാല്പര്യത്തിന്റെ കാഴ്ചപ്പാടിൽ അടിയുറച്ചുകൊണ്ടുള്ള പ്രത്യശാസ്ത്രനിലപാട് കൈക്കൊള്ളുവാൻ കമ്മ്യൂണിസ്റ്റുകാർ ജാഗരൂകരായിരിക്കണം. അതായത്, ഫാസിസ്റ്റു വിരുദ്ധ സമരത്തിലെ 'അടവുപരമായ സഖ്യം' ഭരണവർഗങ്ങൾക്കിടയിലെ വൈരുധ്യങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാകണം. ഇന്നത്തെ ഭരണ വ്യവസ്ഥയ്ക്കും നവലിബറലിസത്തിനും കോർപ്പറേറ്റ് മൂലധനത്തിനുമെതിരായുള്ള തൊഴിലാളി - മർദിത വർഗങ്ങളുടെ 'തന്ത്രപരമായ സഖ്യ'ത്തിൽ നിന്നും അതിനെ വേർതിരിച്ചു കാണേണ്ടതുണ്ട്.അല്ലാത്ത പക്ഷം, 'ഫാസിസ്റ്റു വിരുദ്ധ ഐക്യ'ത്തിന്റെ പേരിൽ തൊഴിലാളിവർഗത്തിന്റെ സ്വതന്ത്ര നിലപാടിനെയും കമ്മ്യൂണിസ്റ്റുകാരുടെ പ്രത്യശാസ്ത്ര - രാഷ്ട്രീയ ലൈനിനെയും ഉപേക്ഷിക്കുന്ന അവസരവാദ സഖ്യങ്ങൾ വർഗ്ഗ സമരത്തെ അപ്പാടെ കൈയൊഴിയുന്നതിലേക്കാണ് നയിക്കുക. തൊഴിലാളി - മർദിത വർഗ താല്പര്യങ്ങൾക്ക് ഇത് ഹാനികരമായിരിക്കും.

5.14 സുവ്യക്തമായ ഈ കാഴ്ചപ്പാടോടെ,അടിസ്ഥാനപരമായ വർഗ പാർട്ടിയും വർഗ, ബഹുജന സംഘടനകളും ജനകീയ പ്രസ്ഥാനങ്ങളും കെട്ടിപ്പടുക്കാനുള്ള ശ്രമങ്ങൾക്ക് തുടക്കം കുറിക്കുകയും അതിലൂടെ വിപ്ലവ ഇടതു കാമ്പ് രൂപപ്പെടുത്തുവാൻ പരിശ്രമിക്കുകയും ചെയ്യുക എന്ന തടക്കമുള്ള വർഗ സമരത്തിന്റെ കടമകൾ പൂർത്തീകരിക്കുവാൻ മുന്നിട്ടിറങ്ങാം. അതോടൊപ്പം തന്നെ ആർ എസ് എസ് ഫാസിസത്തെ കട പുഴക്കിയെറിയുക എന്ന അടിയന്തിര കടമയ്ക്കായി ഫാസിസ്റ്റു - ഇതര ശക്തികളെ അടക്കം ഉൾക്കൊള്ളുന്ന അതിവിശാലമായ ഫാസിസ്റ്റു വിരുദ്ധ മുന്നണി കെട്ടിപ്പടുക്കുവാനുള്ള പരിശ്രമങ്ങളിൽ നമുക്ക് ഏർപ്പെടാം.തിരഞ്ഞെടുപ്പ് സമരങ്ങളും അതിൽഅടങ്ങിയിരിക്കുന്നു.പരസ്പരബന്ധിതമായ ഈ കടമകൾ ഏറ്റെടുക്കുമ്പോൾ അധ്വാനിക്കുന്നവരുടെയും മർദിതരുടെയും പക്ഷം ചേർന്ന് കൊണ്ട് സ്വന്തം സ്വതന്ത്ര നിലപാടിൽ ഉറച്ചുനിന്നുകൊണ്ട് വിട്ടുവീഴ്ചയില്ലാത്ത പ്രത്യയശാസ്ത്രസമരങ്ങളിലേർപ്പെടാൻ, നമ്മൾ കമ്മ്യൂണിസ്റ്റുകാർ തയ്യാറാകണം.വിഭാഗീയതയുടെയും , അവസരവാദത്തിന്റെയും വ്യതിയാനങ്ങളെ തടയുന്നതിന് അത്തരം സമീപനം അത്യന്താപേക്ഷിതമാണ്.

മനുവാദ-ഹിന്ദുത്വ ഫാസിസത്തെ ചെറുക്കുക,ഫാസിസ്റ്റ് വിരുദ്ധ പ്രസ്ഥാനം കെട്ടിപ്പടുക്കുക!

തൊഴിലാളിവർഗ്ഗസാർവദേശീയതയുടെഅടിത്തറയിൽപാർട്ടി കെട്ടിപ്പടുക്കുക!

സാമ്രാജ്യത്വ നിഴൽയുദ്ധത്തിനും യുദ്ധവെറിക്കുമെതിരെപോരാടുക!

ജനകീയ ജനാധിപത്യത്തിലേക്കുംസോഷ്യലിസത്തിലേക്കുംമുന്നേറുക!

■



ടി.സി. സുബ്രഹ്മണ്യൻ

# ഹരിത കർമ്മസേനയും തൊഴിൽ മേഖലയിലെ സ്വകാര്യവൽക്കരണവും

ബ്രഹ്മപുരം മാലിന്യ മലയ്ക്ക് തീ കൊളുത്തി 9 ലക്ഷം കൊച്ചി നിവാസികളെ 14 ദിവസം മുന്നൂറിൽപ്പരം മാരക രാസവിഷപ്പുകയിൽ തള്ളിയ കരാറുകാരനും കൊച്ചി കോർപ്പറേഷനും ഇതൊരു അവസരമായെടുത്ത് നഗരമാലിന്യ ശേഖരണം വൻകിടക്കാരുടേത് മാത്രമായി ചുരുക്കി. നഗരം പുഴുത്തു നാറുന്ന അവസ്ഥയിലെത്തിച്ച് മാലിന്യ ശേഖരണം വിവിധസ്വകാര്യ കമ്പനികളെ ഏൽപ്പിക്കുന്നതിന് കുടുംബശ്രീയെ മുന്നിൽ നിർത്തി ഹരിത കർമ്മസേന രൂപീകരിക്കാനുള്ള വ്യഗ്രതയിലാണ്. 25 വർഷത്തിലേറെയായി മാലിന്യശേഖരണം നടത്തിയിരുന്ന തൊഴിലാളികളെ തടസ്സപ്പെടുത്തിയ കൊച്ചി കോർപ്പറേഷൻ കൗൺസിലർമാരും ഹെൽത്ത് ഇൻസ്പെക്ടർമാരും എല്ലാ വാസഗൃഹങ്ങളിലും ഹരിത കർമ്മസേനയുടെ സന്ദേശം എത്തിച്ചു കഴിഞ്ഞു. കൊച്ചി മേയർ നോട്ടീസിൽ രേഖപ്പെടുത്തിയിരിക്കുന്നതിങ്ങനെ 'ഹരിത കർമ്മസേന നമ്മുടെ ഹരിത സേന മാലിന്യം ശേഖരിക്കുവാൻ ഏപ്രിൽ ഒന്നു മുതൽ ഹരിത കർമ്മസേന നമ്മുടെ വീടുകളിൽ എത്തും.. അവരെ നമുക്ക് ചേർത്ത് പിടിക്കാം.'

കഴിഞ്ഞ 25 ലേറെ വർഷമായി നഗരമാലിന്യം ശേഖരിക്കുന്ന മലയാളികളും തമിഴരുമായ ആയിരത്തോളം തൊഴിലാളികളെ ഇതുവരെ കോർപ്പറേഷൻ ഭരണാധികാരികളോ, ഹെൽത്ത് ഇൻസ്പെക്ടർമാരോ ചേർത്തുപിടിച്ചിട്ടില്ല എന്നുമാത്രമല്ല യാതൊരു സുരക്ഷാ മാനദണ്ഡങ്ങളുമില്ലാതെ അങ്ങേയറ്റം രോഗാതുരമായ അന്തരീക്ഷത്തിൽ തൊഴിൽ ചെയ്യുന്ന ഈ തൊഴിലാളികളുടെ വേതനം നിയമ വിരുദ്ധമായി കൈപ്പറ്റുന്ന ഹെൽത്ത് ഇൻസ്പെക്ടർമാരും കൗൺസിലർമാരും അപൂർവ്വമല്ലെന്ന വസ്തുത സാക്ഷര കേരളത്തിന് അപമാനകരമാണ്. മലം ചുമക്കുന്നതിന് സമാനമായ ഒരു തൊഴിൽ മേഖലയാണ് മാലിന്യ ശേഖരണം. തൊഴിൽ ദായകനോ, തൊഴിൽ നിയമങ്ങളോ ബാധകമല്ലാത്ത ഈ തൊഴിൽ മേഖലയിലേക്കാണ് ഏപ്രിൽ ഒന്നു മുതൽ കുടുംബശ്രീയുടെ ലേബൽ ഉപയോഗിച്ച് ഹരിത കർമ്മസേനയുടെ പേരിൽ ക്ലീൻ കേരള പോലുള്ള സ്വകാര്യ കമ്പനികളുടെ ലാഭതാൽപ്പര്യത്തിനായി കേരളത്തിലെ സ്ത്രീ ജീവിതങ്ങളെ പണയ വസ്തുക്കളാക്കാൻ പോകുന്നതു്. രാഷ്ട്രീയം പാടില്ലെന്ന പ്രഖ്യാപിത ലക്ഷ്യത്തോടെ സ്ത്രീകളുടെ സുസ്ഥിര വികസനത്തിനെന്ന പേരിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ പ്രവർത്തകരെ ഈ മേഖലയിൽ വിന്യസിച്ചാൽ തൊഴിൽ നിയമങ്ങൾ ബാധകമാവില്ലെന്നതിനാലും സ്വകാര്യ കരാറുകാരന്റെ കൂലി അടിമകളായി അവരെ ഉപയോഗിച്ച് ജോലി ചെയ്യിക്കാം എന്ന അനുഭവജ്ഞാനത്തിന്റെ അടിസ്ഥാനത്തിലുമാണ് ഹരിത കർമ്മസേനയുടെ കുപ്പായമണിയിക്കുന്നത്. തൊഴിലുറപ്പിന് സമാനമായ കൂലി ലഭിക്കുന്നതും യൂസർ ഫീ ഒന്നു കൊണ്ടു മാത്രം തൊഴിലെടുക്കുകയും അതിന്റെ 20% കോർപ്പറേഷൻ വിഹിതമാക്കുകയും ചെയ്യുന്ന ഈ തൊഴിൽ അധികം വൈകാതെ തൊഴിലാളികൾ ഉപേക്ഷിക്കുമെന്നതിനാൽ സ്വകാര്യ കരാറുകാർക്ക് ഇതര സംസ്ഥാന തൊഴിലാളികളെ ഉപയോഗിച്ച് കുറഞ്ഞ കൂലി നൽകി കോടികൾ സമ്പാദിക്കാനാവുമെന്നതിന്റെ തെളിവിതാ.. ക്ലീൻ കേരള കമ്പനി മാലിന്യം സംഭരിക്കുന്നതിങ്ങനെ ജൈവ മാലിന്യത്തിന് കിലോയ്ക്ക് 5 ? , അജൈവ മാലിന്യം 10 ?

നഷ്ടം നികത്താൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ആസ്തി വിൽക്കാൻ അനുമതി



നൽകിയ കേന്ദ്രസർക്കാരിന്റെ സ്വകാര്യവൽക്കരണ നയത്തിന്റെ മാതൃകാ നടത്തിപ്പുകാരായി വിശിഷ്ട സേവനത്തിനുള്ള ദേശീയ പുരസ്കാരം നേടാനുള്ള ത്വരിത വികസന നടത്തിപ്പുകാരായി മാറുകയാണിവർ.. രാസവിഷപ്പുകയ്ക്കെതിരെ മലിനീകരണനിയന്ത്രണ ബോർഡ് കോർപ്പറേഷന് ചുമത്തി, യ 100 കോടി രൂപ കൊച്ചി നിവാസികളിൽ നിന്ന് സ്വരൂപിക്കുന്നതിനുള്ള മാന്ത്രീക വിദ്യയായി യൂസർ ഫീ ഉപയോഗപ്പെടുത്താനുള്ള ശ്രമത്തിലാണ് കോർപ്പറേഷൻ ഭരണാധികാരികൾ. അതിനുള്ള പുത്തൻ ആയുധമാണ് ഹരിത കർമ്മസേന.

**ഹരിത കർമ്മസേന എന്നാൽ**

കേന്ദ്ര സർക്കാർ 2001-ൽ തുടക്കം കുറിച്ച എൻജിസി സ്കൂൾ ഇക്കോ ക്ലബ്ബുകളുള്ള ഇന്ത്യയിലെ ഏകദേശം 1,20,000 സ്കൂളുകൾ ഉൾക്കൊള്ളുന്ന ഇന്ത്യൻ ഗവൺമെന്റിന്റെ പരിസ്ഥിതി വന മന്ത്രാലയത്തിന്റെ ഒരു പരിപാടിയാണ് നാഷണൽ ഗ്രീൻ കോർപ്സ് . നാഷണൽ ഗ്രീൻ കോർപ്സ് വഴിയാണ് ഇന്ത്യയിലെ സ്കൂളുകളിലെ പാരിസ്ഥിതിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നത്. ഓരോ എൻജിസി സ്കൂൾ ഇക്കോ ക്ലബ്ബിലും 30 മുതൽ 50 വരെ എൻജിസി വിദ്യാർത്ഥികൾ അല്ലെങ്കിൽ ദേശീയ ഹരിത സേന രൂപീകരിക്കുന്ന എൻജിസി കേഡറ്റുകൾ ഉണ്ട്. ഈ എൻജിസി വിദ്യാർത്ഥികൾ ജൈവവൈവിദ്ധ്യ സംരക്ഷണം, ജലസംരക്ഷണം, ഊർജ്ജ സംരക്ഷണം , മാലിന്യ സംസ്കരണം, ഭൂവിനിയോഗ ആസൂത്രണം, റിസോഴ്സ് മാനേജ്മെന്റ് എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നു.. പ്രാദേശിക നിർദ്ദിഷ്ട പ്രശ്നങ്ങളിൽ NGC ഇക്കോ ക്ലബ്ബുകൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പൊതുജനശ്രദ്ധയും പിന്തുണയും ആകർഷിക്കുന്നതിനായി, NGCയിലെ ചെറുപ്പക്കാരായ പെൺകുട്ടികളും ആൺകുട്ടികളും പരിസ്ഥിതി ബോധവൽക്കരണ പ്രവർത്തനങ്ങളും പാരിസ്ഥിതിക കാരണത്തിനോ പാരിസ്ഥിതിക ഇടപെടലിനോ വേണ്ടിയുള്ള പ്രവർത്തനങ്ങളും ഏറ്റെടുക്കുന്നു . ജലസംഭരണി, പ്ലാന്റേഷൻ, ജൈവമാലിന്യങ്ങളുടെ കമ്പോസ്റ്റിംഗ് എന്നിവ എൻജിസി സ്കൂൾ ഇക്കോ ക്ലബ്ബുകളിലെ ജനപ്രിയ പ്രവർത്തനങ്ങളാണ്. ഈ NGC സ്കൂൾ ഇക്കോ ക്ലബ്ബുകൾ പരിസ്ഥിതി അച്ചടക്കവും പരിസ്ഥിതി ഉത്തരവാദിത്തവും പ്രോത്സാഹിപ്പിക്കുന്നു

പരിസ്ഥിതി അവബോധം മാധ്യമമായി ഉപയോഗിക്കുന്ന ഇന്ത്യയിലെ തിരഞ്ഞെടുത്ത സ്കൂളുകളിലൂടെ. ഇന്ത്യയിലെ 250 ജില്ലകളിൽ ഓരോന്നിനും ഏകദേശം 250 എൻജിസി ഇക്കോ ക്ലബ്ബുകളുണ്ട്. ഈ എൻജിസി ഇക്കോ ക്ലബ്ബുകൾക്ക് 2500 രൂപ വാർഷിക ഗ്രാന്റ് നൽകുന്നു. ഈ പരിപാടി നടപ്പിലാക്കുന്ന ഓരോ ഇന്ത്യൻ സംസ്ഥാനത്തിനും ഒരു സ്റ്റേറ്റ് നോഡൽ ഓഫീസർ ഉണ്ട്.

**നാഷണൽ ഗ്രീൻ കോർപ്സ്**

എൻജിസി ലോഗോ ഇന്ത്യൻ പരിസ്ഥിതി, വനം മന്ത്രാലയത്തിന്റെ ലോഗോയായി ഇന്ത്യൻ ചിഹ്നം ആവിഷ്കരിച്ചു.

ഇന്ത്യ മുഴുവൻ വെബ്സൈറ്റ്
moef .gov .in /en /national-green-corps-ngc /

എൻജിസി കുട്ടികൾ രാജ്യത്ത് വലിയ സ്വാധീനം ചെലുത്തുന്നു. കർണാടക, തെലങ്കാന , ആന്ധ്രാ പ്രദേശ്, ഗുജറാത്ത്, മഹാരാഷ്ട്ര

, ഒറീസ, കേരളം, പഞ്ചാബ് , ജമ്മു കശ്മീർ, അസം, ഛത്തീസ്ഗഢ്, മധ്യപ്രദേശ്, തമിഴ്നാട്ഈ പരിപാടി സമൂഹത്തിൽ വലിയ സ്വാധീനം ചെലുത്തുന്ന ചില സംസ്ഥാനങ്ങളാണ്. തെലങ്കാനയ്ക്കും ആന്ധ്രാപ്രദേശിനും ഈ പരിപാടി നടത്തുന്നതിന് പ്രത്യേക ഡയറക്ടറേറ്റുകളുണ്ട്, അതേ സമയം മറ്റെല്ലാ സംസ്ഥാനങ്ങളിലും പരിസ്ഥിതി അവബോധത്തിലും സംരക്ഷണ വശങ്ങളിലും താൽപ്പര്യമുള്ള സംഘടനകളിലൊന്നിലൂടെ ഈ പരിപാടി നടത്തുന്നു . മറ്റേതൊരു സംസ്ഥാനത്തേക്കാളും തെലങ്കാനയിൽ കൂടുതൽ പങ്കാളിത്തമുണ്ട്. അവർ ഒരു വെബ്സൈറ്റ് പോലും സ്വന്തമാക്കി . തെലങ്കാന, ആന്ധ്രാപ്രദേശ്, സിക്കിം, ഡൽഹി, ഹിമാചൽ പ്രദേശ് എന്നിവിടങ്ങളിലെ ഇക്കോ-ക്ലബ് സ്കൂളുകൾ സയൻസ് ആന്റ് എൻവയോൺമെന്റിന്റെ പരിസ്ഥിതി വിദ്യാഭ്യാസ യൂണിറ്റ് നടത്തുന്ന ഗ്രീൻ സ്കൂൾ പ്രോഗ്രാമിൽ പങ്കെടുക്കുന്നു.. സംസ്ഥാന തലത്തിൽ അവാർഡുകൾ നേടുന്ന ഇക്കോ ക്ലബ് സ്കൂളുകൾ ഡൽഹിയിൽ സെന്റർ ഫോർ സയൻസ് ആൻഡ് എൻവയോൺമെന്റ് (സിഎസ്ഇ) സംഘടിപ്പിക്കുന്ന ദേശീയ അവാർഡിനായി മത്സരിക്കുന്നു.

സ്കൂൾ കുട്ടികൾ ഉൾപ്പെട്ടിരിക്കുന്നതിനാൽ, നാഷണൽ ഗ്രീൻ കോർപ്സ് കുട്ടികളുടെ മിക്ക പ്രവർത്തനങ്ങളും പ്രകൃതി വിഭവങ്ങളുടെയും പരിസ്ഥിതിയുടെയും സംരക്ഷണത്തിന്റെ സംസ്കാരവും സാംസ്കാരിക വശങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു . എൻജിസി ഇക്കോ ക്ലബ്ബുകളുടെ ചുമതലയുള്ള അധ്യാപകർക്ക് പരിശീലനം നൽകുന്ന സംസ്ഥാന റിസോഴ്സ് ഏജൻസികളുടെ സഹായത്തോടെ സംസ്ഥാന നോഡൽ ഏജൻസികൾ പരിശീലിപ്പിച്ച മാസ്റ്റർ ട്രെയിനർമാരുണ്ട്. ഓരോ ജില്ലയിലും ജില്ലാ കോ-ഓർഡിനേറ്ററുടെ പിന്തുണയുള്ള ഡിസ്ട്രിക്ട് ഇംപ്ലിമെന്റേഷൻ ആൻഡ് മോണിറ്ററിംഗ് കമ്മിറ്റിയുണ്ട്, അതേസമയം സംസ്ഥാന തലത്തിൽ സ്റ്റേറ്റ് നോഡൽ ഓഫീസറെ നയിക്കുന്നത് സംസ്ഥാനതല കമ്മിറ്റിയാണ്.



ലോകത്തെവിടെയും ഇത്തരത്തിലുള്ള ഏറ്റവും വലിയ പരിപാടിയാണിത്. ഈ പരിശീലനം ലഭിച്ച NGC വിദ്യാർത്ഥികൾ വളർന്ന് ഏറ്റവും ജനസംഖ്യയുള്ള ഈ രണ്ടാമത്തെ രാജ്യത്തിന്റെ പാരിസ്ഥിതിക വെല്ലുവിളികൾ ഏറ്റെടുക്കുമ്പോൾ, വിഭവങ്ങളുടെ ഉപഭോഗത്തിലും സംരക്ഷണത്തിലും വലിയ വ്യത്യാസം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. എൻജിസി കേഡറ്റുകളെ പരിസ്ഥിതി അച്ചടക്കമുള്ള ശക്തിയായി വളർത്തിയെടുക്കാൻ ആന്ധ്രാപ്രദേശ് ശ്രമിക്കുന്നു. കേഡറ്റുകളുടെ അഞ്ച് ടീമുകളുടെ രൂപീകരണത്തിന്റെ ഘടനാപരമായ പ്രോഗ്രാമിനൊപ്പം യൂണിഫോമും ബാൻഡും ഇത് അവതരിപ്പിച്ചുഎല്ലാ NGC സ്കൂൾ ഇക്കോ ക്ലബ്ബുകളിലും മാത്രം. ഈ എൻജിസി കേഡറ്റുകൾ സ്കൂളിന്റെ ഗ്രീൻ ബ്രിഗേഡാണ്, പ്രകൃതിവിഭവങ്ങളെ ദുരുപയോഗത്തിൽ നിന്ന് സംരക്ഷിക്കുകയും പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഈ എൻജിസി കേഡറ്റുകൾ ദേശീയ ദിനങ്ങളിൽ രാജ്യത്തെ മറ്റ് യൂണിഫോം ധരിച്ച സേനയ്ക്കൊപ്പം ആചാരപരേഡുകളിൽ മുഴുവൻ എൻജിസി യൂണിഫോമിൽ പങ്കെടുക്കുമ്പോൾ അഭിമാനകരമായ സ്ഥാനം നേടുന്നു.

നാഷണൽ ഗ്രീൻ കോർപ്സ് ഇക്കോ ക്ലബ്ബുകളുടെ ആദ്യത്തെ ദേശീയ സമ്മേളനം 2010 ഓഗസ്റ്റ് 26 മുതൽ 29 വരെ ഹൈദരാബാദിലാണ് നടന്നത്.. (അവലംബം വിക്കിപീഡിയ)

മേൽ സൂചിപ്പിച്ച ദേശീയ ഹരിത കർമ്മസേനയുടെ ഭാഗമായി കേരളത്തിൽ നോഡൽ ഏജൻസിയായി കുടുംബശ്രീയെ ഉപയോഗിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്ത്രീകളുടെ അദ്ധ്വാനം മാലിന്യ ശേഖരണ മേഖലയിൽ വിന്യസിക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചു കഴിഞ്ഞു.കഴിഞ്ഞ ഇരുപത്തഞ്ച് വർഷങ്ങളായി നഗര മാലിന്യ ശേഖരണ മേഖലയിൽ ജോലി ചെയ്തു വരുന്ന ആയിരത്തോളം തൊഴിലാളികളുടെ തൊഴിലും വരുമാനവും ഇല്ലാതാക്കുന്ന സ്വകാ

ന്റെ സ്വകാര്യവൽക്കരണ നയത്തെ ചെറുക്കേണ്ടതു് കൊച്ചി നിവാസികളുടെ ഉത്തരവാദിത്വമാണ്. പടിപടിയായി കൊച്ചിയിലെ മാലിന്യ നിക്ഷേപ ശേഖരണ കേന്ദ്രങ്ങൾ ഒഴിവാക്കി BOT അടിസ്ഥാനത്തിൽ സ്വകാര്യ കുത്തകകളുടെ പൂർണ്ണ നിയന്ത്രണത്തിലേക്കും അനിയന്ത്രിതമായ യൂസർ ഫീയിലേക്കും സേവന നിഷേധങ്ങളിലേക്കും ജപ്തി നടപടികളിലേക്കും വരെ കൊച്ചിക്കാരെ തള്ളിവിടുന്ന കൊച്ചികോർപ്പറേഷന്റെ സ്വകാര്യവൽക്കരണ നയത്തിനെതിരെ തൊഴിലാളികളും കൊച്ചി നിവാസികളും മാത്രമല്ല, കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അധിവസിക്കുന്ന മുഴുവൻ കേരളീയരുടേയും കടമയാണ്. കൊച്ചി നഗരത്തിലെ കുടിവെള്ളവിതരണം സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നതിനുള്ള ബ്ലൂപ്രിന്റുമായി GCDA ഹാളിലെത്തിയ ലോകബാങ്ക് സംഘത്തെ തുരത്തിയോടിച്ച ചരിത്രം നമ്മുടേതാണ്. മൂന്ന് പതിറ്റാണ്ടിനിപ്പുറം കൊച്ചിയിലെ കുടിവെള്ള വിതരണം സ്വകാര്യ മേഖലയ്ക്ക് കൈമാറാൻ തീരുമാനിച്ചതും അന്നത്തെ നയനാർ സർക്കാരിനെ പോലെ ഇപ്പോഴത്തെ എൽഡിഎഫ് സർക്കാരും കൊച്ചി കോർപ്പറേഷൻ ഭരണാധികാരികളുമാണ്.അതേ എ.ഡി.ബി നയം തന്നെയാണ് മാലിന്യ സംസ്കരണ മേഖലയിലും നടപ്പാക്കുന്നത്. ക്ഷേമ രാഷ്ട്രമെന്ന സങ്കൽപ്പം പോലും കൈയ്യൊഴിഞ്ഞ എൽഡിഎഫ് സർക്കാരിന്റെ യൂസർഫീയിൽ അധിഷ്ഠിതമായ മുതലാളിത്ത വികസന കാഴ്ചപ്പാടിനെതിരെ ജനകീയ വികസന ബദലിനായുള്ള പോരാട്ടത്തെ ശക്തിപ്പെടുത്തുന്നതിലൂടെ മാത്രമേ രാജ്യം നേരിടുന്ന സാമ്പത്തികപ്രതിസന്ധിയേയും തൊഴിലില്ലായ്മയേയും തൊഴിൽ മേഖലകളേയും സംരക്ഷിക്കാനാവൂ.

ഗാർഹികവും ചെറുകിട സ്ഥാപനങ്ങളിലെയും മാലിന്യം ചീഞ്ഞഴുകാൻ വിട്ട് ഏതു് സ്വകാര്യ കമ്പനിയോ, എത്ര യൂസർ ഫീ പിരിക്കുകയോ ചെയ്യട്ടെ എന്ന മാനസീകാവസ്ഥ രൂപപ്പെടുത്തി സ്വകാര്യവൽക്കരണത്തിന് അടിത്തറയൊരുക്കുകയായിരുന്നു.

2001-ൽ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ഹരിത കർമ്മസേനയെന്ന സ്വകാര്യവൽക്കരണ നയം കൊച്ചി കോർപ്പറേഷൻ വിഷപ്പുകയുടെ പശ്ചാത്തലത്തിൽ പ്രാബല്യത്തിലാക്കിയിരിക്കുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിയമാനുസൃത സ്ഥിരം ക്ലീനിങ് തൊഴിലാളികൾ എന്ന തസ്തിക ഇതോടെ അവസാനിപ്പിച്ച് കരാർ തൊഴിൽ സമ്പ്രദായം നടപ്പാക്കുന്നു. സ്വകാര്യവൽക്കരണത്തിനെതിരെ നിരന്തരം പ്രചരണം നടത്തുന്ന LDF സർക്കാരിന്റെ കീഴിലാണ് ഭാവി തലമുറയുടെ സർക്കാർ ജോലി എന്ന സ്വപ്നം പോലും ഇല്ലാതാക്കുന്നത്.

കോവിഡ് മഹാമാരിയുടെ അപകടകരമായ അന്തരീക്ഷത്തിലും,വൃത്തിഹീനമായ സാഹചര്യത്തിലും യാതൊരു സുരക്ഷയുമില്ലാതെ തൊഴിലെടുത്തു് ജീവിക്കാനുള്ള സന്നദ്ധതയും അതിനുള്ള ഉടലും മാത്രമാണ് കഴിഞ്ഞ 25 വർഷത്തിലേറെയായി ഈ മേഖലയിൽ ജോലി ചെയ്തുവരുന്ന തൊഴിലാളികളുടെ കൈ മുതൽ. പ്രളയകാലത്തും കോവിഡ് കാലത്തും അഭയ കേന്ദ്രങ്ങളിലും വീട്ടകങ്ങളിലും കേരള ജനത സുരക്ഷിതത്വം അനുഭവിക്കുമ്പോൾ ഗ്ലൗസ് ബൂട്ട് മുതലായ യാതൊരു സുരക്ഷാ ഉപകരണങ്ങളുമില്ലാതെ സ്വന്തം ഉത്തരവാദിത്വം നിർവ്വഹിച്ച്, പടർന്നു പിടിക്കുമായിരുന്ന പകർച്ച വ്യാധികളിൽ നിന്ന് കേരള ജനതയെ സംരക്ഷിച്ച മാലിന്യ ശേഖരണ തൊഴിലാളികളെ മാലിന്യമായി തള്ളാനുള്ള കോർപ്പറേഷ

ന്യവൽക്കരണ നയം ഏപ്രിൽ ഒന്നു മുതൽ കൊച്ചി കോർപ്പറേഷനിലെ 74 വാർഡുകളിൽ നിയമപരമാക്കി മാറ്റിക്കഴിഞ്ഞു. ക്ലീൻ കേരള എന്ന സ്വകാര്യ കമ്പനിക്ക് വേണ്ടിയാണ് കുടുംബശ്രീ അംഗങ്ങളെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള ഹരിത കർമ്മസേനയെന്ന ലേബൽ മുന്നിൽ നിർത്തി സംസ്ഥാന സർക്കാർ കേരളത്തിലെ തദ്ദേശസ്ഥാപനങ്ങളിലെ സ്ഥിരം ശുചീകരണ തൊഴിലാളികളുടെ തൊഴിൽ എന്നെന്നേക്കുമായി അവസാനിപ്പിക്കുന്നതിന് തുടക്കം കുറിച്ചിരിക്കുന്നത്.

മലം ചുമക്കുന്ന തൊഴിലാളികളെപ്പോലെ സ്വന്തം ആരോഗ്യം പരിഗണിക്കാതെ മറ്റൊരു തൊഴിൽ സാദ്ധ്യതയും ഇല്ലാത്തതിനാൽ ചീഞ്ഞു് പുഴുത്തു നാറിയ മാലിന്യം ശേഖരിക്കുന്ന തൊഴിൽ ചെയ്യാൻ നിർബന്ധിതരായ തൊഴിലാളികളുടെ തൊഴിലിൽ നിന്ന് ലഭിക്കുന്നവരുമാനത്തിലാണ് സർക്കാരിന്റെ കണ്ണ്. ശമ്പളം, തൊഴിൽ നിയമങ്ങൾ എന്നിവയൊന്നും തൊഴിൽ വകുപ്പിനോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ യാതൊരു ബാദ്ധ്യതയും ഈ തൊഴിലാളികൾക്ക് മേലില്ല എന്നതാണ് ഏറ്റവും ശ്രദ്ധേയമായതു്..110 ഏക്കറിൽ വ്യാപിച്ചു കിടക്കുന്ന ബ്രഹ്മപുരം മാലിന്യ പ്ലാന്റിൽ മല പോലെ കുന്നു കൂട്ടിയ ജൈവ മാലിന്യവും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യവും സംസ്കരിക്കുന്നതിനുള്ള ശാസ്ത്രീയ സംവിധാനം നടപ്പിലാക്കാതെ 9 ലക്ഷം നഗരവാസികളെ 14ദിവസക്കാലം മുന്നൂറോളം രാസവിഷപുകയിൽ മുക്കിയ കൊച്ചിൻ കോർപ്പറേഷൻ ഭരണാധികാരികൾ ആ സമയത്തു് വൻകിട സ്ഥാപനങ്ങളിൽ നിന്ന് 12 ലോഡ് മാലിന്യം വരെ കോർപ്പറേഷൻ വാഹനത്തിൽ കോർപ്പറേഷൻ തൊഴിലാളികളെ ഉപയോഗിച്ച് ശേഖരിച്ച് കൊണ്ടുപോകുകയും ചെയ്തു.

■

# ഡോ. ബി.ആർ. അംബേദ്കർ

ഇന്ത്യൻ ഭരണഘടനാശില്പിയും പ്രഥമ നിയമകാര്യമന്ത്രിയും. ആധുനിക ഇന്ത്യൻ രാഷ്ട്രശില്പികളിൽ പ്രമുഖനായ ഡോ. അംബേദ്കർ ദലിത് വിമോചകൻ, സാമൂഹിക വിപ്ലവകാരി, രാഷ്ട്രമീമാംസകൻ, ധനതത്ത്വശാസ്ത്രജ്ഞൻ, വിദ്യാഭ്യാസ വിചക്ഷണൻ, ചിന്തകൻ, എഴുത്തുകാരൻ, വാഗ്മി, ബുദ്ധമത പുനരുദ്ധാരകൻ എന്നീ നിലകളിൽ ശ്രദ്ധേയനാണ്. 1891 ഏ. 14–ന് മഹാരാഷ്ട്രയിൽ രത്നഗിരി ജില്ലയിലെ അംബവാഡെ എന്ന ഗ്രാമത്തിൽ, മഹർ സമുദായത്തിൽപ്പെട്ട രാംജിസക്പാലിന്റെയും ഭീമാഭായിയുടെയും പതിനാലാമത്തെ പുത്രനായി പിറന്ന അംബേദ്കർ നിശ്ചയദാർഢ്യത്തിലൂടെയും കഠിനാധ്വാനത്തിലൂടെയുമാണ് ഇന്ത്യാചരിത്രത്തിൽ അഗ്രഗാമിയായി മാറിയത്. ബ്രിട്ടീഷ് സൈന്യത്തിൽ ഒരു പട്ടാളക്കാരനായിരുന്നു രാംജിസക്പാൽ. കുട്ടിക്കാലത്ത് മാതാപിതാക്കൾ അംബേദ്കറെ ഭീം എന്നാണ് വിളിച്ചിരുന്നത്.

അയിത്തജാതിക്കാരായി കണക്കാക്കപ്പെട്ടിരുന്ന മഹർ സമുദായത്തിൽ പിറന്നതിനാൽ ബാല്യകാലം മുതൽ ജാതിയുടെയും അയിത്തത്തിന്റെയും തിക്തഫലങ്ങൾ അനുഭവിച്ചുകൊണ്ടാണ് അംബേദ്കർ വളർന്നതും ഉന്നത വിദ്യാഭ്യാസം നേടിയതും. അംബവഡേകർ എന്നായിരുന്നു മാതാപിതാക്കൾ മകന് നൽകിയ പേര്. മഹാരാഷ്ട്രയിലെ സത്താറ എന്ന ഗ്രാമത്തിലാണ് അംബേദ്കർ പ്രാഥമിക വിദ്യാഭ്യാസം നടത്തിയത്. അംബവഡേകറോട് സ്നേഹം തോന്നിയ അധ്യാപകനാണ് ബാലനായ അദ്ദേഹത്തിന്റെ പേര് അംബേദ്കർ എന്നു തിരുത്തിയത്. 1908–ൽ ബോംബെയിലെ എൽഫിൻസ്റ്റൺ ഹൈസ്കൂളിൽ നിന്നു അംബേദ്കർ മെട്രിക്കുലേഷൻ പാസ്സായി. തുടർന്ന് രമാഭായിയെ വിവാഹം കഴിക്കുകയും 1912–ൽ ബോംബെ സർവകലാശാലയിൽ നിന്നും ബിരുദം സമ്പാദിച്ചശേഷം 1913–ൽ ബറോഡ സ്റ്റേറ്റ് ഫോഴ്സിൽ ലെഫ്റ്റെനന്റായി ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. എന്നാൽ പിതാവിന്റെ ആകസ്മിക നിര്യാണത്തെത്തുടർന്ന് അംബേദ്കർക്ക് ഉദ്യോഗം രാജിവക്കേണ്ടിവന്നു.

1913–ൽ ബറോഡ സ്റ്റേറ്റ് സ്കോളർഷിപ്പോടെ അംബേദ്കർ കൊളംബിയ സർവകലാശാലയിൽ ഉപരിപഠനത്തിന് ചേരുകയും, 1915–ൽ ധനതത്ത്വശാസ്ത്രത്തിൽ എം.എ.ബിരുദം കരസ്ഥമാക്കുകയും ചെയ്തു. 1916–ൽ കൊളംബിയ സർവകലാശാലയിലെ നരവംശശാസ്ത്രവിഭാഗം സംഘടിപ്പിച്ച സെമിനാറിൽ 'ഇന്ത്യയിലെ ജാതികൾ: യാന്ത്രികത, ഉദ്ഭവം, വികാസം' എന്ന പ്രബന്ധം അവതരിപ്പിച്ചു ശ്രദ്ധേയനായി. ഇതേവർഷം തന്നെ കൊളംബിയ സർവകലാശാലയിൽ നിന്നു ഡോക്ടറേറ്റ് ബിരുദവും അംബേദ്കർ കരസ്ഥമാക്കി.

കൊളംബിയ സർവകലാശാലയിലെ വിദ്യാഭ്യാസത്തിനുശേഷം ഡോ. അംബേദ്കർ ലണ്ടൻ സ്കൂൾ ഒഫ് ഇക്കണോമിക്സ് ആൻഡ് പൊളിറ്റിക്കൽ സയൻസിൽ നിന്നും ധനതത്ത്വശാസ്ത്രത്തിൽ എം.എസ്സി., ഡി.എസ്സി. ബിരുദങ്ങൾ കരസ്ഥമാക്കുന്നതിനും, ഗ്രേയ്സ് ഇന്നിൽ നിയമപഠനത്തിനുമായി ലണ്ടനിൽ എത്തി. എന്നാൽ സ്കോളർഷിപ്പിന്റെ കാലാവധി അവസാനിച്ചതിനാൽ 1917–ൽ പഠനം പൂർത്തിയാക്കാൻ കഴിയാതെ അംബേദ്കർക്ക് ഇന്ത്യയിലേക്ക് മടങ്ങേണ്ടി വന്നു.

ഇന്ത്യയിൽ മടങ്ങിയെത്തിയ അംബേദ്കർ സ്കോളർഷിപ്പിലെ വ്യവസ്ഥപ്രകാരം ബറോഡ രാജാവിന്റെ സൈനിക സെക്രട്ടറിയായി ഉദ്യോഗത്തിൽ പ്രവേശിച്ചു. എന്നാൽ ജാതി ഹിന്ദുക്കളുടെ ജാതീയമായ വിവേചനത്തെത്തുടർന്ന് വളരെ പെട്ടെന്ന് അംബേദ്കർക്ക് ഉദ്യോഗം ഉപേക്ഷിച്ചു ബോംബെയിലേക്ക് മടങ്ങേണ്ടിവന്നു. ബോംബെയിൽ എത്തിയ അംബേദ്കർ 1918–20 കാലത്ത് ബോംബെയിലെ സിഡെൻഹാം കോളജിൽ ധനതത്ത്വശാസ്ത്രം പ്രൊഫസറായി ജോലി നോക്കി. കോളജിലും ജാതീയത അദ്ദേഹത്തെ വേട്ടയാടി. എന്നാൽ അംബേദ്കർ ധീരമായി ജാതിഹിന്ദുക്കളുടെ വിവേചനങ്ങളെ നേരിട്ടു. ഈ കാലഘട്ടത്തിലാണ് (1920 ജനു.) അംബേദ്കർ മറാഠിയിൽ മൂകനായക് എന്ന പ്രസിദ്ധീകരണം ആരംഭിച്ചത്. തുടർന്ന് ഉദ്യോഗത്തിൽ നിന്നു ലഭിച്ച സമ്പാദ്യത്തോടും കോൽഹാപ്പൂരിലെ രാജാവ് ഷാഹുമഹാരാജിന്റെ സാമ്പത്തിക സഹായത്തോടുംകൂടി അദ്ദേഹം ലണ്ടനിലേക്ക് യാത്ര തിരിച്ചു. 1921–ൽ അംബേദ്കർ ലണ്ടൻ സ്കൂൾ ഒഫ് ഇക്കണോമിക്സിൽ നിന്നു ധനതത്ത്വശാസ്ത്രത്തിൽ എം.എസ്സി ബിരുദവും ഗ്രേയ്സ് ഇന്നിൽ നിന്നു ബാർ അറ്റ്ലാ ബിരുദവും കരസ്ഥമാക്കി. തുടർന്ന് ഗവേഷണ പ്രബന്ധമായ ദ് പ്രോബ്ളം ഒഫ് റുപ്പീസ് സമർപ്പിച്ചശേഷം ധനതത്ത്വശാസ്ത്രത്തിൽ ഉന്നത ഗവേഷണം നടത്തുന്നതിനായി



ജർമനിയിലെ ബോൺ സർവകലാശാലയിൽ ചേർന്നു. എന്നാൽ നാല് മാസങ്ങൾക്കുശേഷം ഗവേഷണ പ്രബന്ധത്തിലെ ബ്രിട്ടീഷ് വിരുദ്ധ നിലപാടുകൾ ദൂരീകരിക്കുന്നതിനായി അദ്ദേഹത്തിന് ലണ്ടനിലേക്ക് മടങ്ങേണ്ടിവന്നു.

വിദേശപഠനം പൂർത്തിയാക്കിയ അംബേദ്കർ 1923 ഏ.-ൽ ഇന്ത്യയിൽ മടങ്ങിയെത്തി ബോംബെ ഹൈക്കോടതിയിൽ അഭിഭാഷകനായി പ്രാക്ടീസ് തുടങ്ങുകയും സാമൂഹിക രാഷ്ട്രീയ പ്രവർത്തനങ്ങളിൽ സജീവമാകുകയും ചെയ്തു. 1924-ൽ ബോംബെ കേന്ദ്രീകരിച്ച് ബഹിഷ്കൃത ഹിതകാരിണി സഭ എന്നൊരു സാമൂഹിക സംഘടനയ്ക്ക് രൂപം നൽകി. അയിത്തജാതിക്കാർ എന്നു ഹിന്ദുമതം മുദ്രകുത്തിയ ജനവിഭാഗങ്ങളുടെ വിദ്യാഭ്യാസപരവും സാമ്പത്തികപരവുമായ പുരോഗതിയായിരുന്നു പ്രസ്തുത സംഘടനയുടെ ലക്ഷ്യം. ഈ സംഘടന അയിത്തജാതിക്കുട്ടികൾക്കായി ബോംബെയിൽ നിരവധി വിദ്യാർഥി ഹോസ്റ്റലുകൾ സ്ഥാപിക്കുകയുണ്ടായി. 1927-ൽ ബഹിഷ്കൃത ഭാരത് എന്ന പേരിൽ ഒരു വാരികയും അംബേദ്കർ പുറത്തിറക്കി. സാമൂഹിക സമത്വം കൈവരിക്കുക എന്ന ലക്ഷ്യത്തോടെ 1927-ൽ അംബേദ്കർ സമതസൈനികദൾ എന്ന മറ്റൊരു സന്നദ്ധ സംഘടനയ്ക്കും രൂപം നല്കി. മിശ്രവിവാഹത്തിനും, പന്തിഭോജനത്തിനും പ്രാമുഖ്യം നല്കിയ പ്രസ്തുത സംഘടന വളരെപ്പെട്ടെന്നുതന്നെ ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെട്ടു. 1929-ൽ സമത സൈനികദളിന്റെ മുഖപത്രമായ സമത പ്രസിദ്ധീകരണം ആരംഭിച്ചു.

1924–ൽ ബോംബെ കേന്ദ്രീകരിച്ച് ബഹിഷ്കൃതഹിതകാരിണി സഭ എന്നൊരു സാമൂഹിക സംഘടനയ്ക്ക് രൂപം നൽകി. അയിത്തജാതിക്കാർ എന്നു ഹിന്ദുമതം മുദ്രകുത്തിയ ജനവിഭാഗങ്ങളുടെ വിദ്യാഭ്യാസപരവും സാമ്പത്തികപരവുമായ പുരോഗതിയായിരുന്നു പ്രസ്തുത സംഘടനയുടെ ലക്ഷ്യം.

അധഃസ്ഥിത വിഭാഗങ്ങളുടെ അനിഷേധ്യ നേതാവ് എന്ന നിലയിൽ ദേശീയ ശ്രദ്ധയാകർഷിച്ച ഡോ. അംബേദ്കർ 1927-ൽ ബോംബെ നിയമനിർമാണസഭയിലേക്ക് നാമനിർദേശം ചെയ്യപ്പെട്ടു. 1934 വരെ അംഗമായി പ്രവർത്തിച്ചു. സഭയിൽ അംഗമായിരിക്കെ തൊഴിലാളികൾ, അയിത്തജാതിക്കാർ തുടങ്ങിയ മർദിത വിഭാഗങ്ങളുടെ ക്ഷേമത്തെ സംബന്ധിക്കുന്ന നിരവധി ബില്ലുകൾ അദ്ദേഹം സഭയിൽ അവതരിപ്പിച്ചു. 1928-ൽ ഡോ. അംബേദ്കർ ബോംബെ ലാ കോളജിൽ പ്രൊഫസറായി നിയമിതനായി.

1927 മാർച്ച് 19-ന് ഡോ. അംബേദ്കർ ചരിത്രപ്രസിദ്ധമായ മഹദ്സത്യാഗ്രഹത്തിന് നേതൃ

ത്വം നൽകി. ജാത്യാചാരങ്ങൾ കൊടികുത്തി വാണിരുന്ന അക്കാലത്ത് അയിത്തജാതിക്കാർ എന്ന് കണക്കാക്കപ്പെട്ടിരുന്ന ജനവിഭാഗങ്ങളെ പൊതുകിണറുകൾ, ടാങ്കുകൾ, കുളങ്ങൾ എന്നിവിടങ്ങളിൽ നിന്നും കുടിവെള്ളം ശേഖരിക്കാൻ ജാതിഹിന്ദുക്കൾ അനുവദിച്ചിരുന്നില്ല. ഇതിൽ പ്രതിഷേധിച്ച് മഹദിലെ പൊതുകുളത്തിൽ നിന്നും കുടിവെള്ളം ശേഖരിക്കുന്നതിനുവേണ്ടിയായിരുന്നു മഹദ്സത്യാഗ്രഹ സമരം സംഘടിപ്പിച്ചത്. ഡോ. അംബേദ്കറുടെ ആഹ്വാനത്തെത്തുടർന്ന് പതിനായിരങ്ങൾ 1927 മാ. 19-ന് മഹദിൽ അണിനിരക്കുകയും മഹദിലെ ചൌദാർ കുളത്തിൽ നിന്നും കുടിവെള്ളം ശേഖരിക്കുകയും ചെയ്തു. തുടർന്ന് 1927 ആഗ. 4-ന് മഹദ് മുനിസിപ്പാലിറ്റി ചൌദാർകുളം അയിത്തജാതിക്കാർക്ക് തുറന്നുകൊടുത്തുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും ജാതിഹിന്ദുക്കൾ അയിത്തജാതിക്കാരെ കുളത്തിൽ നിന്നു വെള്ളം ശേഖരിക്കാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് അംബേദ്കറും അനുയായികളും 1927 ഡി.-ൽ പ്രതിഷേധവുമായി വീണ്ടും മഹദിൽ സമ്മേളിച്ചു. സമ്മേളനത്തിന്റെ ഭാഗമായി ഡി. 25-ന് അംബേദ്കർ മനുസ്മൃതി കത്തിക്കുകയും അയിത്തജാതിക്കാരോട് ഹിന്ദുമതത്തിന്റെ ചങ്ങലക്കെട്ടുകളിൽ നിന്നു മോചനം നേടാൻ ആഹ്വാനം ചെയ്യുകയും ചെയ്തു. സമരങ്ങൾക്കും നിയമയുദ്ധങ്ങൾക്കും ഒടുവിൽ, 1937-ൽ ചൗദാർ കുളം അയിത്തജാതിക്കാർക്ക് തുറന്നുകൊടുത്തുകൊണ്ടുള്ള ബോംബെ കോടതിയുടെ വിധിയുണ്ടായി.

1928 ഒ. 23-ന് ഡോ. അംബേദ്കർ സൈമൺ കമ്മീഷന് മുന്നിൽ ഹാജരാകുകയും പുതിയ ഭരണഘടനാ നിർദേശങ്ങളിൽ അയിത്തജാതിക്കാർക്ക് പ്രത്യേക വോട്ടവകാശം ശുപാർശ ചെയ്യണമെന്ന് ആവശ്യപ്പെടുകയും ഉണ്ടായി. സൈമൺ കമ്മീഷന്റെ നിർദേശപ്രകാരം 1930-ൽ ബ്രിട്ടൻ ഭരണഘടനാ പരിഷ്കാരങ്ങളെപ്പറ്റി ചർച്ച ചെയ്യാൻ ലണ്ടനിൽ വട്ടമേശ സമ്മേളനങ്ങൾ വിളിച്ചുചേർക്കുകയും തമിഴ് നാട്ടിലെ റാവു ബഹദൂർ ശ്രീനിവാസനോടൊപ്പം അംബേദ്കറെ പ്രസ്തുത സമ്മേളനങ്ങളിൽ അയിത്തജാതിക്കാരെ പ്രതിനിധാനം ചെയ്യാൻ തിരഞ്ഞെടുക്കുകയും ചെയ്തു. വട്ടമേശ സമ്മേളനങ്ങളിൽ പങ്കെടുത്ത അംബേദ്കർ അയിത്തജാതിക്കാർ ഹിന്ദുക്കളിൽ നിന്നും വ്യതിരിക്തരാണെന്നും അവരെ ന്യൂനപക്ഷമായി പരിഗണിച്ചു പ്രത്യേക വോട്ടവകാശം നൽകണമെന്നും വാദിച്ചത് ഗാന്ധിജിയുടെ ശക്തമായ എതിർപ്പിന് കാരണമായി. അയിത്തജാതിക്കാർ ഹിന്ദുമതത്തിന്റെ അവിഭാജ്യഘടകമാണെന്നു വാദിച്ച ഗാന്ധിജിയാകട്ടെ അയിത്തജാതിക്കാർക്ക് പ്രത്യേക വോട്ടവകാശം നൽകിയാൽ സ്വന്തം ജീവൻ കൊണ്ടും അതിനെ നേരിടുമെന്ന് വട്ടമേശ സമ്മേളനങ്ങളിൽ പ്രഖ്യാപിച്ചു. എന്നാൽ ബ്രിട്ടൻ 1932 ആഗ. 17-ന് അയിത്തജാതിക്കാർക്ക് പ്രത്യേക വോട്ടവകാശം അനുവദിച്ചുകൊണ്ടുള്ള കമ്യൂണൽ അവാർഡ് പ്രഖ്യാപിച്ചു. തുടർന്നു ഗാന്ധിജി 1932 സെപ്. 20-ന് പൂണെയിലെ യെർവാദജയിലിൽ കമ്യൂണൽ അവാർഡിനെതിരെ നിരാഹാരസമരം ആരംഭിക്കുകയും സെപ്. 24-ലെ പൂനാ കരാർ പ്രകാരം നിരാഹാരം അവസാനിപ്പിക്കുകയും ചെയ്തു.

> വട്ടമേശ സമ്മേളനങ്ങളിൽ പങ്കെടുത്ത അംബേദ്കർ അയിത്തജാതിക്കാർ ഹിന്ദുക്കളിൽ നിന്നും വ്യതിരിക്തരാണെന്നും അവരെ ന്യൂനപക്ഷമായി പരിഗണിച്ചു പ്രത്യേക വോട്ടവകാശം നൽകണമെന്നും വാദിച്ചത് ഗാന്ധിജിയുടെ ശക്തമായ എതിർപ്പിന് കാരണമായി.

നാസിക്കിലെ കലാറാം ക്ഷേത്രത്തിൽ അയിത്തജാതിക്കാർക്ക് പ്രവേശന സ്വാതന്ത്ര്യം ആവശ്യപ്പെട്ടുകൊണ്ടുള്ള മറ്റൊരു സമരത്തിന് 1930 മാ. 2-ന് ഡോ. അംബേദ്കർ ആരംഭം കുറിച്ചു. സത്യാഗ്രഹസമരം അഞ്ചു വർഷം നീണ്ടുനിന്നെങ്കിലും ജാതിഹിന്ദുക്കൾ അയിത്തജാതിക്കാർക്ക് ക്ഷേത്രപ്രവേശം അനുവദിച്ചില്ല. 1935-ൽ അംബേദ്കർ പ്രസ്തുത സമരം അവസാനിപ്പിച്ചുകൊണ്ട് ബോംബെയിലെ യെയോലയിൽ ദലിതരുടെ ഒരു വലിയ സമ്മേളനം വിളിച്ചുചേർക്കുകയും പ്രസ്തുത സമ്മേളനത്തിൽ വച്ച് താൻ ഹിന്ദുവായി മരിക്കില്ലെന്നു പ്രഖ്യാപിക്കുകയും ചെയ്തു.

1935 മേയ് 27-ന് അംബേദ്കറുടെ ഭാര്യ രമാഭായി അന്തരിച്ചു. ഇതേവർഷം ജൂണിൽ അംബേദ്കർ ബോംബെയിലെ ഗവൺമെന്റ് ലാ കോളജിന്റെ പ്രിൻസിപ്പാൾ ആയി നിയമിക്കപ്പെട്ടു. 1935 ഡി.-ൽ ലാഹോറിലെ ജത്-പത്-തോഡക് എന്ന സംഘടന ഡോ. അംബേദ്കറെ ജാതിനിർമൂലനം എന്ന വിഷയത്തെ അധികരിച്ചു പ്രബന്ധം അവതരിപ്പിക്കാൻ ക്ഷണിച്ചു. എന്നാൽ പ്രബന്ധത്തിലെ ഹിന്ദുമത വിമർശന ഭാഗങ്ങൾ ഒഴിവാക്കണമെന്ന സംഘാടകരുടെ നിർദേശം അംബേദ്കർ അവഗണിച്ചതിനെത്തുടർന്ന് പ്രസ്തുത സമ്മേളനം തന്നെ സംഘാടകർ ഒഴിവാക്കി. ശ്രദ്ധേയമായ പ്രസ്തുത പ്രബന്ധം

അംബേദ്കർ പിന്നീട് പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചു.

അംബേദ്കർ 1936 ഒ.-ൽ ഇൻഡിപെൻഡന്റ് ലേബർ പാർട്ടി രൂപീകരിക്കുകയും ബോംബെ പ്രവിശ്യാ തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും എല്ലാ സംവരണ സീറ്റുകളിലും വിജയിക്കുകയും ചെയ്തു. 1942-ൽ ഷെഡ്യൂൾഡ് കാസ്റ്റ് ഫെഡറേഷൻ എന്ന പേരിൽ മറ്റൊരു സാമൂഹിക-രാഷ്ട്രീയ സംഘടനയ്ക്കു രൂപം നൽകി. 1942 ജൂലായിൽ അംബേദ്കറെ വൈസ്രോയിയുടെ എക്സിക്യൂട്ടീവ് കൌൺസിലിൽ അംഗമായി നിയമിച്ചു. 1946 വരെ എക്സിക്യൂട്ടീവ് കൌൺസിലിൽ അംഗമായി തുടർന്നു. 1945-ൽ അധഃസ്ഥിതരുടെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമാക്കി പീപ്പിൾസ് എഡ്യൂക്കേഷൻ സൊസൈറ്റി രൂപീകരിക്കുകയും സൊസൈറ്റിയുടെ കീഴിൽ മഹാരാഷ്ട്രയിൽ കോളജുകൾ ഉൾപ്പടെ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുകയും ചെയ്തു.

രണ്ടാം ലോകയുദ്ധാനന്തരം 1946 മാർച്ചിൽ ഇന്ത്യയുടെ സ്വാതന്ത്ര്യ പ്രഖ്യാപനവുമായി ക്യാബിനറ്റ് മിഷൻ ഇന്ത്യയിൽ എത്തി. 1946 മേയിൽ മിഷൻ ഭരണഘടനാ നിർമാണസഭ രൂപീകരിക്കേണ്ടതിനെ സംബന്ധിച്ചുള്ള നിർദേശങ്ങൾ അവതരിപ്പിച്ചു. തുടർന്ന് ഭരണഘടനാ നിർമാണസഭയിലേക്ക് ഡോ. അംബേദ്കർ തെരഞ്ഞെടുക്കപ്പെട്ടു. 1947 ആഗസ്റ്റിൽ നെഹ്റുവിന്റെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട പ്രഥമ കേന്ദ്രമന്ത്രിസഭയിൽ അംബേദ്കർ നിയമകാര്യമന്ത്രിയായി. ആഗ. 29-ന് ഭരണഘടനയുടെ കരടു നിർമാണകമ്മിറ്റിയുടെ ചെയർമാനായി അംബേദ്കർ തെരഞ്ഞെടുക്കപ്പെട്ടു. 1948 ഏപ്രിലിൽ അംബേദ്കർ ഡോ. ശാരദാകബീറിനെ വിവാഹം കഴിച്ചു.

1949 ഫെ. 24-ന് ഡോ. അംബേദ്കർ ഹിന്ദുകോഡ് ബിൽ പാർലമെന്റിൽ അവതരിപ്പിച്ചു. എന്നാൽ കോൺഗ്രസ്സിന്റെ പിന്തുണ ലഭിക്കാതിരുന്നതിനാൽ ഹിന്ദുകോഡ് ബിൽ പരാജയപ്പെട്ടു. ബില്ലിന്റെ പരാജയത്തെത്തുടർന്ന് ഡോ. അംബേദ്കർ 1951 സെപ്. 27-ന് കേന്ദ്രമന്ത്രി സ്ഥാനം രാജിവച്ചു. 1952 ജൂൺ 5-ന് കൊളംബിയ സർവകലാശാല ഇന്ത്യൻ ഭരണഘടനാശില്പി എന്ന നിലയിൽ അംബേദ്കറെ എൽ.എൽ.ഡി ബിരുദം നൽകി ആദരിച്ചു; തുടർന്ന് ഉസ്മാനിയ സർവകലാശാല ഡി.ലിറ്റ് ബിരുദവും നൽകി.

1950-ന്റെ ആരംഭം മുതൽ ഡോ. അംബേദ്കർ ഹിന്ദുമതം ഉപേക്ഷിച്ച് ബുദ്ധമതം സ്വീകരിക്കുന്നതിനെക്കുറിച്ചുള്ള ചർച്ചകളും പ്രവർത്തനങ്ങളും സജീവമാക്കി. ഇതിന്റെ ഭാഗമായി 1950 മേയിൽ ഡൽഹിയിൽ അംബേദ്കറുടെ നേതൃത്വത്തിൽ വിപുലമായി ബുദ്ധജയന്തി ആഘോഷിക്കപ്പെട്ടു. ഇതേ വർഷം തന്നെ ലോകബുദ്ധമത സമ്മേളനത്തെ അഭിസംബോധന ചെയ്യാൻ അംബേദ്കർ കൊളംബോ സന്ദർശിച്ചു. 1954-ൽ അംബേദ്കർ ബർമയും സന്ദർശിച്ചു. 1954 ഒ. 3-ന് 'എന്റെ തത്ത്വശാസ്ത്രം' എന്ന വിഷയത്തെ അധികരിച്ച് ബി.ബി.സി.യിൽ ചെയ്ത പ്രസംഗം ലോകശ്രദ്ധയാകർഷിച്ചു. 1954-ൽ അംബേദ്കർ വീണ്ടും ബർമ സന്ദർശിക്കുകയും മടങ്ങിയെത്തിയ ഉടൻ ബുദ്ധമത പ്രചരണാർഥം ബുദ്ധിസ്റ്റ് സൊസൈറ്റി ഒഫ് ഇന്ത്യ (1955) എന്ന സംഘടന രൂപീകരിക്കുകയും ചെയ്തു. 1956-ൽ അംബേദ്കർ ബുദ്ധനും അദ്ദേഹത്തിന്റെ ധമ്മവും എന്ന ശ്രദ്ധേയമായ ഗ്രന്ഥം പൂർത്തിയാക്കി. 1956 ഒ. 14-ന് മഹാരാഷ്ട്രയിലെ ചരിത്രപ്രസിദ്ധമായ ദീക്ഷാഭൂമിയിൽ വച്ച് ആറു ലക്ഷത്തിലധികം അനുയായികളോടൊപ്പം ബുദ്ധമതം സ്വീകരിച്ചു. 1956 ന. 20-ന് നാലാമത് ലോക ബുദ്ധിസ്റ്റ് സമ്മേളനത്തിൽ പങ്കെടുക്കാൻ അംബേദ്കർ നേപ്പാൾ സന്ദർശിച്ചു. സമ്മേളനത്തിൽ അദ്ദേഹം നടത്തിയ പ്രസംഗം പില്ക്കാലത്ത് ബുദ്ധിസവും കമ്യൂണിസവും എന്ന തലക്കെട്ടിൽ പുസ്തകമായി പ്രസിദ്ധീകരിച്ചു.

ചിന്തകനും ഗവേഷകനുമായ ഡോ. അംബേദ്കർ ശ്രദ്ധേയമായ നിരവധി ഗ്രന്ഥങ്ങളുടെ രചയിതാവ് കൂടിയാണ്. ഇന്ത്യയിലെ ജാതികൾ: യാന്ത്രികത, ഉദ്ഭവം, വികാസം; ശൂദ്രർ ആരായിരുന്നു?; അയിത്തജാതിക്കാർ ആരായിരുന്നു? അവർ എങ്ങനെ അയിത്തജാതിക്കാരായി?; കോൺഗ്രസ്സും ഗാന്ധിയും അയിത്തജാതിക്കാർക്കുവേണ്ടി എന്തു ചെയ്തു?; പാകിസ്താനെക്കുറിച്ചുള്ള ചിന്തകൾ; ജാതി നിർമൂലനം; ഹിന്ദുമതത്തിലെ പ്രഹേളികകൾ; ഹിന്ദുമതത്തിന്റെ തത്ത്വശാസ്ത്രം; ബുദ്ധനോ കാറൽ മാർക്സോ; വെയ്റ്റിംഗ് ഫോർ എ വിസ (ആത്മകഥാകുറിപ്പുകൾ); പ്രോബ്ളം ഒഫ് റുപ്പീസ്; ബുദ്ധനും അദ്ദേഹത്തിന്റെ ധമ്മവും തുടങ്ങിയവയാണ് അംബേദ്കറുടെ രചനകളിൽ പ്രധാനപ്പെട്ടവ. മഹാരാഷ്ട്ര സർക്കാർ അംബേദ്കറുടെ എഴുത്തുകളും പ്രസംഗങ്ങളും സമാഹരിച്ചു 18 വാല്യങ്ങളിൽ (ഇംഗ്ളീഷ്) പ്രസിദ്ധീകരിച്ചിട്ടുണ്ട്. മലയാളം ഉൾപ്പെടെയുള്ള ഇന്ത്യയിലെ ഒട്ടുമിക്ക പ്രാദേശിക ഭാഷകളിലേക്കും ഈ ഗ്രന്ഥ സമുച്ചയം വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

1956 ഡി. 6-ന് ഡോ. അംബേദ്കർ ഡൽഹിയിൽ അന്തരിച്ചു. ഡി. 7-ന് അദ്ദേഹത്തിന്റെ ഭൗതികശരീരം മുംബൈയിലെ ചൈത്യഭൂമിയിൽ ബുദ്ധമതാചാരപ്രകാരം സംസ്കരിച്ചു. സംസ്കാര ചടങ്ങിനോടനുബന്ധിച്ച് അദ്ദേഹത്തോടുള്ള ആദരസൂചകമായി ഒരു ലക്ഷം പേർ ബുദ്ധമതം സ്വീകരിച്ചു. 1991-ൽ ഇന്ത്യാ ഗവൺമെന്റ് മരണാനന്തര ബഹുമതിയായി ഡോ. അംബേദ്കർക്ക് ഭാരതരത്നം നൽകി ആദരിച്ചു.

*(കടപ്പാട് : വിക്കിപീഡിയ)*

# ഏപ്രിൽ 2
# കുട്ടൻകുളം സമരനായിക, പി സി കുറുമ്പ ഓർമ്മദിനം



'കൊച്ചി സംസ്ഥാനത്ത് ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റ് കോടതിയിൽ നിന്ന് ക്രിമിനൽ നടപടി 125-ാം വകുപ്പ് പ്രകാരം എല്ലാവരും അറിയുന്നതിനായി പരസ്യപ്പെടുത്തുന്നതെന്തെന്നാൽ കൂടൽമാണിക്യം ക്ഷേത്രത്തിന്റെ ചുറ്റുമുള്ള മതിൽക്ക് പുറമേക്കൂടിയും കുളത്തിന്റെ കിഴക്കും തെക്കും പടിഞ്ഞാറുമുള്ള വഴിയിൽകൂടിയും ഹിന്ദുക്കളിൽ തീണ്ടൽ ജാതിക്കാർ സഞ്ചരിക്കുന്നതിനാൽ ക്ഷേത്രവും അതിനകത്തുള്ള തീർഥവും കുട്ടംകുളവും അശുദ്ധമാകുന്നതായും അതിനാൽ പലപ്പോഴും പുണ്യാഹത്തിനും മറ്റും ഇടവരുന്നതായും നമുക്ക് അറിവായിരിക്കുന്നതിനാൽ മേല്പറഞ്ഞ വഴികളിൽകൂടി തീണ്ടൽ ജാതിക്കാർ ഗതാഗതം ചെയ്തുപോകരുതെന്ന് നാം ഇതിനാൽ ഖണ്ഡിതമായി കല്പിച്ചിരിക്കുന്നു."
(1946 വരെ കുട്ടംകുളത്തിനോട് ചേർന്ന് സ്ഥാപിച്ചിരുന്ന "തീണ്ടൽപ്പലക"യിൽ എഴുതിയിരുന്നത് ഇങ്ങനെയായിരുന്നു).

ഈ കൊടിയ ജാതിവിവേചനത്തിൽ അമർഷം പൂണ്ട ആയിരക്കണക്കിന് പേർ 1946 ജൂൺ 23ന് ചരിത്രപ്രസിദ്ധമായ കൂടൽമാണിക്യം ക്ഷേത്രത്തിന് മുന്നിലുള്ള 'തീണ്ടൽപ്പലക' തൂത്തെറിയാൻ ആവേശത്തോടെ മുന്നേറി. പി ഗംഗാധരനും, കെ വി ഉണ്ണിയുമാണ് പ്രക്ഷോഭത്തിന് നേതൃത്വം നൽകിയിരുന്നത്. ഈ പ്രകടനത്തിന്റെ മുൻനിരയിൽതന്നെ കാരിരുമ്പിന്റെ കരുത്തുള്ള പെൺപോരാളി പിസി കുറുമ്പയും ഉണ്ടായിരുന്നു.

കേരളത്തിലെ നവോത്ഥാനപ്പോരാട്ടങ്ങളിൽ അവിസ്മരണീയമായ ഒന്നാണ് 'കുട്ടംകുളം സമരം'. ക്ഷേത്രപ്രവേശനത്തിനും സഞ്ചാരസ്വാതന്ത്ര്യത്തിനും വേണ്ടി കൊച്ചി രാജ്യത്ത് നടത്തിയ ഐതിഹാസിക പ്രക്ഷോഭമായിരുന്നു അത്.

സമരക്കാരെ നേരിടാൻ ഇൻസ്പെക്ടർ ശങ്കുണ്ണിയുടെ നേതൃത്വത്തിൽ നൂറുകണക്കിന് പൊലീസിനെയും എംഎസ്പി ക്കാരെയും വിന്യസിച്ചിരുന്നു. സമരക്കാരും പൊലീസും തമ്മിൽ രൂക്ഷമായ ഏറ്റുമുട്ടൽ നടന്നു. കെ വി ഉണ്ണിയേയും പി ഗംഗാധരനേയും കൈകൾ കൂട്ടികെട്ടി വിളക്കുകാലിൽ കെട്ടിയിട്ട് മർദ്ദിച്ചു. പി സി കുറുമ്പയെയും പൊലീസ് പൊതിരെ തല്ലി. കുറുമ്പയുൾപ്പെടെ 33 പേർക്കെതിരെ കേസെടുത്തു. പിന്നീട് പനമ്പിള്ളി ഗോവിന്ദമേനോന്റെ നേതൃത്വത്തിലുള്ള സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് കേസ് പിൻവലിച്ചത്.

കേരളത്തിലെ കുപ്രസിദ്ധി നേടിയ ജയിലറകളിൽ ഒന്നായി മാറിയിരുന്ന ഇരിങ്ങാലക്കുട സബ് ജയിലിൽ പി സി കുറുമ്പയ്ക്കും പി കെ കുമാരനും ഉണ്ടായ അനുഭവം അതിനുമുൻപോ ശേഷമോ മറ്റാർക്കുമുണ്ടായതായി അറിവില്ല. അതുവരെ ഒരാളോടും പ്രയോഗിച്ചിട്ടില്ലാത്ത പീഡനമുറകളാണ് അവരോട് സർക്കിൾ ഇൻസ്പെക്ടർ യുപിആർ മേനോന്റെ നേതൃത്വത്തിലുള്ള പൊലീസ് നരാധനന്മാർ പ്രയോഗിച്ചത്. രണ്ടുപേരേയും മർദ്ദിച്ച് അവശരാക്കിയശേഷം നഗ്നരാക്കി ലൈംഗീകബന്ധത്തിന് പ്രേരിപ്പിച്ച ദാരുണമായ സംഭവം ആർക്കും അവിശ്വസനീയമായേ തോന്നൂ. കേവലം ഇരുപത് വയസുപോലും തികഞ്ഞിട്ടില്ലാത്ത പട്ടികജാതി യുവതിക്കുണ്ടായ ദുരനുഭവം ശക്തമായ പ്രതിഷേധത്തിനിടയാക്കി.

തിരു-കൊച്ചി നിയമസഭയിൽ അംഗമായി തെരഞ്ഞെടുക്കപ്പെട്ട ഇ ഗോപാലകൃഷ്ണമേ

നോൻ മുഖ്യമന്ത്രി പറവൂർ ടി കെ നാരായണപിള്ളയോട് കൈചൂണ്ടി രോഷാകുലനായി ഈ സംഭവം വിവരിച്ചപ്പോൾ സഭയിലെ മറ്റംഗങ്ങൾ സ്തബ്ധരായി ഇരിക്കുകയായിരുന്നുവെന്ന് ഗോപാലകൃഷ്ണ മേനോൻ അനുസ്മരിക്കുന്നുണ്ട് ജയിലിൽനിന്നും പുറത്തുവന്ന പി കെ കുമാരൻ തങ്ങൾക്കേറ്റ അപമാനത്തെക്കുറിച്ച് ഒരു പത്രപ്രസ്താവന നടത്തി.

മലയാറ്റൂർ രാമകൃഷ്ണൻ പത്രാധിപരായ 'ഇടതുപക്ഷം' എന്ന വാരികയിൽ പി കെ കുമാരൻ വിശദമായ ഒരു ലേഖനം എഴുതി. എന്നാൽ പൊലീസിനെ അപമാനിച്ചുവെന്നാരോപിച്ച് പി കെ കുമാരനെതിരെ പൊലീസ് കള്ളക്കേസ് ചുമത്തി വീണ്ടും അറസ്റ്റുചെയ്തു. കേരളത്തിന്റെ ചരിത്രത്തിൽ സമാനതകളില്ലാത്ത ഭരണകൂട ഭീകരതയ്ക്കാണ് കുറുമ്പ ഇരയായത്....

എല്ലാ പ്രക്ഷോഭസമരത്തിന്റെ മുന്നിലും പി സി കുറുമ്പയുണ്ടായിരുന്നു. 1946 ജൂൺ മുതൽ ജൂലായ് വരെ പല ഘട്ടങ്ങളായി നടന്ന കുട്ടംകുളം സമരത്തിന് ശേഷം ഏറെക്കഴിയും മുമ്പേ കൊച്ചി രാജ്യത്ത് ക്ഷേത്രപ്രവേശന വിളംബരവും ഉത്തരവാദ ഭരണ പ്രഖ്യാപനവുമുണ്ടായി.

കുട്ടംകുളം സമരം നടക്കുന്നതിനു തൊട്ടുമുൻപാണ് സമസ്ത കൊച്ചി പുലയ മഹാസഭയുടെ വാർഷിക സമ്മേളനം ഇരിങ്ങാലക്കുടയിൽ വെച്ച് നടക്കുന്നത്. പി കെ ചാത്തൻ മാസ്റ്ററുടെ നേതൃത്വത്തിലാണ് ഈ സമ്മേളനം നടന്നത്. പുലയരുടെ ആത്മാഭിമാനം ഉണർത്തിയ ഒരു സമ്മേളനമായിരുന്നു അത്. സമ്മേളനത്തോടനുബന്ധിച്ച് പുലയസ്ത്രീകളുടെ ഒരു പ്രകടനം കുട്ടംകുളം പരിസരത്തുകൂടി നടന്നു. ജാതി പിശാചുക്കളായ ഏതാനും സവർണർ അവരെ മുറുക്കിതുപ്പി അപമാനിച്ചു. ചാത്തൻ മാസ്റ്ററുടെ ഭാര്യ കെ വി കാളി, കെ കെ ചക്കി, കെ കെ അയ്യപ്പന്റെ ഭാര്യ കാളി, പി സി കുറുമ്പ എന്നിവരായിരുന്നു പ്രകടനത്തിന് നേതൃത്വം നൽകിയിരുന്നത്. പുലയസ്ത്രീകൾ സാരിയുടുത്തതാണ് സവർണരെ പ്രകോപിപ്പിച്ചതത്രെ!

കുട്ടംകുളം സമരത്തിനു ശേഷം നടന്ന പാലിയം സമരത്തിലും കുറുമ്പ പങ്കെടുത്തു.

നിണമണിഞ്ഞ സമരപഥങ്ങൾ താണ്ടിയ കുറുമ്പ അനുഭവങ്ങളുടെ മൂശയിൽ വാർത്തെടുത്ത ഒരൊന്നാന്തരം സമരസഖാവായിരുന്നു. എന്നാൽ പി സി കുറുമ്പയെന്ന കീഴാളയുവതിയുടെ മഹത്തായ ത്യാഗത്തിന്റെയും അസാമാന്യമായ പോരാട്ടത്തിന്റെയും ചരിത്രം നാം വേണ്ടവിധം മനസിലാക്കരുതെന്ന് ആരൊക്കെയോ കരുതിയിരുന്നിരിക്കണം. വിഎസ് മുഖ്യമന്ത്രിയായിരുന്നപ്പോൾ കുറുമ്പയ്ക്ക് സ്വാതന്ത്ര്യസമര പെൻഷൻ അനുവദിച്ചെങ്കിലും ആദ്യത്തെ പെൻഷൻ സംഖ്യ മാത്രമേ വാങ്ങാൻ കഴിഞ്ഞുള്ളൂ. 92-ാം വയസിൽ, 2013 ഏപ്രിൽ 2 ന് ആ വിപ്ലവകാരി ലോകത്തോട് വിടപറഞ്ഞു.

# മധുമാസ്റ്റർ അനുസ്മരണം

മധു മാസ്റ്ററുടെ ഓർമ്മയിൽ കൾച്ചറൽ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ അദ്ദേഹത്തിന്റെ സുഹൃത്തുക്കളും സഹപ്രവർത്തകരായിരുന്നവരും ഒത്തുചേർന്നു. കോഴിക്കോട് മീഡിയ സ്റ്റഡി സെന്ററിൽ നടന്ന പരിപാടിയിൽ സാംസ്കാരിക പ്രവർത്തകൻ ഷജിൽ കുമാർ ആമുഖ പ്രഭാഷണം നടത്തി.

ഡോ. കെ.എൻ അജോയ് കുമാർ, വി. അബ്ദുൾ മജീദ്, പ്രകാശ്, രാജു മാഷ്, കരിം ദാസ്, വേണു ഗോപാലൻ കുനിയിൽ വി.എ ബാലകൃഷ്ണൻ, സേതു തൃശൂർ, എന്നിവർ സംസാരിച്ചു.

കലയുടെ രാഷ്ട്രീയം കൊണ്ടു ജീവിതത്തെ പുതുക്കിപ്പണിയാൻ ധിഷണ കൊണ്ടു മുന്നേറിയ പ്രതിഭ. മനുഷ്യ വിമോചനത്തിന് ജനകീയ സംസ്കാരത്തിന്റെ പ്രത്യയശാസ്ത്രം നാടകം കളിച്ചു കാണിച്ചു കൊടുത്ത വിപ്ലവകാരി. പടയണിയും, അമ്മയും, കറുത്ത വാർത്തയും, സുനന്ദയും, കലി ഗുലയും ക്രൈമും തുടങ്ങി മലയാള നാടക വേദിയിൽ മധു മാഷ് രേഖപ്പെടുത്തിയ ചരിത്രം തൊടാതെ ആർക്കാണ് മുന്നോട്ട് പോകാനാവുക.

അനീതിയോടും അധർമ്മത്തോടും വ്യവസ്ഥയുടെ നൃശംസതകളോടും മുഖാമുഖം നിന്ന് വീറോടെ പൊരുതിയിട്ടുണ്ട് അദ്ദേഹം. നാടകമെഴുതിയും അഭിനയിച്ചും സംഘടിപ്പിച്ചും കലയുടെ അരാഷ്ട്രീയ വ്യവഹാരങ്ങളെ പ്രതിരോധിച്ച് നൈസർഗ്ഗികത കൊണ്ട് മലയാള നാടകവേദിക്ക് നവ ഭാവുകത്വത്തോടെ പുതുവഴി വെട്ടിയതാണ് മധു മാഷിന്റെ ചരിത്രം. എഴുപതുകളിലെ ഭരണകൂടത്തിന്റെ ഏകാധിപത്യ വാഴ്ച്ചക്കെതിരെ ജനാധിപത്യത്തിനും ആവിഷ്കാര സ്വാതന്ത്ര്യത്തിനും വേണ്ടി പൊരുതിയതിന്റെ പേരിൽ തടവറയിലായി അദ്ദേഹം.

അസ്വാതന്ത്ര്യത്തിന്റെ കരിങ്കൽ ഭിത്തികളോ, ഇരുമ്പ് മറകളോ, തോക്കോ, ലാത്തിയോ അദ്ദേഹത്തെ തളർത്തിയില്ല. 'ശിരസ്സുയർത്തിപ്പിടിച്ച ചെമ്പൻ കുതിരയായി 'അടിയുറച്ച വിപ്ളവ ബോധത്തോടെ ആ സാഹചര്യത്തേയും കണക്കറ്റ് പ്രഹരിച്ചു.

പൊളിറ്റിക്കൽ ഹിന്ദുത്വത്തിന്റെ സാംസ്കാരിക ദേശീയത അർബുദം പോലെ പടർന്നു കയറുന്ന ഇക്കാലത്ത് അരങ്ങും തെരുവുമുണർത്തി പ്രതിരോധ മതിലുയർത്താൻ മധു മാഷ് അടയാളപ്പെടുത്തിയിട്ടുള്ള ചരിത്രത്തെ ഇന്ധനമാക്കിക്കൊണ്ട് മനുവാദ ബ്രാഹ്മണിക്കൽ ഹിന്ദുത്വ ഫാസിസത്തിന് എതിരായ സാംസ്കാരിക പ്രതിരോധങ്ങൾ സൃഷ്ടിക്കാൻ കൂടുതൽ കരുത്തോടെ നമുക്ക് മുന്നേറേണ്ടതുണ്ട്. കൾച്ചറൽ ഫോറം അഭിപ്രായപ്പെട്ടു.

കൾച്ചറൽ ഫോറം

# വന നിയമത്തെ അട്ടിമറിക്കാൻ പുതിയ നിയമവുമായി കേന്ദ്ര സർക്കാർ രംഗത്ത്!

വന സംരക്ഷണ നിയമം ഇനി മുതൽ 'വൻ സംരക്ഷൺ ഏവം സംവർധൻ അധിനിയം' എന്നായി അറിയപ്പെടും. ഏഴു പേജുള്ള ഭേദഗതി ബിൽ കേന്ദ്ര സർക്കാർ മാർച്ച് 29 ന് ലോക സ ഭ യിൽ അവതരിപ്പിച്ചു. ബില്ല് ഏ കപക്ഷീയമായി പാസാക്കാൻ സെലക്ട് കമ്മിറ്റിയെ ഏൽപ്പിക്കു കയായിരുന്നു. സ്റ്റാൻഡിംഗ് കമ്മി റ്റിയിലേക്ക് പുതിയ ബിൽ വി ടാതെ നോക്കിയത് പഴയ നിയമ ത്തിന്റെ അട്ടിമറി എളുപ്പമാക്കാ നാണ്. അവശേഷിക്കുന്ന ഇ ന്ത്യൻ വനങ്ങളെയും വെട്ടി വെ ളുപ്പി ക്കാൻ അവസരം ഒരുക്കു ന്നതാണ് ഭേദഗതികൾ.

1980 ലെ വനസംരക്ഷണ നിയമം സമൂലമായി മാറ്റി മറിക്കു ന്ന അതെ അവസരത്തിലാണ് കേന്ദ്ര സർക്കാർ അധിക കാർബ ൺ ആഗിരണം സൃഷ്ടിക്കുന്നതി നായി വന വിസ്തൃതി വർദ്ധി പ്പി ക്കാൻ ശ്രമിക്കുന്നതിനെ പറ്റി സം സാരിക്കുന്നത്. 2030 ഓടെ 250 മു തൽ 300 കോടി ടൺ വരെ കാർ ബൺ ഡൈ ഓക്സൈഡ് തിരി ച്ചുപിടിക്കുമെന്നാണ് അന്തർദേ ശീയ പൊതുവേദിയിൽ വിശദീ കരിക്കുന്നത്. അധിക കാർബൺ സിങ്കിനായി വനവിസ്തൃതി വർ ദ്ധിപ്പിക്കാൻ ശ്രമിക്കുന്നു എന്ന താണ് സർക്കാർ നൽകുന്ന ഉറ പ്പ്. അതിനായി കാർബൺ ക്രെ ഡിറ്റ് നടപ്പിലാക്കാൻ ഒരു വശത്ത് നിയമ ഭേദഗതി. മറുവശത്ത് വ നങ്ങൾ നിയമം മൂലം സംരക്ഷി ക്കേണ്ടതില്ല എന്ന വാദവും സർ ക്കാർ ഉയർത്തുന്നു.

2070 ഓടെ സമ്പൂർണ്ണ കാർബൺ രഹിത ഇന്ത്യ എന്ന് ഉറപ്പു പറയുന്ന നാട്ടിൽ, ഗോമു ഖ് മുതൽ വിഴിഞ്ഞം വരെ തകർ ന്നു വീഴുമ്പോൾ, ലോക കാലാ വസ്ഥാ വ്യതിയാന വിഷയം ഏ 20 ൽ ചർച്ച ചെയ്യുവാൻ നേതൃ ത്വം കൊടുക്കുന്ന നാട്ടിലാണ് അ വ ശേഷിക്കുന്ന കാടുകൾക്കും കോടാലി വീഴ്ത്തുന്ന പുതിയ നി യമ ഭേദഗതി.

'വസുധൈവ കുടുംബ കം', 'ഒരു ഭൂമി, ഒരു കുടുംബം, ഒരു ഭാവി എന്നതാണ് ഇന്ത്യയു ടെ (G20) നേതൃത്വം പറഞ്ഞു കൊണ്ടിരി ക്കുന്നത്. പ്രകൃതി ദു രന്തങ്ങളാൽ ലോകത്തെ ഏറ്റവും കൂടുതൽ മരണങ്ങൾ ഉണ്ടാകുന്ന ഇന്ത്യയിലെ ഭേദപ്പെട്ട (വന)നിയ മത്തെ അട്ടിമറിക്കുകയാണ് ദേശീ യ സർക്കാർ. അധിക ചൂടും അ വിചാരിത മഴയും മണ്ണിടിച്ചിലും കടൽ കയറ്റവും വൻ സാമ്പത്തി ക ബാധ്യത ഉണ്ടാക്കുകയാണ്. ജോഷി മഠ്കൾ ഒറ്റപ്പെട്ടതല്ല.

നദികൾ വിഷമയവും വ രളുകയും ചെയ്യുന്നു. പകർച്ചവ്യാ ധി കൾ വർധിക്കുന്നു. കാർഷി ക ഉൽപ്പാദനം കുറയുന്നു. എ ല്ലാത്തിനും കാലാവസ്ഥാ വ്യതി യാനം കാരണമാകുമ്പോൾ വന ങ്ങളുടെ സുരക്ഷ വർധിപ്പിക്കേ ണ്ട കാലത്താണ് ഭേദഗതി ക ളിലൂടെ ഉള്ള കാടുകളെയും ത കർക്കാൻ അവസരമുണ്ടാ ക്കുന്ന ത്.

ഇന്ത്യൻ വന സംരക്ഷ ണ നിയമത്തെ ശക്തിപ്പെടുത്തു വാൻ ശ്രീ.T.N.ഗോദവർമ്മ തിരു മുൽപാട് നടത്തിയ പോരാട്ടം സു പ്രീം കോടതിയുടെ 1996 ലെ അ തി നിർണ്ണായക വിധിയിൽ കാ ര്യ ങ്ങളെ എത്തിച്ചു.

'പച്ച മനുഷ്യൻ ' എന്നറിയപ്പെട്ട ടി എൻ ഗോദവർമ്മ തിരുമുൽപ്പാ ട് Vs യൂണിയൻ ഓഫ് ഇന്ത്യ കേ സിൽ [WP (സിവിൽ) നമ്പർ 202 ഓഫ് 1995], സുപ്രീം കോടതി വി ധിയെ ഗില്ലറ്റിൻ ചെയ്യലാണ് വൻ സംരക്ഷൺ ഏവം സംവർധൻ അധിനിയം എന്ന പുതിയ ശ്രമ ത്തിന്റെ ലക്ഷ്യം.

## സിപിഐ(എം.എൽ.) റെഡ്സ്റ്റാർ

# പാർട്ടിഫണ്ട്
# വിജയിപ്പിക്കുക

# കർഷകർ SDM ഓഫീസ് വളഞ്ഞു

## അടച്ചിട്ടിരുന്ന മെയിൻ ഗേറ്റ് തുറന്ന് ഓഫീസിലെത്തി ഇൻചാർജ് തഹസിൽദാർ റജീമിനെ നീക്കണമെന്നാവശ്യപ്പെട്ട് അഭിഭാഷകർ നടത്തുന്ന സമരത്തെ പിന്തുണച്ചു

തഹസിൽദാർ പെഖൻ തോന്ദ്രെ, തഹസിൽദാർ പെഖൻ തോന്ദ്രെ, കർഷകരോടും സാധാരണ പരാതിക്കാരോടും അവരുടെ കേസുകൾ കേൾക്കുന്നതിനു പകരം മോശമായി പെരുമാറുകയും അവരെ വഴിതെറ്റിക്കുകയും ചെയ്യുന്നു. അഭിഭാഷകൻ പരാതിക്കാരുടെ ശബ്ദം ഉദ്യോഗസ്ഥന് മുന്നിൽ വെച്ചെങ്കിലും അവരും കേൾക്കുന്നില്ല. ഇതിൽ രോഷാകുലരായ അഭിഭാഷക യൂണിയൻ റജിം തഹസിൽദാരെ സ്ഥലം മാറ്റണമെന്നാവശ്യപ്പെട്ട് 2023 ഫെബ്രുവരി 22 മുതൽ അനിശ്ചിത കാല സമരവും 2023 മാർച്ച് 20 മുതൽ ക്രമേണ നിരാഹാര സമരവും നടത്തുകയാണ്. ദുരിതമനുഭവിക്കുന്ന കർഷകർക്ക് വേണ്ടി ആരുടെ കർഷക സംഘടനയാണ് പിന്തുണ നൽകുന്നത്, 24/03/2023 ന് 15 കർഷകർ നിരാഹാര സമരത്തിൽ പങ്കെടുത്തു.

സമരത്തിന്റെ ആവശ്യങ്ങളിൽ സത്വര നടപടി ഉണ്ടാകാത്തതിനാൽ കിസാൻ അഖിൽ ഭാരതീയ ക്രാന്തികാരി കിസാൻ സഭ ഛത്തീസ്ഗഢ് സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ 2023 മാർച്ച് 27 തിങ്കളാഴ്ച ഉച്ചയ്ക്ക് 01 മണിക്ക് റജിം മണ്ഡിയിൽ നിന്ന് റാലി നടത്തി SDM വളഞ്ഞു. റജിം തഹസിൽദാർക്കെതിരെ ഓഫീസ്. അതിനിടെ, പ്രധാന ഗേറ്റ് പൂട്ടി പോലീസ് ഭരണകൂടം വളരെ പെട്ടെന്ന് തടയാൻ ശ്രമിച്ചു, എന്നാൽ കർഷകർ ഗേറ്റ് തുറന്ന് എസ്ഡിഎം ഓഫീസിലെത്തി, അവിടെ എസ്ഡിഎം പൂജ ബൻസാലിന് മെമ്മോറാണ്ടം നൽകി, ചുമതലക്കാരനെ മാറ്റണമെന്ന് ആവശ്യപ്പെട്ടു. തഹസിൽദാർ റജിം. പൊതുപ്രവർത്തകൻ എന്ന പദവിയിലിരിക്കെ പൊതുജനങ്ങൾ പറയുന്നത് കേൾക്കാത്ത ഉദ്യോഗസ്ഥൻ അവരോടോ അവരുടെ അഭിഭാഷകരോടോ മോശമായി പെരുമാറുന്നത് ഒരിക്കലും ന്യായമല്ലെന്ന് മെമ്മോറാണ്ടത്തിൽ പറയുന്നുണ്ട്. ഉദ്യോഗസ്ഥനോ അഭിഭാഷകനോ കർഷകനോ പരാതിക്കാരനോ നീതിന്യായ വ്യവസ്ഥയിൽ ഒരു തരത്തിൽ കുടുംബത്തിന്റെ ഭാഗമാണ്, ആ ഉദ്യോഗസ്ഥന്റെ തലവൻ, പൊതുതാൽപ്പര്യത്തിൽ തന്റെ കർത്തവ്യങ്ങൾ നിർവഹിക്കണം, എന്നാൽ പൊതുസേവകന് തന്റെ കടമ നിർവഹിക്കാൻ കഴിയാതെ വരുമ്പോൾ, അപ്പോൾ അദ്ദേഹത്തിൽ നിന്നുള്ള കർഷകർ/പരാതികൾ നീതി ലഭിക്കുമെന്ന പ്രതീക്ഷ അവസാനിക്കുന്നു.

ചുമതലയുള്ള തഹസിൽദാർ മുതൽ ഉയർന്ന പദവിയിൽ നിങ്ങളെ നിയമിക്കണമെന്ന് കർഷകർ അഭ്യർത്ഥിച്ചു.പൊതുസേവകൻ എന്ന നിലയിലുള്ള നിങ്ങളുടെ കർത്തവ്യങ്ങൾ നിർവ്വഹിക്കുമ്പോൾ തന്നെ തഹസിൽദാർ ഇൻ-ചാർജ്ജ് റജിം ശ്രീ പേഖൻ തോണ്ടറെയെ എത്രയും വേഗം സ്ഥലം മാറ്റാൻ നിങ്ങൾ ശ്രമിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. അതിനു കഴിയുന്നില്ലെങ്കിൽ, ഇൻചാർജ് തഹസിൽദാർ ഞങ്ങളോട് പെരുമാറുന്നത് നിങ്ങളാണെന്ന് ഞങ്ങൾ അനുമാനിക്കും. അഖിലേന്ത്യാ വിപ്ലവ കിസാൻ സഭയുടെ സെക്രട്ടറി തേജ്റാം വിദ്രോഹി, ജനതാ യൂത്ത് കോൺഗ്രസ് അംഗം ഹരീഷ് സാഹു, അംഗങ്ങളായ ഉത്തം കുമാർ, ലളിത് കുമാർ, മനോജ് കുമാർ, ഹേമന്ത് കുമാർ ടണ്ടൻ, ഭരത് സാഹു, ലഖ്ബീർ സിംഗ്, ശ്രീമതി സീതാ ബായി. ഉപരോധ പരിപാടിയിൽ അഖിലേന്ത്യാ വിപ്ലവ കിസാൻ സഭ, ചക്കൻ സെൻ, ഗണേശിയ ധ്രുവ്, ത്രിവേണി ധ്രുവ്, സോങ്കൂർ ധ്രുവ്, സഹൂർ റാം, പവൻ കുമാർ, ജുമ്മൻ ധ്രുവ്, ശേഖുറാം, ആദേശ് ധ്രുവ്, മോതിരം, മദൻലാൽ, പരമേശ്വര്, നീലം, തിജ്റാം, സോമൻ യാദവ്റാം ധ്രുവ്, മധുസൂദൻ, ലീലേഷ് സാഹു, ഭുനുറാം സാഹു, റാംജി സാഹു തുടങ്ങിയവർ പങ്കെടുത്തു

■

# വൈക്കം സത്യഗ്രഹ ശതാബ്ദി : ജാതി ഉന്മൂലന മതേതര കൺവൻഷനും സത്യഗ്രഹ സ്മൃതി സംഗമവും നടന്നു

ബഹുഭൂരിപക്ഷം വരുന്ന അവർണ്ണ ജനതയ്ക്ക് വഴി നടക്കാൻ പോലും വിലക്കേർപ്പെടുത്തിയ ഹീനവും കർക്കശവുമായ ജാതിവ്യവസ്ഥയ്ക്കെതിരെ അവർണ്ണ ജനതയിൽ നിന്നും ഉയർന്നുവന്നതും പുരോഗമന ജനാധിപത്യ ശക്തികൾ ഐക്യപ്പെട്ടതുമായ വഴി നടക്കാനും ജനാധിപത്യാവകാശങ്ങൾ സ്ഥാപിക്കാനുമായി നടന്ന ബഹുജനമുന്നേറ്റത്തെ ഹിന്ദു മത പരിഷ്കരണത്തിന്റെയും ക്ഷേത്ര പ്രവേശനത്തിന്റെയും പ്രശ്നമാക്കി ചുരുക്കി അവതരിപ്പിച്ചു കൊണ്ടുള്ള വൈക്കം സത്യാഗ്രഹ ശതാബ്ദി ആഘോഷങ്ങളുടെ പശ്ചാത്തലത്തിൽ ജാതി ഉന്മൂലന മതേര ക്യാമ്പയിൻ മുന്നോട്ടു കൊണ്ടുപോകുന്നതിനും കേരളത്തിന്റെ സവിശേഷ സാഹചര്യത്തിൽ ജാതി നശീകരണത്തിനായുള്ള പ്രസ്ഥാനം കെട്ടിപ്പടുക്കാനും ലക്ഷ്യമിട്ട് ജാതി ഉന്മൂലന മതേതര കൺവെൻഷൻ വൈക്കത്ത് വിജയകരമായി നടന്നു.

കൺവൻഷന്റെ ഭാഗമായി രാവിലെ 10 മണിക്ക് വ്യാപാര ഭവൻ ഹാളിൽ ആരംഭിച്ച സെമിനാറിൽ കെ.എൻ രാമചന്ദ്രൻ 'വൈക്കം സത്യാഗ്രഹ ശതാബ്ദിയും ജാതി ഉന്മൂലന സമരത്തിന്റെ കാലിക പ്രസക്തിയും' എന്ന വിഷയവും സുദേഷ് എം രഘു 'സംവരണവും ജനാധിപത്യവും' ഡോ.ടി.എസ്.ശ്യാംകുമാർ 'ജാതിയും ജനാധിപത്യവും' എന്ന വിഷയവും അവതരിപ്പിച്ചു. സെമിനാറിൽ പി.എൻ പ്രൊവിന്റ് മോഡറേറ്ററായി.

ഉച്ചയ്ക്ക് 2 മണിക്ക് അഡ്വ.പി.ഒ.ജോൺ, രാജഗോപാൽ വാകത്താനം, ഡോ. എസ്.സരിത് കുമാർ എന്നിവർ പ്രസീഡിയമായ സംഘടനാ കൺവെൻഷനിൽ എം.കെ. ദാസൻ ജാതി ഉന്മൂലന പ്രസ്ഥാനത്തിന്റെ നയവും പരിപാടിയും സംഘടനാ രൂപവും ഉൾക്കൊള്ളുന്ന കരട് രേഖ അവതരിപ്പിച്ചു.

രേഖയെ അധികരിച്ചു നടന്ന ചർച്ചയിൽ പങ്കെടുത്ത് കെ. രവീന്ദ്രൻ, രമേശ് അഞ്ചലശ്ശേരി, പി.എൻ. പ്രോവിന്റ്, എം.കെ.കൃഷ്ണൻ കുട്ടി, കെ.എസ് സിന്ധു , ടി.സി. സുബ്രഹ്മണ്യൻ, കെ.വി. പ്രകാശ്, വി.എ.ബാലകൃഷ്ണൻ ,വേണുഗോപാൽ കുനിയിൽ, ഡോ. ബിനു സചിവോത്തമപുരം തുടങ്ങിയവർ പ്രസംഗിച്ചു. ചർച്ചയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി രേഖ അംഗീകരിച്ചു.

ദളവാക്കുളവും നങ്ങേലി പ്പറമ്പും ചരിത്രസ്മാരകങ്ങളാക്കുക, വൈക്കം സത്യഗ്രഹത്തിലെ ധീരപോരാളികളായ ആമചാടി തേവനും കുഞ്ഞാപ്പിക്കും ഉചിതമായ സ്മാരകങ്ങൾ നിർമ്മിക്കുക, ഭൂസമരങ്ങൾ ശക്തിപ്പെടുത്തുക, 1950 ആഗസ്റ്റ് 10 ലെ പ്രസിഡൻഷ്യൽ ഉത്തരവിന്റെ 3-ാം ഖണ്ഡിക റദ്ദ് ചെയ്ത് ദലിത് ക്രൈസ്തവ-ഇസ്ലാം, പാഴ്സി ജനവിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതികമായി പട്ടികജാതി സംവരണം അനുവദിക്കുക, സ്വകാര്യ മേഖലയിലും സംവരണം നടപ്പാക്കുക, ആദിവാസി, ദലിത് വിഭാഗങ്ങളുടെ കടങ്ങൾ എഴുതിത്തള്ളുക, മുൻ രാജകുടുംബങ്ങൾക്കു നൽകുന്ന പണക്കിഴിയും സാമ്പത്തിക ആനുകൂല്യങ്ങളും നിർത്തുക, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനം PSC ക്ക് വിടുക എന്നീ പ്രമേയങ്ങളും കൺവൻഷൻ ചർച്ച ചെയ്ത് അംഗീകരിച്ചു.

അഡ്വ.പി.ഒ.ജോൺ, രാജഗോപാൽ വാകത്താനം, എം.കെ. ദാസൻ , ഡോ.എസ് സരിത് കുമാർ, പി വി ബഷീർ, എം.കെ.കൃഷ്ണൻ കുട്ടി, കെ.എസ് സിന്ധു, പി.എൻ. പ്രൊവിന്റ്, വേണുഗോപാൽ കുനിയിൽ, ജ്യോതി ബസു, രമേശ് അഞ്ചലശേരി, ബിനു സചിവോത്തമപുരം, ശശിക്കുട്ടൻ വാകത്താനം, ബാബു വൈക്കം എന്നിവർ അടങ്ങുന്ന ജാതി ഉന്മൂലന പ്രസ്ഥാനം സംസ്ഥാന ഏകോപന സമിതിയേയും സ്റ്റേറ്റ് കോർഡിനേറ്റർ ആയി എം.കെ.ദാസനേയും കൺവൻഷൻ തെരഞ്ഞെടുത്തു.

ശശിക്കുട്ടൻ വാകത്താനം കൃതജ്ഞത പറഞ്ഞു. കൺവൻഷനു ശേഷം പ്രതിനിധികൾ ജാതിവ്യവസ്ഥയ്ക്കെതിരെ മുദ്രാവാക്യങ്ങൾ മുഴക്കി ജെട്ടി മൈതാനിയിലേയ്ക്ക് പ്രകടനം നടത്തി. തുടർന്ന് ജെട്ടി മൈതാനിയിൽ ചേർന്ന വൈക്കം സത്യാഗ്രഹ സ്മൃതി സംഗമത്തിൽ ദേശീയ ദലിത് വിമോചന മുന്നണി ജനറൽ സെക്രട്ടറി അഡ്വ.പി.ഒ. ജോൺ അദ്ധ്യക്ഷത വഹിച്ചു. ജാതി ഉന്മൂലന പ്രസ്ഥാനം സംസ്ഥാന കോർഡിനേറ്റർ എം.കെ. ദാസൻ സ്വാഗതം പറഞ്ഞു. പ്രസിദ്ധ കവി കുരീപ്പുഴ ശ്രീകുമാർ സ്മൃതി സംഗമം ഉദ്ഘാടനം ചെയ്തു. CPI (ML) റെഡ് സ്റ്റാർ പി.ബി.അംഗം കെ.എൻ. രാമചന്ദ്രൻ, മുതിർന്ന ദലിത് ചിന്തകനും ആക്ടിവിസ്റ്റുമായ കെ.എം. സലിം കുമാർ , കേരളയുക്തിവാദി സംഘം സംസ്ഥാന നേതാവ് രാജഗോപാൽ വാകത്താനം എന്നിവർ പ്രസംഗിച്ചു.

# ദേശീയ പാത 66 നിർമ്മാണം
# ഇരകളാകുന്ന മനുഷ്യനും പ്രകൃതിയും

കാസർകോട് തിരുവനന്തപുരം ദേശീയ പാത 66 നിർമ്മാണം 45 മീറ്റർ വീതിയിൽ യുദ്ധകാലാടിസ്ഥാനത്തിൽ നടക്കുകയാണ്.കേരളം ദർശിച്ചിട്ടില്ലാത്ത ശക്തമായ വികസന പ്രവർത്തനമാണ് നടത്തുന്നത്.അതേസമയം മനുഷ്യനും പ്രകൃതിക്കും പരിസ്ഥിതിക്കും പരിക്കുകൾ.എന്നിട്ടും നേട്ടങ്ങൾ സംബന്ധിച്ച് വർണ്ണനകൾ നടത്തുന്നതിൽ ഭരണ വർഗ്ഗങ്ങൾക്കിടയിൽ മൽസരം. 2025 ഏപ്രിൽ മാസത്തിൽ ഉൽഘാടനം ചെയ്യപ്പെടും എന്ന് പറയുന്നതിലൂടെ, നേർത്ത എതിർപ്പ് പോലും ഇല്ല എന്ന് പ്രത്യേകം പ്രചരിപ്പിക്കുന്നത് ശ്രദ്ധേയമാണ്.ഭൂവടമകൾക്ക് പൊന്നിൻ വിലയും ഉയർന്ന നഷ്ടപരിഹാരവും നൽകി ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കിയതിന്റെ കൂടി ബലത്തിലാണിത്.

ആയിരക്കണക്കിന് ആളുകളാണ് കഷ്ടത അനുഭവിക്കുന്നത്.കച്ചവട സ്ഥാപനങ്ങൾ നഷ്ടപ്പെട്ടവർ, കിടപ്പാടം നഷ്ടപ്പെട്ടവർ, തൊഴിൽ നഷ്ടപ്പെട്ടവർ. ആയിരക്കണക്കിന് ഏക്കർ ചതുപ്പ് നിലങ്ങൾ നികത്തി. കുളങ്ങൾ കിണറുകൾ തോടുകൾ തണ്ണീർത്തടങ്ങൾ മണ്ണിട്ട് മൂടി. കുന്നുകൾ ഇടിച്ചു നിരത്തി. ചരിത്രത്തിലെ ഭീകരമായ അപവനവൽകരണം. പ്രകൃതിയും മനുഷ്യനും ഇതെല്ലാം അനുഭവിച്ചു തുടങ്ങി. പാതയുടെ ഇരുപുറവും കുടിവെള്ള ക്ഷാമം രൂക്ഷമാണ്. ആവശ്യമായ തയ്യാറെടുപ്പുകൾ, മുൻകരുതലുകൾ എടുക്കണം. എവിടെ കലുങ്ക്, എവിടെ അണ്ടർ പാസ്, എവിടെ ഹൈവേ പ്രവേശം എന്നിവയും പ്രാദേശിക ഭരണകൂടങ്ങളുടെ ഭാഗത്തുനിന്ന് ഇടപെടൽ നടത്താൻ കഴിയണം. ഒറ്റപ്പെട്ട ഇടപെടലോ റിപ്പോർട്ടോ പരാതിയോ കണ്ടെത്താൻ കഴിഞ്ഞേക്കും. അത് പോര പ്രാദേശിക ഭരണകൂടങ്ങളുടെ ഭാഗത്തുനിന്ന് ആസൂത്രിതവും സംഘടിതവും സുതാര്യവുമായ ഇടപെടൽ നടത്താൻ കഴിയണം. ജനകീയമായ മോണിറ്ററിങ്ങും സമ്മർദ്ദവും ഉയരണം.

ദേശീയ പാത 66 നിർമ്മാണം അത് കടന്നു പോകുന്ന ഇടങ്ങളിൽ ആദിവാസി ദളിത് മൽസ്യ തൊഴിലാളികൾ സ്ത്രീകൾ തുടങ്ങിയവരുടെ ജീവിതത്തിൽ ബാധിച്ചു തുടങ്ങി.ഇരകളാകുന്നവരുടെ മാനസികവും ശാരീരികവുമായ ആരോഗ്യത്തിന് ഉറപ്പു നൽകി, സാംസ്കാരിക പരാധീനതകൾ അഡ്രസ് ചെയ്തു രംഗത്ത് വരണം.ഇപ്പോൾതന്നെ അടിയിലും മുകളിലും ചൂട്. തൊഴിൽ വകുപ്പ് തൊഴിൽ സമയം പുനക്രമീകരിച്ചു ഉത്തരവ് പുറപ്പെടുവിച്ചു എന്നിരുന്നാലും ഹൈവേ നിർമാണത്തിൽ ഇതൊന്നും പാലിക്കപ്പെടുന്നില്ല.

ഏതായാലും വികസനം പൊതുവേ ജനങ്ങൾക്ക് നേട്ടമാണ് എന്നത് കേവലമായ അറിവാണ്.എന്നാൽ വികസനത്തിന് രാഷ്ട്രീയമില്ല എന്ന തരത്തിൽ ചങ്ങാത്ത മുതലാളിത്ത വ്യവസ്ഥയിൽ കോർപ്പറേറ്റ് ഉദ്യോഗസ്ഥമേധാവിത്ത റിയൽ എസ്റ്റേറ്റ് ക്രിമിനൽ മാഫിയ അഴിഞ്ഞാട്ടമായി വികസനം നിസ്സഹായരാക്കുന്ന ജീവിതങ്ങൾ സംരക്ഷിക്കാൻ നടപടി സ്വീകരിക്കണമെന്ന് നമുക്കു ആവശ്യപ്പെടാം.തീർച്ചയായും ഇക്കാര്യത്തിൽ രണ്ടു പക്ഷമുണ്ട്. പിണറായി സർക്കാർ എല്ലാം ശാസ്ത്രീയമായി ജനാധിപത്യപരമായി ചെയ്യുമെന്ന പൊതുബോധവും ഇടപെടൽ ഉണ്ടായില്ലെങ്കിൽ ആരും അന്വേഷിച്ചിക്കില്ല എന്ന അനുഭവവും. വിദഗ്ദരും ജനങ്ങളും ഇത്തരത്തിൽ ചേരിതിരിഞ്ഞ് നിൽക്കുന്ന അവസ്ഥയുണ്ട്. സമൂഹത്തിന്റെ നാനാ അടരുകളിൽ അസമമായിട്ടുള്ള വികസനത്തിൽ കേരളത്തിൽ അസംതൃപ്തി പുകയുന്നുണ്ട്. ദേശീയ പാത 66 നിർമ്മാണം ഉണ്ടാക്കുന്ന ആഘാതങ്ങളും ദുരന്തങ്ങളും അഡ്രസ് ചെയ്തു എന്ന് ഉറപ്പു വരുത്താൻ, പരിഹരിക്കാൻ നടപടി ഉണ്ടാകണം.ഇതൊന്നും മുഖം മിനുക്കി ചെടി നട്ട് ചെണ്ട കൊട്ടി മറച്ചു വെക്കാൻ കഴിയില്ല. വികസനത്തിന്റെ ഇരകൾ അനുഭവിച്ചു കൊണ്ടിരിക്കുന്ന വേദനാജനകമായ അവസ്ഥയെ തൊട്ടറിയുന്ന വ്യവഹാരങ്ങൾ ഉണ്ടാവണം. ഒരു പ്രശ്നവും കാണാതെ പോകരുത്. വികസന എഞ്ചിൻ യുദ്ധഭൂമിയിൽ എന്ന പോലെ കടന്നു കയറുമ്പോഴും ഇടപെടാനും പരിഹാരം കണ്ടെത്താനും പ്രാദേശിക ഭരണകൂടങ്ങളുടെ നിതാന്ത ജാഗ്രത ആവശ്യപ്പെടണം.

# കൊച്ചിയിലെ ജനങ്ങളെ രാസവിഷപ്പുക ശ്വസിപ്പിക്കുന്ന കോർപ്പറേഷന്റെയും സർക്കാരിന്റെയും കുറ്റകരമായ അനാസ്ഥയ്ക്കെതിരെ 48 മണിക്കൂർ പ്രതിഷേധ ധർണ്ണ

ബ്രഹ്മപുരം തീ പിടുത്തം: സമഗ്രമായ അന്വേഷണം നടത്തി കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കുക, കരാറിനു പിന്നിലെ അഴിമതിയും ക്രമക്കേടും പുറത്തു കൊണ്ടു വരിക., രാസവിഷപ്പുക കാരണം രോഗബാധിതരായവർക്ക് സൗജന്യ ചികിത്സ ഉറപ്പാക്കുക, ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുക, നഷ്ടപരിഹാരം കരാറുകാരനിൽ നിന്നു് ഈടാക്കുക, പ്രതിദിന വായു ജല മലിനീകരണ തോത് ജനങ്ങളെ അറിയിക്കുക. എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് മൂന്നു ദിവങ്ങളിലായി സി.പി.ഐ (എം എൽ ) റെഡ് സ്റ്റാർ സംസ്ഥാനകമ്മിറ്റിയുടെ നേതൃത്വത്തിൽ ധർണ്ണ നടത്തി.

ബ്രഹ്മപുരം മാലിന്യ പ്ലാന്റിലെ തീപ്പിടുത്തത്തെ തുടർന്ന് ഇത്രയും ദിവസങ്ങളായിട്ടും കൊച്ചി നഗരത്തിലെ ജനങ്ങൾ, ഡയോക്സിൻ, മീഥൈൽ അടക്കമുള്ള വിഷപ്പുകയിൽ നീറുകയാണ്.അന്തരീക്ഷ മലിനീകരണത്തിന്റെ തോത് 300 മടങ്ങിലധികം ഉയർന്നിരിക്കുന്നു. ജീവവായുവിലെ രാസഘടകങ്ങൾ ജനങ്ങൾക്ക് ശ്വാസതടസ്സം, ചുമ, നെഞ്ചിലെ അസ്വസ്ഥതകൾ, കഫക്കെട്ട്,, നെഞ്ചുവേദന, തലകറക്കം, എന്നിവ സൃഷ്ടിച്ചു കൊണ്ടിരിക്കുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തുമ്പോഴുണ്ടാകുന്ന ഫോസ്ജിൻ വാതകം ശ്വസിക്കേണ്ടി വരുന്നതു ദീർഘകാലാടിസ്ഥാനത്തിൽ മാരകമായ ശ്വാസകോശ രോഗങ്ങൾക്കിടയാക്കും. പക്ഷെ ഭരണകൂടം ഇപ്പൊഴും അനങ്ങാപ്പാറ നയമാണ് ഇക്കാര്യത്തിൽ സ്വീകരിക്കുന്നത്.


ഇതൊരു മനുഷ്യ നിർമ്മിത ദുരന്തമാണ്. ഇതിന്റെ കാരണം എന്തായാലും പുറത്തു വരേണ്ടതുണ്ട്. അഴിമതിയും കെടുകാര്യസ്ഥതയും ഉൾപ്പെടെയുള്ള കാര്യങ്ങൾ അന്വേഷണ വിധേയമാകണം, ശിക്ഷ ഉറപ്പാക്കണം. രാഷ്ട്രീയമായ ഇടപെടലുകളും രക്ഷപ്പെടുത്തലുകളും ഒരിക്കലും അംഗീകരിക്കാനാവില്ല.

1984 ൽ ഭോപ്പാലിൽ യൂണിയൻ കാർബൈഡ് കമ്പനിയിൽ നിന്ന് ചോർന്ന മീഥൈൽ ഐസോസയനൈറ്റ് എന്ന മാരക വിഷവാതക കൂട്ടക്കൊലക്ക് സമാനമായ വിഷവാതക പുകയാണ് കൊച്ചിയെ വിഴുങ്ങിയിരിക്കുന്നതു്. വിഷവാതകത്താൽ ഒരു മരണം സ്ഥിരീകരിക്കപ്പെട്ടു കഴിഞ്ഞു. ബ്രഹ്മപുരത്ത് നിന്ന് ജനങ്ങൾ വീട് വിട്ട് പോകുന്ന അവസ്ഥയാണ്.

ജനങ്ങൾ അനാവശ്യമായി പുറത്തിറങ്ങരുത്, പുറത്തിറങ്ങുന്നവർ എൻ. 95 മാസ്ക് ധരിക്കുക, വീടുകളുടെ ജനലുകളും വാതിലുകളും അടച്ചിടുക തുടങ്ങിയ മുന്നറിയിപ്പുകൾ നൽകുന്നതിനപ്പുറം പ്രതിരോധ രക്ഷാ പ്രവർത്തനങ്ങൾ അടിയന്തിരമായി ശക്തിപ്പെടുത്തുകയാണ് അധികാരികൾ ചെയ്യേണ്ടത്. മാലിന്യ സംസ്കരണ കരാറുകാർക്കും കമ്പനിക്കും തീപ്പിടുത്തത്തിലുള്ള പങ്കെന്താണെന്ന് കണ്ടെത്തി കുറ്റവാളികളെ ജനമദ്ധ്യത്തിൽ കൊണ്ടു വരണം. കോർപറേഷൻ ഭരണാധികാരി കൾക്കുള്ള പങ്കെന്താണെന്നതും അന്വഷണത്തിലുൾപ്പെടുത്തണം. വിഷപ്പുക കാരണം രോഗബാധിതരായവർക്ക് സൗജന്യ ചികിത്സയും ദുരിതബാധിതർക്ക് അർഹമായ നഷ്ടപരിഹാരവും നൽകണം.ജനങ്ങളുടെ ജീവന് വില കൽപ്പിക്കാത്ത സർക്കാർ ധാർഷ്ട്യത്തിനെതിരെ ശക്തമായ പ്രതിഷേധം ഉയർത്താൻ മുഴുവൻ പുരോഗമന ശക്തികളും രംഗത്തിറങ്ങണം. എന്നാവശ്യപ്പെട്ട് മാർച്ച് 15, 16, 17 തീയ്യതികളിലായി എറണാകുളം ഹൈക്കോർട്ട് ജങ്ങ്ഷനിൽ 48 മണിക്കൂർ പ്രതിഷേധ ധർണ്ണ നടത്തി. സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം സ:ടി.സി. സുബ്രഹ്മണ്യന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ച ധർണ്ണ കേന്ദ്രകമ്മിറ്റി അംഗം സ.എം.കെ. ദാസൻ ഉൽഘാടനം ചെയ്തു. സ.കെ.ശിവരാമൻ, സ.കെ.എസ് സിന്ധു , സ.രാജേഷ് അപ്പാട്ട്, സ. എൻ.ഡി. വേണു. സ. അഖിൽ കുമാർ എന്നിവർ സംസാരിച്ചു.

സമാപന സമ്മേളനം പി.പി.എഫ് കൺവീനർ ബാബുജി ഉൽഘാടനം ചെയ്തു. കേന്ദ്രകമ്മിറ്റി അംഗം സ.പി.എൻ. പ്രോവിന്റ്, പാർട്ടി സംസ്ഥാന സെക്രട്ടറി സ.എം.പി.കുഞ്ഞിക്കണാരൻ ,എം.ബി ജയഘോഷ്, തുടങ്ങിയവർ അഭിവാദ്യം ചെയ്തു.

# ഭഗത് സിംഗ് രക്തസാക്ഷി ദിനം



മാർച്ച് 24. ജാതി ഉന്മൂലന പ്രസ്ഥാനവും റവല്യൂഷണറി കൾച്ചറൽ ഫോറവും (കസം) മാർച്ച് 23 ന് റായ്പൂർ ജില്ലയിലെ ഡെവലപ്മെന്റ് ബ്ലോക്കിലെ അഭാൻപൂരിലെ ഗ്രാമപഞ്ചായത്ത് ഭവൻ ഗതാപറിൽ ഭഗത് സിംഗ് രക്തസാക്ഷി ദിനം സംഘടിപ്പിച്ചു. ഷഹീദ് ഭഗത് സിംഗ്, രാജ്ഗുരു, സുഖ്ദേവ്, രക്തസാക്ഷി കവി അവതാർ 1988-ലെ ഖാലിസ്ഥാൻ പ്രസ്ഥാനത്തിന്റെ കാലത്തും സിംഗ് പാഷിനെ അനുസ്മരിച്ചു. കസമിന്റെ ജനറൽ സെക്രട്ടറി തുഹിൻ മുഖ്യ പ്രഭാഷകനായി 'ശഹീദ് ഭഗത് സിംഗിന്റെയും വർത്തമാന ഇന്ത്യയുടെയും ത്യാഗം' എന്ന തന്റെ കത്ത് അവതരിപ്പിച്ചു, ഷഹീദ് ഭഗത് സിംഗ് ജീവിച്ചിരുന്നെങ്കിൽ ഇന്ന് ഭരിക്കുന്ന സംഘിയാണെന്ന് പറഞ്ഞു. ജനങ്ങളുടെ ശത്രുക്കളായ അദാനി അംബാനിയെപ്പോലുള്ള കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ ഏജന്റുമാരായ മനുവാദി ഫാസിസ്റ്റുകൾ അദ്ദേഹത്തിന്റെ വിപ്ലവ ആശയങ്ങളെ ഭയന്ന് അദ്ദേഹത്തെ രാജ്യദ്രോഹിയെന്ന് വിളിച്ച് ജയിലിൽ അടയ്ക്കുമായിരുന്നു. സിപിഐ (എംഎൽ) റെഡ് സ്റ്റാർ സംസ്ഥാന സെക്രട്ടറി സഖാവ് സൗര, മോർച്ചയുടെ ജനസംഘർഷ് കൺവീനർ സ. പ്രസാദ് റാവു, മനുഷ്യാവകാശ പ്രവർത്തക മോണിക്ക സിംഗ്, ഓൾ ഇന്ത്യ റെവല്യൂഷണറി വിമൻസ് ഓർഗനൈസേഷൻ (എഐആർഡബ്ല്യുഒ) സംസ്ഥാന കമ്മിറ്റി അംഗം സ. ഖേംലത, ഗ്രാമപഞ്ചായത്ത് സർപഞ്ച് ബസന്ത് കോസാരി, ഗുരു ഘാസിദാസ് അക്കാദമിയിലെ തികേന്ദ്ര ബാഗേൽ, സ. ഹേമന്ത്, സംസ്ഥാനം ജാതി ഉന്മൂലന പ്രസ്ഥാനത്തിന്റെ കമ്മറ്റി അംഗം, ടിയുസിഐ വൈസ് പ്രസിഡന്റ് സഖാവ് ഭരത് ഭൂഷൺ, മനുഷ്യാവകാശ പ്രവർത്തകൻ ശോഭറാം ഗിൽഹാരെ എന്നിവർ അഭിവാദ്യ പ്രസംഗം നടത്തി. ഖേംരാജ് സിൻഹ മാസ് ഗാനം അവതരിപ്പിച്ചു. എഐകെകെഎസ് അഖിലേന്ത്യാ സെക്രട്ടറി സഖാവ് തേജ്റാം വിദ്രോഹി ഉദ്ഘാടനം ചെയ്തു. ഫാസിസ്റ്റ് ആർഎസ്എസ് വിഷ വിദ്വേഷവും ഭിന്നിപ്പിക്കുന്ന രാഷ്ട്രീയവും യോഗത്തിൽ സംഘപരിവാർ ഛത്തീസ്ഗഡിന് കീഴിൽ വരാനിരിക്കുന്ന വിധാൻസഭാ തിരഞ്ഞെടുപ്പ് കണക്കിലെടുത്ത്, കലാപകാരികളായ സന്ത് സമാഗം/പദയാത്രയെ ശക്തമായി അപലപിക്കുകയും ഇതിനെതിരെ പൊതുജന ബോധവൽക്കരണ കാമ്പയിൻ നടത്താനും തീരുമാനിച്ചു..

വിപ്ലവ സ്വപ്നങ്ങൾ മരണം വരെ ഹൃദയത്തിലേറ്റിയ യുവത്വത്തിന്റെ പ്രതീകമായിരുന്ന ഷഹീദ് ഭഗത് സിങ്ങിന്റെ ജീവിതമെന്ന് പ്രഭാഷകർ പറഞ്ഞു.അനീതിയിൽ അധിഷ്ഠിതമായ ഇന്നത്തെ വ്യവസ്ഥിതി മാറ്റുകയാണ് വിപ്ലവത്തിലൂടെ ഞങ്ങളുടെ ഉദ്ദേശമെന്ന് ഷഹീദ് ഭഗത് സിംഗ് വ്യക്തമായ ഭാഷയിൽ പറഞ്ഞിരുന്നു. അതിനാൽ, സംഘി മനുവാദി ഫാസിസ്റ്റ് ശക്തികളുടെയും കോർപ്പറേറ്റ് സ്ഥാപനങ്ങളുടെയും അവിശുദ്ധ കൂട്ടുകെട്ടിനെ പിഴുതെറിയാൻ ഷഹീദ് ഭഗത് സിങ്ങിന്റെ പാതയിൽ പൊതുശത്രുവിനെതിരെ വിദ്യാർത്ഥികളും യുവജന സമൂഹവും അണിനിരക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.രക്തസാക്ഷികൾക്കായി സ്വപ്നം കണ്ട ഇന്ത്യ, ഒരു ചൂഷണം കുറയ്ക്കുക, സമത്വവാദം ജാതിരഹിതവും യഥാർത്ഥ മതേതരവും ശാസ്ത്രീയ ചിന്തയും ലിംഗ സമത്വവും അടിസ്ഥാനമാക്കിയുള്ള ഒരു ഇന്ത്യ കെട്ടിപ്പടുക്കുക, എന്ന ലക്ഷ്യത്തോടെ മുന്നേറാൻ ആഹ്വാനം ചെയ്തു. അഭൻപൂർ മേഖലയിലെ പൊതു സംഘടനകളുമായി ബന്ധപ്പെട്ട നിരവധി യുവാക്കളും യുവതികളും പരിപാടിയിൽ പങ്കെടുത്തു.

# മാർച്ച് 14
# ചൂതാട്ട വിരുദ്ധ സമരത്തിൽ കൊലചെയ്യപ്പെട്ട സ. രമേശൻ രക്തസാക്ഷി ദിനം

1981 മാർച്ച് 14-ന് കണ്ണൂർ എക്സിബിഷൻ ഹാളിൽ ചൂതാട്ടത്തിനെതിരെ ജനകീയ സാംസ്കാരിക വേദിയുടെ നേതൃത്വത്തിൽ നടന്ന സമരത്തിൽ ചൂതാട്ടമുതലാളിമാരുടെ ഗുണ്ടകളാൽ കൊലചെയ്യപ്പെട്ട സഖാവ് രമേശന്റെ രക്തസാക്ഷി ദിനം. 1980 കളിലെ കേരളീയ ജീവിതത്തിൽ ജനകീയ സാംസ്കാരിക വേദി സാംസ്കാരിക പ്രബുദ്ധതയുടേയും ചിന്തയുടേയും വിപ്ലവ ബോധത്തിന്റെയും പുതിയൊരുലോകം തുറന്നു വിടുകയുണ്ടായി അനീതിയുടെ പർവ്വതങ്ങളെ കീഴടക്കാനുറച്ച പോരാട്ട വീര്യവും രാഷ്ട്രീയ ബോധവും പ്രത്യയശാസ്ത്ര നിലപാടും ആ കാലത്തിന്റെ കരുത്തായിരുന്നു. അത്തരമൊരു ചരിത്ര ഘട്ടത്തെ ഗൃഹാതുരമായി ഓർമ്മിക്കുകയല്ല മറിച്ച് അത് മുന്നോട്ടുവെച്ച രാഷ്ട്രീയ സാംസ്കാരിക നിലപാടുകളെ പുതിയ കാലത്തോട് ബന്ധിപ്പിക്കുകയും നവമുതലാളിത്തത്തിന്റെ ചൂതാട്ട സ്വഭാവത്തെ സൂക്ഷ്മാർത്ഥത്തിൽ മനസ്സിലാക്കിക്കൊണ്ട് രാഷ്ട്രീയമായും സാംസ്കാരികമായും അതിനെ നേരിടുകയും ചെയ്യുക എന്നതാണ് വർത്തമാനകാലത്തിലെ സാംസ്കാരിക പ്രസ്ഥാനങ്ങളുടെ ചരിത്രപരമായ ഉത്തരവാദിത്തം എന്നു കൾച്ചറൽ ഫോറം വില യിരുത്തുന്നു. ചങ്ങാത്ത മുതലാളിത്തമെന്നറിയപ്പെടുന്ന നാം കടന്നുപോകുന്ന ഊഹ മുതലാളിത്തത്തിന്റെയും കോർപ്പറേറ്റ് സമ്പദ് വ്യവഹാരങ്ങളുടേയും ഇക്കാലത്ത് സഖാവ് രമേശനെ പോലുള്ള ഒരു രക്തസാക്ഷി കഴിഞ്ഞ നാളുകളുടെ തീ പാറുന്ന ഓർമ്മ മാത്രമല്ല ഇന്നിന്റെ പോരാട്ടങ്ങളുടെ കരു ത്താർന്ന മാതൃക കൂടിയാണെന്നും കൾച്ചറൽ ഫോറം നോക്കിക്കാണുന്നു.

സഖാവ് രമേശന്റെ രക്തസാക്ഷി അനുസ്മരണവും 'ചങ്ങാത്ത മുതലാളിത്ത കാലത്തെ സാംസ്കാരിക പ്രതിരോധം' എന്ന വിഷയത്തിൽ ഒരു ചർച്ചയും 2023 മാർച്ച് 14ന് വൈകു 4 മണിക്ക് നടന്നു.

# സി.പി.ഐ എം.എൽ റെഡ് സ്റ്റാർ സെൻട്രൽ പാർട്ടി സ്കൂൾ

സെൻട്രൽ പാർട്ടി സ്കൂൾ 2023 ഏപ്രിൽ 1 മുതൽ 4 വരെ നടക്കുന്ന കേന്ദ്ര കമ്മിറ്റി യോഗത്തിന് ശേഷം ഏപ്രിൽ 5, 6 തീയതികളിൽ തമിഴ്നാട്ടിലെ കോയമ്പത്തൂരിൽ നടന്നു.സെൻട്രൽ പാർട്ടി സ്കൂൾ 2023-ന് രണ്ട് പേപ്പറുകൾ അവതരിപ്പിച്ചു.: 1) സഖാവ് കെ എൻ രാമചന്ദ്രൻ : പാർട്ടി കെട്ടിപ്പെടുക്കുന്നതിനെക്കുറിച്ച് . 2) സഖാവ് പി ജെ ജെയിംസ് സിപിഐ (എംഎൽ) റെഡ് സ്റ്റാറിന്റെ പ്രത്യയശാസ്ത്ര-രാഷ്ട്രീയ രേഖയെക്കുറിച്ച്'. എന്നീ വിഷയങ്ങൾ അവതരിപ്പിച്ചു.സിപിഐ (എംഎൽ) റെഡ് സ്റ്റാർ പാർട്ടി സ്കൂൾ 2023 സംസ്ഥാന തലങ്ങളിലും ജില്ലാ തലങ്ങളിലും തുടരും, ഈ വിഷയങ്ങളോടൊപ്പം സംസ്ഥാനങ്ങളുടെ നിർദ്ദിഷ്ട പേപ്പറുകൾ ഉൾപ്പെടുത്തി കൊണ്ടായിരിക്കും സംസ്ഥാന പാർട്ടി സ്കൂൾ.

**♦ കൊച്ചിൻ കോർപ്പറേഷന്റെ തൊഴിലാളിദ്രോഹനയങ്ങൾക്കെതിരെ അണിനിരക്കുക**

**♦ വർഷങ്ങളായി തൊഴിൽ ചെയ്യുന്ന മാലിന്യശേഖരണതൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുക.**

**♦ ഹരിതകർമ്മസേന.യുടെ മറവിൽ മാലിന്യശേഖരണം സ്വകാര്യകുത്തകകളെ ഏൽപ്പിക്കാനുള്ള നടപടി അവസാനിപ്പിക്കുക.**

**♦ തൊഴിലാളികളുടെ വേതനം ഇടനിലക്കാരെ ഏൽപ്പിക്കാനുള്ള കള്ളക്കളി അവസാനിപ്പിക്കുക.**

**♦ മലിനീകരണ നിയന്ത്രണബോർഡ് ചുമത്തിയ 100 കോടി രൂപ യൂസർഫീയായി ജനങ്ങളിൽ നിന്നും പിരിക്കാനുള്ള ഗൂഢനീക്കത്തെ ചെറുക്കുക.**

## ഏപ്രിൽ 10
## കോർപ്പറേഷൻ ഓഫീസ്മാർച്ചും ധർണ്ണയും വിജയിപ്പിക്കുക